www.malankaralibrary.com

# മണിവിളക്ക്

ലക്കം 2 www.manivilaku.com ഫെബ്രുവരി 2024



www.malankaralibrary.com

മണിവിളക്ക്

ലക്കം 1 |ഫെബ്രുവരി 2024| Private Circulation

A complete Digital Magazine.

Inspiration
Rev .FR ABAHAM KADAMALA

Managing Editor and Published by
TOJO P THOMAS
Parankammoottil H Valakuzhi. PO,
Vennikulam, Pathanamthitta, and
Mr. BIJU GEEVARGHESE KIDANGIL.
Phone: 9947825254.

copyright @
manivilaku.com
Email : editor@manivilaku.com
Phone: 9947825254.

Cover and layout Design
SA SOLUTIONS
Malamukal, Trivandrum -13
sasolution19@gmail.com
9746008226

# ഉള്ളടക്കം


എഡിറ്റോറിയൽ 3
ആശംസ 4
മദ്‌റോശോ 5,29
മരിച്ചവരെ ഓർത്തുകൊണ്ട് വലിയ നോമ്പിലേക്ക് പ്രവേശിക്കാം 11
അപരനിലേക്ക് നയിക്കുന്ന നോമ്പാചരണം 13
വാടാമുൾ ചെടിയുടെ തണലിന്റെ ആലസ്യം 17
മലങ്കര സഭ ചരിത്രം 19
വന്ദ്യനായ ധർമ്മരാജ് അച്ചൻ എന്റെ ഓർമയിൽ 21
മലയോര ഗ്രാമത്തിലേക്ക് കാഷായ വസ്ത്രത്തിന്റെ
സ്നേഹം കൊണ്ടുവന്ന സന്ന്യാസി 24
ഓർമയിൽ 27
അറിഞ്ഞിരിക്കാം 36
മന്നാ 37
എഫാത്ത 39
യുവജന സംഘടനകൾ എന്താണ്? എന്തിനാണ്? 40
അയോദ്ധ്യ ഒരു മുന്നറിയിപ്പാണോ 42
ലീഗൽ 44
കവിത 46
ഹെൽത്ത് 47
കചടതപ 49
തനിയെ ഒരാൾ 50

www.malankaralibrary.com

# എഡിറ്റോറിയൽ

ശരീരവും മനസും ശുദ്ധീകരിച്ച് കാൽവരിപ്പാതയിലൂടെ ഉയർപ്പിലേക്കുള്ള യാത്രയാകുകയാണ് നാം ഈ മാസത്തിലൂടെ... ഭക്ഷണത്തോടുള്ള അമിതാവേശത്തിലും സാത്താന്റെ പ്രലോഭനങ്ങളിലും അകപ്പെട്ട ആദാമിൽ നിന്നാണ് ആദ്യപാപം ലോകത്തിലേക്കു പ്രവേശിച്ചതെങ്കിൽ; മിശിഹാ തന്റെ ഉപവാസത്തിനു ശേഷം സാത്താന്റെ പ്രലോഭനങ്ങങ്ങളെ അതിജീവിച്ചു ആദാമിന്റെ ആദ്യപാപത്തിന്മേൽ എന്നെന്നേക്കുമായി വിജയം നേടുകയായിരുന്നു.

കാൽവരി മലയിലേക്കൂള്ള ദൂരം സഞ്ചരിക്കാനുള്ള ഊർജ്ജം നമുക്ക്  ഈ വലിയ നോമ്പിൽ നിന്ന് ആർജ്ജിയ്ക്കാം. കുരിശ് വഹിച്ചുംകൊണ്ട് ഇടറിയ കാലടിയോടെ രക്തം ഒഴുകുന്ന ശരീരത്തിൽ വീഴുന്ന ചാട്ടവാറടികൾ സഹിച്ച് സഹനത്തിന്റെ കാൽവരിയിലേക്ക് നടന്ന നമ്മുടെ രക്ഷകന്റെ പാതകളെ പിന്തുടരാൻ നമുക്ക് ശ്രമിയ്ക്കാം.

കാൽവരിയിലേക്കുള്ള യാത്ര എന്നു പറയുന്നത് വളരെ വേദന നിറഞ്ഞതാണ്. സഹനം മാത്രമല്ല നമുക്ക് കാൽവരിയിൽ കാണാൻ കഴിയുന്നത്. അവിടെ ക്ഷമയും, കരുതലും, പ്രത്യാശയും, പാപപരിഹാര വുമൊക്കെ നമുക്ക് കാണാൻ കഴിയും. തന്നെ ദ്രോഹിച്ചവർക്ക് വേണ്ടി പിതാവിനോട് ക്ഷമ ചോദിക്കുന്ന ക്രിസ്തുവിനെ നമുക്ക് കാൽവരിയിൽ കാണാം.

"ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു" എന്നു പറഞ്ഞ് കള്ളന് പ്രത്യാശ നൽകുന്നുണ്ട്. അമ്മയെ ശിഷ്യനെ ഏൽപ്പിക്കുന്ന കരുതലും നമുക്ക് കാൽവരിയിൽ കാണാൻ കഴിയുന്നുണ്ട്. ഈ ജീവിത അനുഭവങ്ങളൊക്കെയും നമുക്കും നമ്മുടെ ജീവിതത്തിൽ കൊണ്ടുവരാൻ ശ്രമിയ്ക്കാം. കാൽവരിയിലെ മരണം അല്ല  ഉയർപ്പാണ് ഒരു ക്രിസ്ത്യാനിയുടെ പ്രത്യാശ. ആ പ്രത്യാശയിലേക്കാണ് ഈ നോമ്പ് നമ്മളെ കൊണ്ടു പോകേണ്ടത്.

ക്രിസ്തുവിന്റെ ജീവിത സന്ദേശം നമ്മുടെ ജീവിതത്തിൽ പകർത്താൻ കൂടി കഴിയണം. അതിനു ഈ വലിയ നോമ്പ് നമ്മളെ സഹായിക്കട്ടെ. നാൽപതു ദിവസം ഉപവസിച്ച് സാത്താനെ ജയിച്ച് പരസ്യ ശുശ്രൂഷകളിൽ കൂടി ജനങ്ങളോടൊപ്പം ജീവിച്ച് കാൽവരിയിലേക്ക് കുരിശ് വഹിച്ച് നമുക്കായി യാഗമായി തീർന്ന ദൈവപുത്രന്റെ ബലിയിലും ഉയർത്തെഴുന്നേൽപ്പിലും പങ്കാളികൾ ആകാൻ വലിയ നോമ്പിൽ കൂടി നമുക്ക് കഴിയണം. വർഷങ്ങളായി ക്രൂശിൽ തറയ്ക്കപ്പെട്ട ക്രിസ്തു മാത്രമാണോ നമ്മുടെ ഹൃദയങ്ങളിൽ ഉള്ളത്? ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ സ്വീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്നുള്ള ചിന്തകൾ കൂടി ഈ നോമ്പുകാലയളവിൽ നമുക്ക് ഉണ്ടാവണം.

നമ്മൾ പിന്തുടർന്ന കഴിഞ്ഞ കാല ജീവിത ചെയ്തികളെ ഒന്ന്  പുനപരിശോധിക്കുന്നതിനും എവിടെയാണ് തെറ്റുകൾ സംഭവിച്ചിരിക്കുന്നതെന്നു മനസ്സിലാക്കി ഉപേക്ഷിക്കേണ്ടതിനെ ഉപേക്ഷിക്കുന്നതിനും സ്വീകരിക്കേണ്ടതിനെ സ്വീകരിക്കുന്നതിനുമുള്ള ഒരവസരമായി വരും ദിവസങ്ങളിലെ നോമ്പാചരണം മുഖാന്തരമായി തീരട്ടെ എന്ന് ആശംസിക്കുന്നു. ജനുവരി മാഗസിന് നിങ്ങൾ തന്ന എല്ലാ പിന്തുണക്കും നിർദേശങ്ങൾക്കും അഭിനന്ദനങ്ങൾക്കും നന്ദി അറിയിച്ചു കൊള്ളുന്നു .

സ്നേഹത്തോടെ

റ്റോജോ പി തോമസ് *Editor*



www.malankaralibrary.com

# മംഗളാശംസകളോടെ...

'മണിവിളക്ക്' എന്ന പേരിൽ ക്രൈസ്തവ ആത്മീയ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ നിങ്ങൾക്കേവർക്കുമുള്ള സന്തോഷത്തിലും ആഹ്ലാദത്തിലും ഞാനും കൂടുന്നു. മനുഷ്യൻ സമസ്ത മേഖലകളിലും ശാസ്ത്ര പുരോഗതി നേടിയെങ്കിലും ആപൽഘട്ടങ്ങളിൽ ദൈവത്തോട് ചേർന്ന് നിൽക്കാൻ ഇപ്പോഴും അവൻ ശ്രമിക്കുന്നുണ്ട് എന്ന കാര്യം നാം കണ്ണ് തുറന്ന് കാണേണ്ടതുണ്ട്. ആർക്കും അകറ്റി അകറ്റി നിർത്താൻ കഴിയാത്ത ഉൾവിളിയായും ഉൾശക്തിയായും ദൈവീകതയും ആത്മീയതയും എപ്പോഴും നമ്മുടെ അകതാരുകളിലുണ്ട്. ഈ മനുഷ്യചോദനയ്ക്ക് ശരിയായ വെളിച്ചം നൽകാനും ദുഷ്ടപാപ ചിന്തകളെ നമ്മളിൽ നിന്നും ആട്ടിപ്പായിക്കാനും നമുക്ക് എല്ലാവർക്കും സമനസ്സുകൾ ഉണ്ടാകാനും സദ്ജീവിതങ്ങൾ നയിക്കുവാനും ഉതകുന്ന അക്ഷരാർച്ചനകൾ കൊണ്ട് സമ്പന്നമാകട്ടെ, ദീപ്തമാകട്ടെ ഈ 'മണിവിളക്ക്'. ഇടയരും വിശ്വാസികളും കുട്ടികളും എല്ലാം 'മണിവിളക്കിൽ' അവരുടെ ആത്മീയ സർഗ്ഗ വൈഭവങ്ങൾ കൊണ്ട് ദീപം പകരട്ടെ എന്നുള്ള നിറമനസ്സോടെയുള്ള ആശംസകൾക്കും പ്രാർത്ഥനകൾക്കുമൊപ്പം ഈ ഉദ്യമത്തിന്റെ പിന്നണിയിലുള്ളവർക്ക് വിജയാശംസകൾ നേർന്നുകൊണ്ട്

**ഡോ.മാത്യു കുഴൽനാടൻ**

എം ൽ എ മുവാറ്റുപുഴ



www.malankaralibrary.com

# ܡܕܪܫܐ
# മദ്‌റോശോ

2024 ഫെബ്രുവരി 2

**മായൽ തോ**
**നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനം**

(ലൂക്കാ. 2: 22 - 24)



റവ.ഫാ.
എബ്രഹാം കാടമല

നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളുടെ ഓർമ്മ ആചരിക്കുന്നതിനെ നാം മാറാനായ പെരുനാൾ എന്നു വിളിക്കുന്നു. അവയെല്ലാം തന്നെ ഞായറാഴ്ച പോലെ പ്രാധാന്യത്തോടെ ആഘോഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. ഈ വർഷം മായൽത്തോ പെരുനാൾ വെള്ളിയാഴ്ചയാണ് വന്നിരിക്കുന്നത്. വളരെ പ്രാധാന്യത്തോടെ നാം അതിനെ കാണണം. നിഷ്കളങ്കരായ ഏതൊരാൾക്കും ദൈവാലയം ഒരാകർഷണ കേന്ദ്രമായിരിക്കും. സങ്കീർത്തകൻ പാടുന്നത് ശ്രദ്ധിക്കുക: "കർത്താവേ അങ്ങ് വസിക്കുന്ന ആലയവും അങ്ങയുടെ മഹത്വത്തിന്റെ ഇരിപ്പിടവും എനിക്കുപ്രിയങ്കരമാണ്" (26:8). അന്യ സ്ഥലത്ത് ആയിരം ദിവസത്തേക്കൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നത് കൂടുതൽ ആഭികാമ്യമാണ് (84:10). 12-ാം വയസ്സിൽ യേശുവിനെ കാണാതായതിനാൽ പ്രാണസങ്കടം അനുഭവിച്ച മാതാപിതാക്കൾ മൂന്ന് ദിവസങ്ങൾക്ക് ശേഷം യേശുവിനെ ദൈവാലയത്തിൽ കണ്ടെത്തിയ സന്ദർഭത്തിൽ വളരെ അർത്ഥഗർഭമായ ഒരു ചോദ്യം യേശു അവരോട് ചോദിക്കുന്നു.

"ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കേണ്ടതാണെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ? (ലൂക്കാ. 2:49)



www.malankaralibrary.com

ഈ മാതാപിതാക്കൾ തന്നെയാണല്ലോ യേശുവിനെ ദൈവാലയത്തിൽ നിയമാനുസരണം കാഴ്ചവച്ചത്. ജനനം മൂലം നാം ഒരു കുടുംബത്തിലെ അംഗമാന്നെങ്കിലും ഏതെങ്കിലും ഒരു പ്രത്യേക സമൂഹത്തിലെ അംഗമായി തീരുന്നതിന് അതതു സമൂഹത്തിന്റെ പ്രത്യേക കർമ്മാനുഷ്ഠാനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ഇത് ഓരോ മനുഷ്യനിലും ദൈവം നൽകിയിരിക്കുന്ന സ്വതന്ത്രചിന്തയുടെയും തെരഞ്ഞെടുപ്പ് നടത്താനുള്ള കഴിവിന്റെയും പ്രകാശനമാണല്ലോ. യഹൂദ ബാലന്മാരെല്ലാം പരിച്ഛേദിതരാകണമെന്നും ആദ്യജാതന്മാരെല്ലാം യഹോവയ്ക്ക് പ്രത്യേകം സമർപ്പിതരാകണമെന്നുമുള്ളത് മോശയുടെ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളതാകുന്നു (ഉല്പ. 17:12; ലേവ്യ. 12:3). എട്ടാം ദിവസം പരിച്ഛേദനവും നാമകരണവും നടത്തുന്നതോടുകൂടി ആ പൈതലിന് വേറിട്ടൊരു വ്യക്തിത്വവും ഒപ്പം സമൂഹത്തിന്റെ കൂട്ടായ്മയിലെ പങ്കാളിത്വവും ലഭിക്കുന്നു. തിരിച്ചറിയാനുള്ള ഒരു നമ്പർ മാത്രമല്ല നാമകരണം ചെയ്യുന്ന മാതാപിതാക്കളുടെയും സമൂഹത്തിന്റെയും പ്രതീക്ഷകളുടെ ആകെത്തുകയാണീ നാമം. മാത്രമല്ല ഭൂമിയിൽ പിറക്കുന്ന ഓരോ സൃഷ്ടാവായ പൈതലിനെ കുറിച്ചും ദൈവത്തിന് വലിയ പ്രതീക്ഷകൾ ഉണ്ടെന്നുള്ളതിന്റെ വ്യക്തമായ വെളിപ്പെടുത്തൽ കൂടിയാണ് ഗ്രബിയേൽ മാലാഖ നടത്തിയത്. "നീ അവന് യേശു എന്ന് പേരിടണം" (ലൂക്കാ. 1:31). യാവേ രക്ഷിക്കുന്നു അഥവാ രക്ഷകനായ യഹോവാ എന്നാണാ പദത്തിനർത്ഥം. മാതാപിതാക്കന്മാരുടെ പരസ്പര വിശ്വാസത്തിന്റെയും സാന്ദ്രമായ സ്നേഹത്തിന്റെയും അപാരമായ പ്രത്യാശയുടെയും ഫലമാണ് പൈതൽ എന്ന് പ്രകടമാകുന്നതായിരിക്കണം ഓരോ നാമകരണവും. അലക്ഷ്യമായ രീതിയിൽ അർത്ഥമില്ലാത്ത പേരുകൾ കുഞ്ഞുങ്ങൾക്ക് നൽകുന്നവർ തലമുറകൾക്ക് വരുത്തിവയ്ക്കുന്ന നഷ്ടം എത്രയെന്ന് പറയാവതല്ല. ദൈവത്തിന് സമർപ്പിതനായ ആദ്യജാതൻ ദൈവീക കാര്യങ്ങളിലും ദേവാലയ ശുശ്രൂഷകളിലും എപ്രകാരമാണ് വ്യാപരിക്കേണ്ടത് എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ശമുവേൽ പ്രവാചകൻ. ദൈവത്തിന് സമർപ്പിതനായതിനാൽ തന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ വ്യാപാരങ്ങളിൽ മുഴുകിയിരിക്കേണ്ടവനാണെന്നുള്ള കാര്യം തന്റെ മാതാപിതാക്കന്മാരെ യേശു അനുസ്മരിപ്പിക്കുന്നതായി കാണാം. മാമോദീസാ സ്വീകരിച്ച ഒരോ വ്യക്തിയും ക്രിസ്തുവിന്റെ ജീവിതത്തോടും കഷ്ടാനുഭവങ്ങളോടും ഉത്ഥാനത്തോടും പങ്കാളിയാകേണ്ടവനാണെന്നുള്ള കാര്യം വിസ്മരിക്കരുത് എന്ന് പഠിപ്പിക്കാനും ഈ വേദഭാഗം സഹായിക്കുന്നു. പരിച്ഛേദനം, നാമകരണം, വിശുദ്ധീകരണം, സമർപ്പണം എന്നിവയെല്ലാം കോർത്തിണക്കിക്കൊണ്ടുള്ള ഒരു അനുഷ്ഠാനക്രമമാണ് ഇവിടെ ലൂക്കാ സുവിശേഷകൻ വിവരിച്ചിരിക്കുന്നത്.



നാമകരണത്തിനും സമർപ്പണത്തിനും പ്രത്യേകം ഊന്നൽ കൊടുത്ത് വിവരിക്കുമ്പോഴും പരിച്ഛേദനവും വിശുദ്ധീകരണവും സൂചനകളിൽ ഒതുക്കിയിരിക്കുന്നു. പരമപരിശുദ്ധനായ അവിടുത്തേക്ക് ഇവയൊന്നും ആവശ്യമില്ലെങ്കിലും തന്റെ മനുഷ്യാവതാരം പരിപൂർണ്ണമാകുന്നതിനും കുറവുകളുള്ള നമുക്ക് പൂർണ്ണത പ്രാപിക്കുന്നതിന് ഇപ്രകാരമുള്ള എല്ലാ അനുഷ്ഠാനങ്ങളും അത്യാവശ്യമാണെന്ന് കാണിച്ച് തരുന്നതിനും വേണ്ടിയാണ് യേശു ഈ അനുഷ്ഠാനങ്ങൾക്കെല്ലാം സ്വയം വിധേയനായത്. യോഹന്നാൻ സ്നാപകനിൽ നിന്ന് സ്നാനം സ്വീകരിക്കാൻ എത്തുമ്പോൾ ഇക്കാര്യം യേശു സ്പഷ്ടമായി പറയുന്നുമുണ്ട്. 'ഇപ്പോൾ ഇത് സമ്മതിക്കുക; അങ്ങനെ സർവ്വനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്' (മത്താ. 3:15). മതപരമായ അനുഷ്ഠാനങ്ങളെല്ലാം നല്ലതും പ്രയോജനപ്രദവും ആണ് എന്ന് വരികിലും അവയെല്ലാം അടയാളങ്ങളാണെന്ന് നാം മറക്കരുത്. അടയാളങ്ങൾക്ക് അർത്ഥവും മൂല്യവും നൽകേണ്ടതും പാവനമായി കാത്തുസൂക്ഷിക്കേണ്ടതും നാം തന്നെയാണ്.

www.malankaralibrary.com



ദൈവീകമായ ശക്തിയും ജീവനും അനുഗ്രഹങ്ങളും നമുക്ക് നേടി തരാൻ അവയ്ക്ക് കഴിവുണ്ടെങ്കിലും അത് സ്വീകരിക്കാൻ തക്കവണ്ണം നാം ഒരുക്കമുള്ള വരായിരിക്കണം. ആയിരം രൂപായുടെ ഒരു നോട്ടിന് ആ വില ലഭിക്കുന്നതെങ്ങനെയാണെന്ന് ആലോചിച്ചു നോക്കുക. അതിൽ അടയാളപ്പെടുത്തിയിരിക്കുന്ന സംഖ്യയോളം മൂല്യം നൽകപ്പെടുമെന്ന വാഗ്ദാനം പാലിക്കാൻ സർക്കാർ തയ്യാറാകണം. അത് കൈകാര്യം ചെയ്യുന്നവരെല്ലാം അതിന്റെ മൂല്യം സംരക്ഷിക്കാൻ ബാദ്ധ്യസ്ഥരാണ്. അത് ചുരുട്ടി വിളക്കിൽ നിന്നും തീ കൊളുത്തി ബീഡി കത്തിക്കാൻ ഉപയോഗിച്ചാൽ ആ തീ ജ്വാലയ്ക്ക് ആയിരം രൂപായുടെ വില കിട്ടുകയില്ല. പരിഛേദനമായാലും മാമോദീസാ ആയാലും വിവാഹത്തിന്റെ ഉടമ്പടി ആയാലും കുമ്പസാരം ആയാലും അത് നമുക്ക് വാഗ്ദാനം നൽകുന്ന കൃപലഭ്യമാകണമെങ്കിൽ, അതിനാവശ്യമായ നിബന്ധനകൾ കർശനമായി പാലിക്കാൻ ഓരോരുത്തരും ഒരുക്കമായിരിക്കണം.



ܡܕܪܫܐ

# മദ്രോശോ

2024 ഫെബ്രുവരി 4

## ആനീദെ ഞായർ

### പരേതരായ വിശ്വാസികൾ

(യോഹ. 5 : 19 - 29)

**വ**ലിയനോമ്പ് കാലത്ത് ഇടവകധ്യാനം നടത്തുന്ന രീതി ചിലയിടത്തൊക്കെ ഇപ്പോഴും കാണാം. മാത്രമല്ല ഇന്ന് നാം കാതോലിക്കാദിനമായി ആഘോഷിക്കുന്ന ദിവസമാണ്. പാപ ജീവിതം കൊണ്ട് കടുപ്പപ്പെട്ടു പോയ മനുഷ്യ മനസ്സുകളെ ചലിപ്പിക്കാനായി ധ്യാനഗുരുക്കന്മാർ മരിച്ചു പോയ മനുഷ്യന്റെ തലയോട്ടി പ്രദർശിപ്പിച്ചുകൊണ്ട് പ്രസംഗിക്കാറുണ്ടായിരുന്നു. കാരണം മരണത്തിന്റെ മുമ്പിൽ അടിയറവു പറയാത്തവരായി ആരും ഇല്ലല്ലോ. **'തിലകം ചാർത്തി ചീകിയുമഴകായ് പല നാളായി പോറ്റിയ ശിരസേ ഉലകം വെല്ലാൻ ഉഴറിയ നീയോ വിലപിടിയാത്തൊരു തലയോടായി'** എന്നുള്ള ഗാനശകലം കേൾക്കാത്ത മലയാളികൾ അധികമുണ്ടാകുമെന്നു തോന്നുന്നില്ല. ഏതു മനുഷ്യനും മരണത്തെക്കുറിച്ചുള്ള ചിന്ത, ജീവിതത്തെക്കുറിച്ചുള്ള വീണ്ടുവിചാരത്തിന് തിന്മയുടെ പ്രവർത്തനങ്ങളിൽ നിന്ന് പിൻതിരിഞ്ഞ് നന്മ ചെയ്യാൻ സഹായകമായേക്കാം. മരിച്ചുപോയ നമ്മുടെ പൂർവ്വപിതാക്കന്മാർക്കു വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം നന്മ ചെയ്തുകൊണ്ട് കടന്നുപോയ ദൈവപുത്രന്റെ കാലടിപാടുകളെ പിൻതുടർന്ന് ഈ വലിയനോമ്പുകാലം പശ്ചാതാപത്തിന്റെയും ജീവിത നവീകരണത്തിന്റെയും സന്ദർഭമാക്കാൻ ആത്മാർത്ഥമായി നാം പരിശ്രമിക്കണം.

www.malankaralibrary.com

മരണം അപ്രതിരോധ്യവും അനിഷേധ്യവുമായ ഒരു തിന്മയായിട്ടാണ് ലോകം കാണുന്നത്. അതിനാൽ മരണത്തിന്റെ മുൻപിൽ ഭീതിയോടെയും നിരാശയോടെയും മാത്രമേ ലോകത്തിന് നിൽക്കാൻകഴിയൂ. എന്നാൽ ദൈവ പുത്രനായ ക്രിസ്തു മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്തിരിക്കുന്നതിനാൽ മാമോദീസാ മൂലം ക്രിസ്തുവിന്റെ മരണത്തോട് ഐക്യപ്പെട്ടിരിക്കുന്ന ഓരോ ക്രൈസ്തവനും ക്രിസ്തുവിന്റെ ഉത്ഥാനത്തിലും പങ്കാളി ആയിരിക്കുമെന്ന് പ്രത്യാശിക്കാം. നാം സ്വീകരിച്ച മാമോദീസായേക്കുറിച്ചുള്ള വ്യക്തമായ ധാരണ ഇല്ലാത്തതിന്റെ കുറവ് മഹാഭൂരിപക്ഷം വിശ്വാസികളുടെയും ജീവിതത്തിൽ പ്രകടമാണ്. ക്രിസ്തീയ സഭയുടെ ആരംഭം തന്നെ മരിച്ചടക്കപ്പെട്ട യേശുവിന്റെ ഉത്ഥാനത്തോടു കൂടിയായിരുന്നല്ലോ. യേശുവിനോട് ഒട്ടിനിൽക്കുന്നവർക്കും ഉയർപ്പിന്റെ പ്രത്യാശയ്ക്ക് വകയുണ്ടെന്നുള്ളതിനാലാണല്ലോ രക്തസാക്ഷികൾ യേശുവിനോടൊപ്പം മരിക്കാനും യേശുവിനുവേണ്ടി മരിക്കാനും സന്നദ്ധരായത്. യേശു മരണം വരിച്ചത് ഏതു മഹത്തായ ലക്ഷ്യത്തിനുവേണ്ടി ആയിരുന്നുവോ, അതേ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ജീവിക്കാനും വേണ്ടി വന്നാൽ മരിക്കാനും സന്നദ്ധനാണെന്നുള്ള സന്നദ്ധതയുടെയും സമർപ്പണത്തിന്റെയും അനുസരണത്തിന്റെയും അടയാളമാണ് നാം സ്വീകരിച്ച മാമോദീസാ. വെറുതെ വെള്ളത്തിൽ മുങ്ങി കുളിക്കലല്ല, രക്തസാക്ഷിത്വം തന്നെയാണ് നമ്മുടെ മാമോദീസാ.

ഇവൻ എന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന പിതാവായ ദൈവത്തിന്റെ സാക്ഷ്യം യേശുവിന്റെ സ്നാന സമയത്തു ഉണ്ടായതുപോലെ ദൈവപ്രീതിയ്ക്ക് നാം ഓരോരുത്തരും യോഗ്യരാകും വിധം

ജീവിക്കുമ്പോഴേ നാം ക്രിസ്തുവിലായി എന്നും, അവനോടൊപ്പം മരിച്ചെന്നും, അവനോടൊപ്പം ഉയിർക്കുമെന്നും പറയാൻ കഴിയൂ. ക്രിസ്തുവിന്റെ വരവോടു കൂടി ലോക ജനത രണ്ടായി വിഭജിക്കപ്പെട്ടിരിക്കുകയാണ്. ക്രിസ്തുവിനോട് ചേർന്നു നിൽക്കുന്നവരും അവിടുത്തെ പക്കൽ നിന്ന് അകന്നു മാറി നിൽക്കുന്നവരും. മരണമടഞ്ഞ സകല മനുഷ്യരും എഴുന്നേറ്റുവരും. "അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തു വരും". (യോഹ. 5/29). ദൈവപുത്രനായ യേശു തന്റെ സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള ബന്ധത്തിന്റെ സവിശേഷത വെളിപ്പെടുത്തി കൊണ്ടാണ്, തന്നിൽ വിശ്വസിക്കുന്നവർ മരണത്തിൽ നിന്ന് ജീവനിലേക്ക് പ്രവേശിച്ചിരിക്കുന്നു എന്ന് പ്രസ്താവിച്ചിരിക്കുന്നത്. സമ്പൂർണ്ണമായ അനുസരണം കൊണ്ടും മാനസിക ഐക്യം കൊണ്ടും വിനീത ഭാവം കൊണ്ടും എല്ലാവിധത്തിലും പിതാവിനോട് ഏകീഭവിച്ചും ഐക്യപ്പെട്ടും നിൽക്കുന്ന പുത്രൻ ഇപ്രകാരം തന്നെ തന്നോട് ഐക്യപ്പെട്ടും ഏകീഭവിച്ചും നിൽക്കുന്ന ശിഷ്യന്മാർക്കും നിത്യ ജീവന്റെ ഉയിർപ്പുണ്ടാകുമെന്നുള്ള വാഗ്ദാനമാണ് നൽകിയിരിക്കുന്നത്. "യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു എന്ന് നാം വിശ്വസിക്കുന്നതുപോലെ, യേശുവിൽ നിദ്ര പ്രാപിച്ചവരെ ദൈവം അവനോടു കൂടെ ഉയിർപ്പിക്കും" (1. തെസ്സ 4/14). യേശുവിൽ ജീവിക്കുന്നവർക്കല്ലേ യേശുവിൽ മരിക്കാനും ഉയർക്കാനും കഴിയൂ. യേശുവിന്റെ മരണം കാൽവരി ക്രൂശിൽ തറക്കപ്പെട്ടിട്ടായിരുന്നെങ്കിലും ആ മഹാത്മാവിന്റെ ബലിപീഠം ബേത്‌ലഹേമിലെ പുൽതൊട്ടിയിൽ തുടങ്ങി എന്നതാണല്ലോ വാസ്തവം. ക്രിസ്തീയ ജീവിതം തന്നെ അനേകം മരണങ്ങളുടെ ആകെതുകയാണ്. ഈ ലോകത്തിന്റെ ആർഭാടങ്ങൾക്കും ആകർഷണങ്ങൾക്കും പ്രലോഭനങ്ങൾക്കും ആദർശങ്ങൾക്കും വഴിപ്പെടാതെ ദൈവപിതാവിന്റെ ഇഷ്ടം മാത്രം നോക്കി ജീവിക്കാൻ ശ്രമിക്കുമ്പോൾ നാം നമ്മുടെ സ്വാർത്ഥ താൽപ്പര്യങ്ങളെ നിരന്തരമായി ഹോമിച്ചു കൊണ്ടിരിക്കണം. "യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ". (ഫിലി. 2/5) എന്നുള്ള വചനമാകട്ടെ നമ്മുടെ വഴികാട്ടി.



www.malankaralibrary.com

# ܡܕܪܫܐ
# മദ്‌റോശോ

2024 ഫെബ്രുവരി 11

**കൊത്തിനെ ഞായർ**
വലിയനോമ്പിലെ
ഒന്നാമത്തെ ഞായർ
(യോഹ. 2 : 1 - 11,)

**ഉ**ല്പത്തി പുസ്തകം 2/1617 വാക്യങ്ങളിൽ നോമ്പുനോക്കുന്നതും ഉപവാസം, വർജ്ജന എന്നിവ പാലിക്കുന്നതും ആവശ്യമാണെന്ന് തിരിച്ചറിയാൻ വേണ്ട നിർദ്ദേശം മനുഷ്യകുലത്തിന്റെ ആരംഭം മുതൽക്കേ നൽകപ്പെട്ടിരിക്കുന്നതായി കാണാം. “തോട്ടത്തിലെ എല്ലാ മരങ്ങളുടെയും ഫലം ഭക്ഷിച്ചു കൊള്ളുക. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്. തിന്നുന്ന ദിവസം നീ മരിക്കും. ആത്മനിയന്ത്രണം പാലിക്കാൻ പരിശീലിച്ചിട്ടില്ലാത്ത മനുഷ്യൻ തനിക്കും മറ്റുള്ളവർക്കും മരണകാരണമായിരിക്കും. യാതൊരു തടസ്സവും നിയന്ത്രണവുമില്ലാതെ കുതിച്ചു പായാൻ വെമ്പൽ കൊള്ളുന്ന കുതിരകളെപ്പോലെയുള്ള മനുഷ്യ മനസ്സുകളെ കടിഞ്ഞാണിട്ടു നിയന്ത്രിക്കേണ്ടത് ഏറ്റം അത്യാവശ്യമാണെന്ന് സ്വയം ബോദ്ധ്യപ്പെട്ട് നോമ്പാ ചരണത്തിലേക്കു കടന്നു വരുന്നവർ ഭാഗ്യവാന്മാരാണ് ക്രിസ്തീയ കൂട്ടായ്മയുടെ അർത്ഥവും ആഴവും ആനന്ദവും അനുഭവിച്ചറിയാൻ അവർക്ക് കഴിയും. ഈശോയും ശിഷ്യന്മാരും പരിശുദ്ധ മറിയവും തിരുസഭയും ദൈവവചനവും നോമ്പാചരണവും ഒന്നുമില്ലാതിരുന്നെങ്കിൽ പച്ചവെള്ളം പോലെ ആകു മായിരുന്ന മനുഷ്യജീവിതം തന്റെ സാന്നിദ്ധ്യം കൊണ്ട് മേൽത്തരം വീഞ്ഞു പോലെ രൂപാന്തരവും ഗുണ പരമായ മേന്മയും കൈവരിക്കുന്ന അത്ഭുതം കാനായിലെ കല്ല്യാണവീട്ടിൽ മാത്രമല്ല സകല ഭവനങ്ങളിലും വ്യക്തികളിലും സംഭവിക്കണം. അങ്ങനെ മാത്രമേ യേശുവിന്റെ മഹത്വം വെളി പ്പെടുത്തുവാൻ കഴിയൂ. കൊച്ചി രാജാവായിരുന്ന ശക്തൻ തമ്പുരാൻ തൃശൂർ നഗരവികസനം ലക്ഷ്യം വച്ചുകൊണ്ട് ഏതാനും ക്രൈസ്തവ കുടുംബങ്ങളെ തിരുവിതാം കൂറിൽ നിന്നും ക്ഷണിച്ചു കൊണ്ട് വന്ന് തൃശൂർ പ്രദേശത്ത് കുടിയിരുത്തി എന്നും അതിൻ ഫലമായി കച്ചവടം, കൃഷി, ചെറുകിട വ്യവസായങ്ങൾ, വിദ്യാഭ്യാസം എന്നീ മേഖലകളിൽ



www.malankaralibrary.com

പ്രകടമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു എന്നും പറഞ്ഞു കേട്ടിട്ടുണ്ട്. അതിൽ അഭിമാനം തോന്നിയിട്ടുമുണ്ട്. ഇരുൾ നിറഞ്ഞ പാതകളെ പ്രകാശമാനമാക്കുന്ന വഴിവിളക്കുകളാകണം ക്രിസ്തീയ കുടുംബങ്ങൾ. ഭൗതീക പുരോഗതി മാത്രമല്ല അതോടൊപ്പം കടുന്നു വരുന്ന തിന്മകളെ മുൻകൂട്ടിക്കണ്ട് ദൂരീകരിക്കുന്നതിൽ ക്രിസ്തീയ ജീവിതം സകല മനുഷ്യർക്കും മാതൃകയാകണം. മറ്റുള്ളവരുടെ കാര്യത്തിൽ നമുക്കെന്തുകാര്യം എന്ന് നിസംഗതയോടെ പറയാൻ ഒരു ക്രൈസ്തവനും കഴിയുകയില്ല കാരണം മറ്റുള്ളവർ അന്യരായിട്ടല്ല സ്വന്തം ശരീരത്തിന്റെ ഭാഗമായിട്ടും സ്വന്തം സഹോദരരായിട്ടും കരുതാൻ കടപ്പെട്ടവരാണ് ഓരോ ക്രൈസ്തവനും. പൊതുസമൂഹത്തിന് താങ്ങും തണലും മാതൃകയും പ്രചോദനവും ആയിരിക്കാൻ ബാദ്ധ്യസ്ഥരാണ് നാം ഓരോരുത്തരും എന്ന ഉത്തരവാദിത്വബോധമുള്ള വർക്കേതങ്ങളുടെ ജീവിതത്തിൽ വന്നുപോയിട്ടുള്ള വീഴ്ചകളുടെ ഗൗരവം മനസ്സിലാക്കാനും മാനസാന്തരപ്പെട്ട് തെറ്റു തിരുത്താനും കഴിയുകയുള്ളു. പാപത്തിന്റെ സാഹചര്യങ്ങളും ഉപകരണങ്ങളും എല്ലാം പാടേനീക്കിക്കളഞ്ഞ് ക്രിസ്തു എന്താണോ പറഞ്ഞിരിക്കുന്നത് അതു ചെയ്യുമ്പോഴേ നമ്മുടെ മനസ്സിന്റെ മാറ്റം പൂർണ്ണമായി എന്നു പറയാൻ കഴിയൂ. "അവൻ നിങ്ങളോട് പറയുന്നതു ചെയ്യുവിൻ" (യോഹ. 2/5). ഇപ്രകാരം സമൂഹത്തിന്റെ പൊതുനന്മയെകരുതി ജീവിക്കുന്നവരായ ക്രൈസ്തവർ നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങളാണ് പൗലോസ് അപ്പോസ്തോലൻ റോമാ ലേഖനം 12/16-21 വരെ വിവരിച്ചിരിക്കുന്നത്.

1) നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിന് പ്രീതികരവും ആയ സജീവ ബലിയായി സമർപ്പിക്കുവിൻ.
2) നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. ഉള്ളതിലധികം മേന്മ ആരും ഭാവിക്കരുത്.
3) ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന കൃപ പൊതുനന്മയ്ക്കായി ഉപയോഗിക്കുന്നതിൽ സന്തോഷം കണ്ടെത്തണം.
4) നിഷ്ക്കളങ്കമായി സ്നേഹിക്കണം.
5) എല്ലാവരെയും ബഹുമാനിക്കുവിൻ
6) ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ
7) പ്രത്യാശയിൽ സന്തോഷിക്കുവിൻ.
8) ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ.
9) പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ.
10) ആവശ്യക്കാരെ സഹായിക്കാൻ മനസ്സു കാണിക്കണം.
11) അതിഥികളെ സൽക്കരിക്കുവിൻ.
12) നിങ്ങളെ പീഢിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ.
13) സന്തോഷിക്കുന്നവരോടു കൂടി സന്തോഷിക്കുവിൻ.
14) കരയുന്നവരോടു കൂടെ കരയുവിൻ.
15) അന്യോന്യം യോജിപ്പോടെ വർത്തിക്കുവിൻ.
16) അഹങ്കാരം വെടിഞ്ഞ് വിനീതരായി പെരുമാറുവിൻ.
17) തിന്മയ്ക്കു പകരം തിന്മ ചെയ്യരുത്.
18) ഏവരുടെയും ദൃഷ്ടിയിൽ ശ്രേഷ്ഠമായതു ചെയ്യുവിൻ.
19) സാധിക്കുന്നിടത്തോളം എല്ലാവരോടും സമാധാനത്തിൽ വർത്തിക്കുവിൻ.

ഒറ്റവാക്കിൽ പറഞ്ഞാൽ തിന്മയെ നന്മകൊണ്ട് കീഴടക്കുവിൻ. മുകളിൽ അക്കമിട്ടു പറഞ്ഞിരിക്കുന്നതിൽ മിക്കതും കാനായിലെ കല്യാണ വിരുന്നു വേളയിൽ നിവർത്തിതമായിട്ടുണ്ടെന്ന് കാണാം. മനുഷ്യ ജീവിതം എത്രമാത്രം സങ്കീർണ്ണമാക്കാമെന്ന് ഗവേഷണം നടത്തുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ അന്വേഷണം, ലളിത ജീവിതശൈലിയുടെ സായൂജ്യം കണ്ടെത്താനായിരിക്കണം. കാരണം "ദൈവം മനുഷ്യനെ സരളഹൃദയനായി സൃഷ്ടിച്ചു. എന്നാൽ അവന്റെ സങ്കീർണ്ണ പ്രശ്നങ്ങൾ അവന്റെ തന്നെ സൃഷ്ടിയാണ്" (സഭാ പ്രസംഗകൻ 7/29) എല്ലാ കാര്യങ്ങളിലും ദൈവം നമുക്കു നൽകിയ ലാളിത്യത്തിലേക്ക് മടങ്ങാൻ ഈ നോമ്പുകാലം നമ്മെ പരിശീലിപ്പിക്കട്ടെ.

മറുപുറം പേജ് 29



www.malankaralibrary.com




# മരിച്ചുപോയവരെ പ്രത്യേകമായി ഓർത്തു കൊണ്ട് വലിയ നോമ്പിലേക്ക് പ്രവേശിക്കാം



വന്ദ്യ മല്പാൻ
ഫാ. തോമസ് പണിക്കർ

ഈ-ലോ-കമതിൽ പൂകീടുന്നൊർ
മാ-യു-ന്നതിനെ സ്നേഹിപ്പ വരും
നിലനി-ന്നീ-ടാനനുവാ-ദമതതില്ല.
വാ-സം-ചെയ്യുന്നവകാശികൾപോൽ
പണി ചെയ്യു-ന്നോർ തീർത്ഥാടകരായ്
യാ-ത്ര-ക്കാർപോൽ വേർപെ-ട്ടീ-ടുന്നു.
(ശ്ഹീമ്മോ ശനി സന്ധ്യ)

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ഈ വർഷം ഫെബ്രുവരി പതിനൊന്നാം തീയതിയാണ് വലിയ നോമ്പ് ആരംഭിക്കുന്നത്. മരിച്ചു പോയവരെ കുറിച്ചും മരണത്തെക്കുറിച്ചുമുള്ള ചിന്തകളോടെയായണ് നാം നോമ്പിൽ പ്രവേശിക്കുന്നത്. നോമ്പ് നിഷ്ഠയോടെ ആചരിക്കാൻ അത് നമ്മെ സഹായിക്കുന്നു. നമ്മൾ ഈ ലോകത്തിൽ തീർത്ഥാടകർ ആണെന്നും ഈ ലോകം ക്ഷണികമാണെന്നും മരണം നമ്മെ ഓർമ്മിപ്പിക്കുന്നു.

യൽദാ ദനഹാ കാലത്തിന്റെ അവസാനത്തെ രണ്ട് ഞായറാഴ്ചകളിൽ സഭ മരിച്ചുപോയവരെ പ്രത്യേകം ഓർമ്മിക്കുന്നു. ആദ്യത്തെ ഞായറാഴ്ച പരേതരായ വൈദികരെയും (കൊഹനെ ഞായർ) രണ്ടാമത്തെ ഞായറാഴ്ച പരേതരായ വിശ്വാസികളെയും (ആനീദേ ഞായർ ).

ഓരോ വ്യക്തിഗത സഭയ്ക്കും അതിന്റെതായ ആരാധനയും ആരാധനക്രമ കലണ്ടറും ഉണ്ട്. സീറോ മലബാർ സഭ മരിച്ചുപോയവരെ പ്രത്യേകമായി ഓർക്കുന്നത് വലിയ നോമ്പിന് തൊട്ടുമുമ്പുള്ള വെള്ളിയാഴ്ചയാണ്. അതേസമയം ലത്തീൻ സഭ നവംബർ രണ്ടാം തീയതിയാണ് മരിച്ചവരെ ഓർക്കുന്നത്. മറ്റു സഭകളുടെ പാരമ്പര്യം അനുകരിച്ച് സ്വന്തം പാരമ്പര്യത്തെ വികലമാക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് പരേതരേ ഓർക്കുന്നതിനും അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനും വളരെ പുരാതനവും ശ്രേഷ്ഠവുമായ ഒരു പാരമ്പര്യമുണ്ട്. വലിയ നോമ്പിന് മുമ്പ് മരിച്ചവരെ പ്രത്യേകമായി അനുസ്മരിക്കുന്നത് കൂടാതെ രണ്ടു അവസരങ്ങളിൽ കൂടി മരിച്ചവരെ നമ്മൾ പ്രത്യേകമായി ഓർക്കുന്നു. ദുഃഖശനിയാഴ്ചയാണ് ഒരവസരം.

www.malankaralibrary.com


കുരിശു മരണത്തിനുശേഷം മരിച്ചവരെ തേടി പാതാളത്തിലേക്ക് ഇറങ്ങിയ യേശുവിനെ ഓർത്ത് നമ്മൾ മരിച്ചവരെ അനുസ്മരിക്കുന്നു. അന്ന് മരിച്ചുപോയ വരുടെ കബറിങ്കൽ ധൂപം വയ്ക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇടവക പെരുന്നാളിന്റെ അവസരത്തിലും നമ്മൾ മരിച്ചുപോയവരെ പ്രത്യേകമായി ഓർക്കുന്നു.

സഭ പൊതുവായി പരേതരെ അനുസ്മ രിക്കുന്നത് കൂടാതെ കുടുംബങ്ങളായി അവരുടെ മരിച്ചുപോയ വരെ ഓർമ്മ ദിവസങ്ങളിൽ അനുസ്മരിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്യുന്നു. ഇവ കൂടാതെ, മരിച്ചവരെ എല്ലായ്പ്പോഴും ഓർക്കണമെന്നും പ്രാർത്ഥി ക്കണമെന്നും സഭ പഠിപ്പിക്കുന്നു. 'നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ച പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥ നകളിലും നാം ഓർക്കണം.' (അനുദിന പ്രാർത്ഥന ക്രമം. പ്രഭാതം 'പ്രാർത്ഥനയിൽ സതതം എന്നെ ഓർപ്പിൻ എന്നെ മറന്നീടാൻ ഇടയാകരുതേ.' (മൃത സംസ്കാരം വിലാപ യാത്രാ ഗീതം) ഓരോ ദിവസവും ഏഴു യാമ നമസ്കാരങ്ങളിൽ ഒമ്പതാം മണി നമസ്കാരം മരിച്ചവർക്കു വേണ്ടിയാണ്. 'കരുണ നിറഞ്ഞവനേ.' എന്ന ഗീതം. സാധാരണ സന്ധ്യാ നമസ്കാരത്തിൽ ഇത് ഗദ്യമായി നമ്മൾ ചൊല്ലുന്നു. 'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ അനുകൂലത്തിന്റെ ദിവസത്തിൽ.' മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ആഴ്ചയിലെ ഒരു ദിവസം ശനിയാഴ്ച പരേതരെ ഓർക്കാനുള്ളതാണ്. വൈദികരും സന്യസ്തരും പ്രാർത്ഥിക്കുന്ന ശ്ഹീമ്മോ നമസ്കാരം നോക്കുക. ലത്തീൻ സഭയിൽ ശനിയാഴ്ച വിശുദ്ധ ദൈവമാതാവിനെ ഓർക്കുന്നു. ബുധനാഴ്ചയാണ് മലങ്കര സഭ ദൈവമാതാവിനെ ഓർക്കുന്നത്.

ഓരോ ദിവസവും വിശുദ്ധ കുർബാനയിൽ പലതവണ നമ്മൾ മരിച്ചു പോയവരെ ഓർക്കുന്നു. ഒരുക്ക ശുശ്രൂ ഷയുടെ സമയത്ത് പാടുന്ന ഗീതത്തിന്റെ അവസാന പാദമായ 'കർത്താവേ നിൻ രക്ത ശരീരങ്ങൾ...' ഇത്യാദി എല്ലാ കുർബാനയിലും നിർബന്ധമായും പാടണമെന്ന് തൂക്കാസ നിർദ്ദേശിക്കുന്നു. മധ്യസ്ഥ പ്രാർത്ഥന അല്ലെങ്കിൽ തുബ്ദേന്റെ അവസാന ഭാഗത്ത് മരിച്ചുപോയവരെ ഓർക്കുന്നു. മിക്കവാറും സെദറാകളുടെ അവസാനഭാഗത്തും പരേതരെ ഓർത്തു പ്രാർത്ഥിക്കുന്നു.

**'കാഴ്ചകളർപ്പിപ്പീനെനിക്കായ് ആത്മാവോതുന്നു കർതൃശരീരം പോലൊന്നും തുണയേകീടില്ല കരച്ചിൽ വിലാപം, കൊണ്ടെന്താം സാദ്ധ്യം! കർതൃശരീരം തുണയേകുമെനിക്ക് ലോകേശന്റെ സന്നിധിയിൽ, മിശിഹാ തിരുമുമ്പിൽ എത്തി സ്വീകൃതനാകാൻ ഞാൻ ആചാര്യന്മാരേ, ഹാലേലുയ്യാ എനിക്കായ് പ്രാർത്ഥിപ്പിൻ.'**

മലങ്കര സഭയിലെ പോലെ ഇത്ര സമ്പന്നമായ ഒരു മൃത സംസ്കാര ശുശ്രൂഷ മറ്റേതെങ്കിലും സഭയിൽ ഉണ്ടോയെന്ന് സംശയമാണ്. വിശ്വാസികൾക്ക് നാല് ശുശ്രൂഷകളും സന്യാസിനികൾക്ക് 6 ശുശ്രൂഷകളും വൈദികർക്ക് 8 ശുശ്രൂഷകളും ഉണ്ട്.

'എന്തെന്നാൽ, എന്റെ ജനം രണ്ടു തിൻമകൾ പ്രവർത്തിച്ചു. ജീവജല ത്തിന്റെ ഉറവയായ എന്നെ അവർ ഉപേക്ഷിച്ചു; ജലം സൂക്ഷിക്കാൻ കഴിവി ല്ലാത്ത പൊട്ടക്കിണറുകൾ കുഴിക്കുകയുംചെയ്തു.' ജറെമിയാ 2 : 13.




www.malankaralibrary.com

ലേഖനം



# അപരനിലേക്ക് നയിക്കുന്ന നോമ്പാചരണം



Fr. Varghese Thannickakuzhy
Eparchy of Bathery

മതാത്മകതയുടെ ഏറ്റവും അടിസ്ഥാനമായ ഭാവമാണ് നോമ്പാചരണവും ഉപവാസവും. ദൈവ മനുഷ്യബന്ധത്തെ ശാക്തീകരിക്കുന്നതിനുള്ള ഉപാധിയായി നോമ്പാചരണം എല്ലാ പൗരാണിക മതങ്ങളിലും നിലനിൽക്കുന്നു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് ഉണ്ടായിരിക്കേണ്ട ദൈവോന്മുഖതയെ കുറിച്ചും അവന് സഹമനുഷ്യരുമായി ഉണ്ടാവേണ്ട ബന്ധത്തെക്കുറിച്ചുമുള്ള തിരിച്ചറിവ് ഒരുവന് ലഭിക്കുന്നത് സ്വാർത്ഥകമായ നോമ്പാചരണവും ഉപവാസവും വഴിയാണ്. നോമ്പാചരണം സ്രഷ്ടാവായ ദൈവത്തോട് കൂടിയുള്ള സഹവാസം തന്നെയാണ്. നോമ്പാചരണത്തിന്റെയും ഉപവാസത്തിന്റെയും ആനുകാലികമായ അർത്ഥവും പ്രസക്തിയും ലക്ഷ്യവുമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

www.malankaralibrary.com



# വചനാധിഷ്ഠിതമായ നോമ്പാചരണം

അടിസ്ഥാനപരമായി നോമ്പ് വചനാധിഷ്ഠിതമായിരിക്കണം. ഉപവാസം, പ്രാർത്ഥന പ്രായശ്ചിത്ത പ്രവർത്തികൾ എന്നിവയിലൂടെയുള്ള ജീവിത നവീകരണവും ദൈവത്തിലേക്കുള്ള വളർച്ചയുമാണ് തിരുവചനാധിഷ്ഠിതമായ നോമ്പനുഷ്ഠാനം. ദൈവ സംസർഗ്ഗത്തിനും ദൈവ ദർശനത്തിനുള്ള മാർഗ്ഗമായിട്ടാണ് പ്രധാനമായും നോമ്പാചരണത്തെ പഴയനിയമ ജനത മനസ്സിലാക്കിയിരുന്നത്. ഇസ്രായേൽ ജനതയുടെ മതജീവിതത്തിൽ നോമ്പാചരണത്തിനും ഉപവാസത്തിനും പ്രത്യേക സ്ഥാനം ഉണ്ടായിരുന്നു. മോശ നാല്പത് രാവും പകലും സീനായി മലയിൽ നോമ്പാചരിക്കുകയും അവിടെ ദൈവത്തെ കണ്ടുമുട്ടി കൽപ്പനകൾ സ്വീകരിക്കുകയും ചെയ്തു. ഏലിയ നാല്പത് ദിനരാത്രങ്ങൾ നോമ്പാചരിച്ച് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. പ്രവാചകന്മാരും രാജാക്കന്മാരും പാപപരിഹാരത്തിനായും ദൈവകോപത്തിൽ നിന്ന് രക്ഷപ്പെടുന്നതിനായും നോമ്പാചരിക്കുന്നത് പഴയ നിയമത്തിൽ കാണാം. ശത്രുക്കളിൽ നിന്ന് ഭീക്ഷണിയുണ്ടാകുമ്പോൾ ദൈവസഹായം യാചിക്കുന്നതിനു വേണ്ടിയും ഏറ്റെടുക്കാൻ പോകുന്ന ദൗത്യനിർവഹണത്തിന്റെ വിജയത്തിന് വേണ്ടിയും ഇസ്രായേൽ ജനത നോമ്പാചരിക്കുകയും ഉപവസിച്ചു പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ വിവിധ സാഹചര്യങ്ങളിലും വ്യത്യസ്തമായ ലക്ഷ്യങ്ങൾ മുൻനിർത്തിയുമാണ് ഇസ്രായേലിൽ ജനത നോമ്പാചരിക്കുന്നതെങ്കിലും നോമ്പാചരണത്തിന്റെ പ്രധാന ലക്ഷ്യം ദൈവവുമായുള്ള അനുരഞ്ജനം ആയിരുന്നു. പാപ ബന്ധനത്തിൽ നിന്നും മോചിതരായി ദൈവബന്ധം വീണ്ടെടുക്കുന്നതിനാണ് അവർ നോമ്പ് ആചരിച്ചിരുന്നത്. എന്നാൽ നോമ്പ് ആചരണം വെറുമൊരു ചടങ്ങായി മാറുകയും ആത്മീയ യോഗ്യതയുടെ മാനദണ്ഡമായി അധപതിക്കുകയും ചെയ്യുന്നത് യഹൂദമത സംസ്കാരത്തിൽ നാം കാണുന്നു. ഇപ്രകാരം പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദൈർഘ്യവും കേവലം നിയമാനുസൃതമായ അനുഷ്ഠാനവും ആത്മീയ പൂർണ്ണതയ്ക്കും നവീകരണത്തിനുള്ള മാർഗമായി പരിഗണിച്ച ഫരിസേയ മനോഭാവത്തെ ചോദ്യം ചെയ്തുകൊണ്ടാണ് യേശു തന്റെ ദൗത്യം ആരംഭിക്കുന്നത്.

ദൈവപുത്രനായ യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിന് മുൻപ് നാല്പത് ദിവസം ഉപവാസത്തിലും പ്രാർത്ഥനയിലും ചിലവഴിച്ചു. പുതിയ നിയമത്തിലെ നോമ്പാചരണത്തിന്റെ മാതൃകയും ലക്ഷ്യവുമാണ് ഇവിടെ നാം കാണുന്നത് മരുഭൂമിയിലെ ദിവസങ്ങൾ യേശുവിന് തന്റെ പിതാവുമായുള്ള നിരന്തരമായ സഹവാസത്തിന്റെ ദിവസങ്ങൾ ആയിരുന്നു.

www.malankaralibrary.com

# നോമ്പാചരണം: ദൈവവുമായുള്ള ഐക്യം

ദൈവപുത്രനായ യേശു തന്റെ ദൗത്യനിർവഹണത്തിനും അതുവഴിയായി പിതാവിന്റെ ഇഷ്ടം പൂർത്തീകരിക്കുന്നതിനുമുള്ള ഒരുക്കമായാണ് നാല്പത് ദിവസം ഉപവാസത്തിലും പ്രാർത്ഥനയിലും ചിലവഴിച്ചത്. തന്റെ ഉപവാസത്തിലും പിതാവുമായുള്ള ഐക്യത്തിന്റെ ശക്തിയാലും പ്രലോഭനങ്ങളെ ജയിക്കുന്ന യേശു തന്റെ ശിഷ്യർക്ക് നോമ്പാചരണത്തിന്റെ പുതിയ പാഠം നൽകുകയായിരുന്നു.

യേശുവിന്റെ പ്രലോഭനങ്ങൾ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുവാനുള്ള ദൈവ കല്പനയ്ക്കെതിരെയുള്ള തിന്മകളായിരുന്നു. കല്ല് അപ്പമാക്കി ഭക്ഷിച്ച് സ്വന്തം വിശപ്പടക്കുവാനുള്ള പ്രലോഭനം ദൈവഹിത പ്രകാരമുള്ള രക്ഷാകര ദൗത്യത്തിൽ നിന്നും പിന്തിരിഞ്ഞ് സ്വന്തം അപ്പത്തിന് വേണ്ടിയുള്ള അധ്വാനത്തിൽ ശ്രദ്ധ പതിപ്പിക്കാനുള്ള പ്രലോഭനമായിരുന്നു യേശുവിന്റെ രണ്ടാമത്തെ പ്രലോഭനവും ദൈവഹിതത്തിനെതിരായി പ്രവർത്തിച്ച് ദൈവത്തെ പരീക്ഷിക്കുന്നതിനുള്ള പ്രലോഭനമായിരുന്നു. തന്റെ ജീവൻ ബലികഴിച്ചും പരമ പിതാവിനെ മഹത്വപ്പെടുത്തുവാൻ തയ്യാറാക്കുന്നതു വഴി രണ്ടാമത്തെ



പ്രലോഭനത്തെയും യേശു വിജയിച്ചു. മൂന്നാമത്തെ പ്രലോഭനം, പൂർണ ശക്തിയോടു കൂടെ ദൈവത്തെ സ്നേഹിക്കുന്നതിന് പകരമായി സമ്പത്തും അധികാരവും സ്വീകരിക്കാനുള്ള പ്രലോഭനമായിരുന്നു. അപ്പത്തിനു വേണ്ടിയും സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടിയും അധികാരവും സമ്പത്തും നിലനിർത്തുന്നതിനു വേണ്ടിയും ദൈവ ബന്ധത്തിൽ നിന്നും അകലുന്ന മനുഷ്യന് നോമ്പാചരണവും ഉപവാസവും ദൈവബന്ധത്തിലേക്കുള്ള പുനർജന്മത്തിന് അവസരം ഒരുക്കുന്നു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പറയുന്നു 'നോമ്പാചരണവും ഉപവാസവും ദൈവഹിതത്തിന് തടസ്സമാകുന്ന പ്രതിബന്ധങ്ങളെ സുഖപ്പെടുത്തുവാനുള്ള തെറാപ്പിയാണ്. ശരിയാണ് ഉപവാസം യഥാർത്ഥ ഭക്ഷണം കഴിക്കുന്നതിലേക്ക് മനുഷ്യനെ നയിക്കുന്നു. സൃഷ്ടാവായ ദൈവത്തിന്റെ ഹിതം നിറവേറ്റുന്നതാണ് യഥാർത്ഥ ഭക്ഷണം. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതാണ് തന്റെ ഭക്ഷണം എന്ന് യേശു തന്നെ ശിഷ്യന്മാരോട് പറയുന്നുണ്ടല്ലോ ചുരുക്കത്തിൽ പൂർണ്ണമായി ദൈവ ഐക്യത്തിൽ ജീവിച്ചുകൊണ്ട് ദൈവഹിതം നിറവേറ്റുന്നതിന് ജീവിതത്തെ നവീകരിക്കുകയാണ് നോമ്പാചരണത്തിന്റെ ലക്ഷ്യം.

'നോമ്പ് ആചരിക്കുന്നവൻ സ്വർഗ്ഗത്തിലാകുന്നു' എന്ന് നോമ്പുകാലത്തെ പ്രാർത്ഥനയിൽ നാം അനുസ്മരിക്കുന്നു. കർത്താവിന്റെ അരികിൽ വസിക്കുന്നവൻ ദൈവസാന്നിധ്യത്തിൽ വിശുദ്ധികരിക്കപ്പെടുകയും അവിടുത്തെ ദിവ്യ വെളിച്ചത്താൽ പ്രശോഭിതരാവുകയും ചെയ്യുന്നു. നാല്പത് ദിവസത്തെ ഉപവാസം മൂലം മോശയുടെ മുഖം തേജോമയമായി. നോമ്പാൽ ഏലിയാ സൂര്യനെ പോലെ പ്രശോഭിച്ചു. താബോർ മലയിൽ പ്രാർത്ഥനയിൽ ചിലവഴിച്ച യേശുവിന്റെ മുഖം പ്രകാശിതമായി. നമ്മുടെ നോമ്പാചരണവും ഉപവാസവും ദൈവസംസർഗത്തിന്റെയും ദൈവ ദർശനത്തിന്റെയും ഒരു താബോർ അനുഭവമായി തീരണം. നോമ്പാചരിക്കുകയെന്നത് ദൈവത്തോട് വസിക്കലാണ്.

www.malankaralibrary.com

# നോമ്പാചരണം: സഹോദരങ്ങളുമായുള്ള ഐക്യം

നോമ്പും ഉപവാസവും വെറും അനുഷ്ഠാനമായി അധഃപതിക്കാനുള്ളതല്ല ജീവിതത്തെ സ്വാധീനിക്കാത്ത ആചാരങ്ങളും അനുഷ്ഠാനങ്ങളും അർത്ഥശൂന്യമാണ്. നോമ്പാചരണവും ഉപവാസവും മനുഷ്യനെ സഹമനുഷ്യരിലേക്ക് നയിക്കുന്നതാകണം. പഴയനിയമത്തിൽ പ്രവാചക ഗ്രന്ഥങ്ങൾ എല്ലാം പ്രതിപാദിക്കുന്നത് സഹോദര സ്നേഹത്തിൽ അധിഷ്ഠിതമായ ഉപവാസത്തെ കുറിച്ചാണ് ജറമിയ പ്രവാചകൻ ഉപവാസത്തിന്റെ പ്രത്യേകതകളായി പറയുന്നത്. അയൽക്കാരനോട് നീതി പുലർത്തുകയും പരദേശിയെയും അനാഥനെയും വിധവകളെയും ചൂഷണം ചെയ്യാതിരിക്കുകയും നിഷ്കളങ്ക രക്തം ചിന്താതിരിക്കുകയും ചെയ്യുന്ന അവസ്ഥയെന്നാണ് (ജെറമിയ 7 :5.7). മനുഷ്യർ തമ്മിലുള്ള ബന്ധത്തെ കുറിച്ചാണ് പ്രവാചകൻ ഇവിടെ പ്രതിപാദിക്കുന്നത്. സഹോദര സ്നേഹമില്ലാത്ത ഭക്താനുഷ്ഠാനമല്ല നോമ്പാചരണം, മറിച്ച് സ്നേഹത്തിൽ വളരാനുള്ള ദൈവികാഹ്വാനമാണത്. 'നോമ്പ് ശ്രേഷ്ഠവും പ്രാർത്ഥന നല്ലതും ആകുന്നു. സ്നേഹം അവയെക്കാൾ ശ്രേഷ്ഠമാണ്. സ്നേഹം കൂടാതെയും വായ നിയന്ത്രിക്കാതെയും നോമ്പാചരിക്കുന്നതെങ്കിൽ അത് വ്യർത്ഥമാണ്. നോമ്പുകാലത്തെ ഈ പ്രാർത്ഥന നമ്മുടെ ജീവിതത്തിൽ അന്വർത്ഥമാകണം. ഏശയ്യാ പ്രവാചകനും ദൈവമാഗ്രഹിക്കുന്ന ഉപവാസത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. 'വിശക്കുന്നവനുമായി ആഹാരം പങ്കുവെക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്നും ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതാണ് ദൈവം ആഗ്രഹിക്കുന്ന ഉപവാസം'. ( ഏശയ്യ 58:6,7) ചുരുക്കത്തിൽ ബാഹ്യമായ അനുഷ്ഠാനങ്ങൾക്കപ്പുറം നീതിപൂർവ്വകവും പങ്കുവെക്കുന്നതുമായ ജീവിതമാണ് നോമ്പാചരണം വഴി ലക്ഷ്യമാക്കേണ്ടത്. ഇതുതന്നെയാണ് പുതിയ നിയമത്തിന്റെയും കാതൽ. സഹോദരസ്നേഹവും നീതിപൂർവകമായ സംവിധാനങ്ങളും പുലരുന്ന ഒരു സമൂഹസൃഷ്ടിയാണ് നോമ്പാചരണത്തിന്റെ ലക്ഷ്യം. അപരനെ കാണാൻ കഴിയാത്ത വിധം സ്വാർത്ഥതയും അനീതിയും നിലനിൽക്കുന്ന ആധുനിക സമൂഹത്തിൽ അപരനിലേക്ക് നയിക്കുന്ന പ്രവർത്തിയാണ് യഥാർത്ഥ നോമ്പ്. കുടുംബബന്ധങ്ങളിലും സമൂഹത്തിലും പുലരേണ്ട പാരസ്പര്യം ആർജിക്കുവാൻ സഹായിക്കുന്നതും അങ്ങനെ സ്നേഹം പ്രവൃത്തിപഥത്തിൽ എത്തുന്നതും ആയിരിക്കണം നമ്മുടെ നോമ്പാനുഷ്ഠാനം.



www.malankaralibrary.com



## നോമ്പാചരണം: ആന്തരീക ഭാവം

നോമ്പും ഉപവാസവും ബാഹ്യമായ ആചാരത്തെക്കാൾ മനുഷ്യന്റെ ഒരു ആന്തരിക ഭാവം ആയിരിക്കണം. സ്വന്തം ജീവിതത്തിൽ വരുത്തേണ്ട് മാനസാന്തരമാണ് ഇവിടെ ലക്ഷ്യമാക്കുന്നത്. ദൈവത്തെ കാണിക്കാൻ വേണ്ടിയുള്ള ഇസ്രായേലിന്റെ ഉപവാസത്തെ പ്രവാചക ഗ്രന്ഥങ്ങളിൽ നിശ്ശിതമായി വിമർശിക്കുന്നുണ്ട്. മനുഷ്യരാൽ കാണപ്പെടാൻ വേണ്ടിയും തങ്ങൾ മെച്ചപ്പെട്ട ജീവിതം നയിക്കുന്നവരാണെന്ന ചിന്ത മറ്റുള്ളവരിൽ ജനിപ്പിക്കുന്നതിന് വേണ്ടിയും നോമ്പാചരിക്കുന്ന പ്രവണതയെയും പഴയനിയമം വിമർശിക്കുന്നു. ഉപവാസം ഭക്തിയുടെ ബാഹ്യപ്രകടനമാക്കുന്നതിനെ യേശു ശക്തമായി എതിർക്കുന്നുണ്ട്. ഉപവസിക്കുമ്പോൾ തലയിൽ തൈലം പൂശുകയും മുഖം കഴുകുകയും ചെയ്യണമെന്ന സുവിശേഷ ആഹ്വാനം ഉപവാസത്തിന്റെ ആന്തരിക ഭാവത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. നോമ്പനുഷ്ഠാനം മാനസാന്തരത്തിലേക്കുള്ള ക്ഷണമാണ്. ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും ആണ് ഉപവാസത്തിന്റെ ലക്ഷ്യമെന്ന് ഏശയ്യ പ്രവാചകൻ പറയുമ്പോൾ നോമ്പാചരണം ഒരുവനെ മാനസാന്തരത്തിലേക്കും ജീവിത നവീകരണത്തിലേക്കും നയിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

## ഉപസംഹാരം

യശുവിന്റെ പീഡാസഹനത്തിലും കുരിശുമരണത്തിലും പങ്കുചേർന്ന് ഉയർത്തെഴുന്നേൽപ്പിന്റെ മഹത്വത്തിലേക്ക് പ്രവേശിക്കുവാനാണ് നോമ്പുകാലം നമ്മെ ഓർമിപ്പിക്കുന്നത്. ഇത് കേവലം ഒരു ഓർമ്മ പുതുക്കലല്ല, മറിച്ച് വ്യക്തിപരമായും സമൂഹമായും രക്ഷാകര രഹസ്യത്തിൽ പങ്കുചേരുന്നതിനുള്ള ആഹ്വാനമാണ്. ഇവിടെ ഓരോ വ്യക്തിയും തനിച്ചല്ല, മറിച്ച് സഭാ സമൂഹമായി യേശുവിന്റെ രക്ഷാകര അനുഭവത്തിലേക്ക് പ്രവേശിക്കുന്നു. ദൈവവുമായും സഹോദരങ്ങളുമായുള്ള ഐക്യത്തിൽ ജീവിച്ച് യേശുവിന്റെ രക്ഷാകര അനുഭവത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള ദിവ്യ ആഹ്വാനമാണ് ഈ നോമ്പുകാലം നൽകുന്നത്.



www.malankaralibrary.com





ജോസഫ് ജോർജ്
ബഹ്റൈൻ

# വാടാമുൾച്ചെടിയുടെ തണലിന്റെ ആലസ്യം

**മ**ലങ്കര സുറിയാനി സഭകളുടെ സന്ധ്യാ നമസകാരത്തിലെ സൂത്താറ പ്രാർത്ഥനയിൽ പരിശുദ്ധ വലിയ നോമ്പ് കാലത്ത് പാടുന്ന ഗാനത്തിന്റെ വരികൾ ഇപ്രകാരമാണ്.

നാല്പതു നാളിന്നുപവാസം
മൂശ കഴിച്ചേലിയാവും
നാഥൻ ശത്രുവിനെ വെന്നു
നാല്പത് നാളുപവാസത്തൽ

ഇതിൽ ഏലിയായുടെ ഉപവാസത്തിന്റെ തുടക്കം ഒരു വാടാമുൾച്ചെടിയുടെ തണലിന്റെ ആലസ്യത്തിൽ കിടന്നുറങ്ങുമ്പോഴായിരുന്നു. 'അവിടെ നിന്ന് അവൻ തനിയെ മരുഭൂമിയിലൂടെ ഒരു ദിവസത്തെ വഴി നടന്ന് ഒരു വാടാമുൾച്ചെടിയുടെ തണലിലിരുന്നു. അവൻ മരണത്തിനായി പ്രാർത്ഥിച്ചു. കർത്താവേ, മതി എന്റെ പ്രാണനെ സ്വീകരിച്ചാലും. ഞാൻ എന്റെ പിതാക്കന്മാരേക്കാൾ മെച്ചമല്ല.' (1 രാജാക്കന്മാർ 19:4).

കാർമ്മൽ മലയിൽ ആകാശത്ത് നിന്ന് അഗ്നി ഇറക്കിയ പ്രവാചകൻ, കെറീത്തിൽ കാക്കയാൽ കരുതപ്പെട്ടവൻ മരണത്തിനായ് പ്രാർത്ഥിച്ചു കിടക്കുന്നു. നമ്മുടെയും ക്രിസ്തീയ ജീവിതങ്ങളും ഇതു പോലെയൊക്കെ തന്നെയാണ്. ഒരു പ്രതിസന്ധി വരുമ്പോൾ മരണത്തിനായി ആഗ്രഹിക്കുക, ഞാൻ ഒട്ടും മെച്ചമല്ല എന്ന സ്വയം കുറ്റബോധം. പക്ഷേ അങ്ങനെ നാം ആഗ്രഹിച്ചും, ചിന്തിച്ചും ജീവിതത്തിൽ നിന്നും വിരമിക്കാൻ (RESIGN) ഒരുങ്ങുമ്പോൾ ദൈവം നമ്മുടെ മേൽ ഒരു വര വരയ്ക്കുന്നുണ്ട്. RE യ്ക്കും SIGN നും ഇടയിൽ ഒരു വര അതായത് RE-SIGN വീണ്ടും തുടങ്ങുക. പരിശുദ്ധ നോമ്പ് ഒരു വീണ്ടും തുടങ്ങലിന്റെ ആഹ്വാനമാണ്. ജീവിത ഭാരങ്ങളുടെയും, പ്രയാസങ്ങളുടെയും ഭാണ്ഠവും പേറി ചെടിയുടെ തണലിൽ കിടന്നുറങ്ങുമ്പോൾ കർത്താവിന്റെ ദൂതൻ നമ്മെ തട്ടിയുണർത്തി ചോദിക്കുന്നുണ്ട് ഒന്ന് എഴുന്നേൽക്കുമോ?

നമ്മുടെ പാപ അവസ്ഥകളും, സങ്കട ഭാരങ്ങളും അകറ്റി ഒരു പുതു ജീവിതത്തിലേക്ക് പ്രവേശിക്കാൻ പ്രാപ്തമാക്കും വിധമുള്ള ഒരു കാലഘട്ടമാണ് പരിശുദ്ധ നോമ്പ്. പക്ഷേ മിക്കപ്പോഴും നാം ഏലിയായെപ്പോലെ എഴുന്നേറ്റ് ഭക്ഷിച്ച് വീണ്ടും ചെടിയുടെ തണലിൽ കിടന്നുറങ്ങും. അതായത് വലിയ പ്രതിജ്ഞയോടും ദൃഢ നിശ്ചയത്തോടും കൂടി പരിശുദ്ധ നോമ്പിലേക്ക് പ്രവേശിക്കും, പക്ഷേ മിക്കപ്പോഴും ചില സാഹചര്യങ്ങളുടെ സമ്മർദവും പ്രലോഭനങ്ങളും കാരണം എനിയ്ക്ക് ജീവിതം മതിയായി എന്ന് പറഞ്ഞ് കൊണ്ട്, ചെടിയുടെ തണലെന്ന ആലസ്യത്തിൽ നാം

www.malankaralibrary.com

വീണ്ടും വീണു പോകുന്നു. അപ്പോൾ വീണ്ടും കർത്താവിന്റെ ദൂതൻ നമ്മെ തട്ടിയുണർത്തി പറയും, എഴുന്നേൽക്കുക, ഭക്ഷിക്കുക, അല്ലെങ്കിൽ യാത്ര ദുഷ്കരമായിരിക്കും. ഈ രണ്ടാമത്തെ തട്ടിയുണർത്തലിൽ നാം എഴുന്നേറ്റ് നമ്മുടെ മനസ്സും ശരീരവും സജ്ജീകരിച്ച് നമ്മെ തന്നെ പ്രാപ്തരാക്കിയാൽ ഏലിയായേപ്പോലെ നാല്പത് രാവും നാല്പത് പകലും നടന്ന് കർത്താവിന്റെ മലയായ ഹൊറോബിലെത്താം. അവിടെ യാണ് നമ്മുടെ നോമ്പ് ജീവിതത്തിന്റെ പൂർണ്ണത നമുക്ക് ദർശിക്കാൻ സാധിക്കുന്നത്.

പരിശുദ്ധ നോമ്പ് ഇഹ ലോക സുഖങ്ങ ളൊക്കെ പരിത്യജിച്ചുള്ള ഒരു ഗുഹാ വാസം ആയിരിക്കണം. എങ്കിൽ മാത്രമേ ഏലിയാ ശ്രവിച്ച കർത്താവിന്റെ സ്വരം കേൾക്കാനാകൂ. മനസ്സിനെയും ശരീരത്തെയും ശുദ്ധീകരിച്ചുള്ള ഒരു ഗുഹാ ജീവിതം. അങ്ങനെയെങ്കിൽ നീ ഇവിടെ എന്ത് ചെയ്യുന്നു എന്ന കർത്താവിന്റെ ചോദ്യത്തിന് പ്രത്യുത്തരമായി സൈന്യങ്ങളുടെ ദൈവമായ കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയാൽ ഞാൻ ജ്വലിക്കുകയാണ് എന്ന് ഏലിയായേപ്പോലെ നമുക്ക് പറയാൻ സാധിക്കൂ. ഇതായിരിക്കണം നമ്മുടെ നോമ്പ് ജീവിതം, കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയാലുള്ള ജ്വലിക്കൽ.



**പരിശുദ്ധ നോമ്പേ... സമാധാനത്താലെ വരിക....**

**ഞങ്ങളുടെ ആത്മാവിനെയും മനസ്സിനെയും ശുദ്ധീകരിച്ച് ഉത്ഥാനം എന്ന പ്രത്യാശയിലേക്ക് ഞങ്ങളെ നയിച്ചാലും....**

നമ്മുടെ നോമ്പ് ജീവിതം ചില ബന്ധനങ്ങ ളുടെയും ഏച്ച് കെട്ടലുകളുടെയും തച്ചുടയ്ക്കൽ കൂടിയാവണം. പന്ത്രണ്ട് ഏർ കാളകളെ ഉഴുത് കൊണ്ടിരുന്നപ്പോഴാണ് ഏലീഷ ഏലിയാ പ്രവാചകനെ കാണുന്നത്. അപ്പോൾ ഏലീഷ കാളകളെ പൂട്ടി കൊണ്ടിരുന്ന കലപ്പ വെട്ടി കീറി തീ കത്തിച്ച് ഏലിയായെ അനുഗമിച്ച് അവന്റെ ശിഷ്യനായി തീർന്നു. കാരണം ഏലീഷായ്ക്ക് വ്യക്തമായി അറിയാ മായിരുന്നു ഈ കലപ്പ ഇവിടെ ഇരുന്നാൽ ഞാൻ വീണ്ടും കാളപൂട്ട് പണിയിലേക്ക് തിരികെ പോകും. പലപ്പോഴും നമ്മുടെ ജീവിതങ്ങൾ ലൗകികമായ കാളപൂട്ട് പണിയാണെങ്കിൽ അതൊക്കെ തച്ചുടച്ചാൽ മാത്രമേ പരിശുദ്ധിയുടെ പ്രതീകമായ നോമ്പിലേക്ക് പ്രവേശിക്കാൻ സാധിക്കൂ.

ബ്രസീലിയൻ ഗാന രചയിതാവും നോവലിസ്റ്റും ആയ പൗലോ കൊയ്‌ലോ എഴുതിയ മനോ ഹരമായ ഒരു വരിയുണ്ട്. 'കടന്നു വന്ന വഴികളിൽ ഒന്നും തിരുത്താൻ കെൽപ്പില്ലാതെ നിൽക്കുന്ന പാവം മനുഷ്യരാണ് നമ്മൾ. പിന്നെയുള്ള ഒരേയൊരു സാധ്യത മുമ്പിലുള്ള ഒരായിരം വഴികളിൽ നിന്ന് ഏറ്റവും ശ്രേഷ്ഠ മായത് തിരയുകയെന്നതാണ്' ആ ശ്രേഷ്ഠ മായ വഴികളിലൊന്നാണ് പരിശുദ്ധ വലിയ നോമ്പ് അവിടെ നമ്മൾ വാടാമുൾച്ചെടിയുടെ തണലിന്റെ ആലസ്യത്തിൽ കിടന്നുറങ്ങാതെ ഉണർവ്വുള്ളവരായിരുന്ന് പരിശുദ്ധ വലിയ നോമ്പിനെ വരവേൽക്കാം. ആത്മ നിർവൃതി യുടെയും അനുരഞ്ജനത്തിന്റെയും പ്രതീകമായ പരിശുദ്ധ നോമ്പിനെ നമുക്ക് വരവേൽക്കാം.

www.malankaralibrary.com

# മലങ്കര സഭാ ചരിത്രം






ബിനു തോമസ്

## മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ

മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ചവരുടെ പിന്മുറക്കാർ എന്ന് സ്വയം വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നവരെ പൊതുവെ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന് വിളിക്കുന്നു. എ. ഡി നാലാം നൂറ്റാണ്ടിൽ ക്നാനായി തൊമ്മന്റെ നേതൃത്വത്തിൽ നടന്ന ഒന്നാം സിറിയൻ കുടിയേറ്റം ഇവിടെയുണ്ടായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളെ ആചാരപരമായും സാംസ്കാരികമായും ശക്തിപ്പെടുത്തിയിട്ടുണ്ട്. മാർത്തോമ്മാ ശ്ലീഹയുടെ ഭാരതസുവിശേഷ വത്കരണത്തിന്റെ ഏറ്റവും ശക്തമായ സാക്ഷ്യമായി ഇന്നും മാർത്തോമ്മാ ക്രിസ്ത്യാനികൾ നിലകൊള്ളുന്നു. മാർത്തോമാ ശ്ലീഹാ സ്ഥാപിച്ച ഏഴ് പള്ളികളാണ് (സഭാസമൂഹങ്ങളാണ്) ദക്ഷിണേന്ത്യയിലെ ആദ്യ ക്രൈസ്തവ സമൂഹങ്ങൾ. ഈ സഭകൾക്ക് (പള്ളികൾക്ക്) സ്വന്തമായി ആരാധനാക്രമ ശുശ്രൂഷകളും വിശ്വാസി സമൂഹത്തിനു ആചാരമര്യാദകളും ഭരണരീതികളും ഉണ്ടായിരുന്നു. ഇതിനെ പൊതുവെ മാർത്തോമ്മാ മാർഗം എന്നറിയപ്പെട്ടു. ഈ സമൂഹങ്ങൾക്ക് ആദ്യകാലങ്ങളിൽ കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനം ഉണ്ടായിരുന്നില്ല

എ.ഡി 52'ൽ ക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽപ്പെട്ട മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യയിലേക്കുള്ള വരവോടെയാണ് ഇവിടുത്തെ സഭാചരിത്രം ആരംഭിക്കുന്നത്.

മാർത്തോമ്മാ ശ്ലീഹയുടെ ഭാരത സുവിശേഷീകരണത്തിന് മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന ജീവിക്കുന്ന സാക്ഷ്യം കൂടാതെ ശ്ലീഹയുടെ രക്തസാക്ഷിത്തം, കബറിടം, തിരുശേഷിപ്പിന്റെ പ്രധാനഭാഗങ്ങൾ മൂന്നാം നൂറ്റാണ്ടിൽ എഡേസയിലേക്ക് മാറ്റപ്പെട്ടത് എന്നിങ്ങനെ ധാരാളം തെളിവുകളുണ്ട്.

സഭാപിതാക്കന്മാരായ, മാർ അപ്രേം, വി. ഗ്രിഗോറിയസ്, വി. ആംബ്രോസ്, മോർ ജോൺ ക്രിസോസ്റ്റം, വി. ജെറോം തുടങ്ങി അനേകരുടെ സാക്ഷ്യങ്ങൾ ഇത് സംബന്ധിച്ച് ലഭ്യമാണ്.[1] വിവിധ പ്രാചീന രേഖകളും സഞ്ചാരികളുടെ സാക്ഷ്യങ്ങളും ഇത് കൂടാതെയും ലഭ്യമാണ്, വിവിധ സഭകളുടെ ആരാധനപാരമ്പര്യങ്ങളും ആരാധനക്രമങ്ങളും മാർത്തോമ്മായുടെ ഇന്ത്യാ പ്രവേശനം സൂചിപ്പിക്കുന്നു.[2]

1. മാർത്തോമ്മാ ശ്ലീഹയുടെ ഇന്ത്യൻ സഭ, ജി ചേടിയത്ത് P 36
2. മാർത്തോമ്മാ ശ്ലീഹയുടെ ഇന്ത്യൻ സഭ, ജി ചേടിയത്ത് P 42

www.malankaralibrary.com

# പേർഷ്യൻ ബന്ധം

മാർത്തോമ്മാ നസ്രാണികളുടെ സഭ ഫാർസിലെ പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടിരുന്നതായി രേഖകൾ, ആരാധനക്രമം ആധ്യാത്മിക നേതൃത്വം ഇവവഴി നമുക്ക് മനസിലാക്കാം. ഈ ബന്ധം എന്നുമുതൽ എന്ന് കൃത്യമായി പറയുക സാധ്യമല്ല. ഫാർസിലെ സഭയുടെയും ഭാരത സഭയുടെയും പിതാവ് മാർത്തോമ്മയാണ് അതിനാൽ ആദ്യ നൂറ്റാണ്ടു മുതൽ ഈ ബന്ധം ആരംഭിച്ചു എന്ന് കരുതുന്നവരും പേർഷ്യൻ കുടിയേറ്റം (ക്നാനായിത്തോമ്മ) മുതലാണ് ഈ ബന്ധം തുടങ്ങിയതെന്നും കരുതുന്നവരുണ്ട്.

ആദ്യനൂറ്റാണ്ടിൽ പൗര്യസ്ത ദേശത്തേക്ക് സുവിശേഷവുമായി വന്ന ശ്ലീഹ ഇവിടങ്ങളിൽ ധാരാളമായി ഉണ്ടായിരുന്ന യഹൂദരുടെയും ഇതര സെമിറ്റിക് വംശജരുമായും സംവദിക്കുകയും തന്റെ ഭാഷയായ അറമായ ( ആദിമസുറിയാനി) ഭാഷയിൽ സുവിശേഷം അറിയിക്കുകയും ചെയ്തിട്ടുണ്ടാവാം. തദ്ദേശീയരിലേക്കു ക്രിസ്തു മാർഗം സ്വീകരിച്ച സെമിറ്റിക് വംശജരിൽ നിന്ന് സുവിശേഷം ലഭ്യമായിരിക്കാം.

ഫാർസിലെ സഭയ്ക്കും ഭാരത സഭക്കും ഏകദേശം ഒരേ രീതിയിലാണ് സുവിശേഷം ലഭ്യമായതെന്ന് സൂചിപ്പിക്കാനാണ് ഇത് പറഞ്ഞത്. ക്രിസ്തു വർഷം അഞ്ചാം നൂറ്റാണ്ട് വരെ ഫാർസിലെ സഭ സ്വതന്ത്രമായിരുന്നു എന്നാണ് ചരിത്രം. സെലൂഷ്യയിലെ മെത്രാസനം കേന്ദ്രമാക്കി കാതോലിക്ക സിംഹാസനം ഉടലെടുക്കുകയും ഫാർസ് പിൽകാലത്ത് ബാബിലോൺ പത്രിയർക്കേറ്റ് കാതോലിക്കഎന്നീ പേരുകളിൽ അറിയപ്പെട്ട ഭരണധികാരത്തിൻ കീഴിലാകുകയും ചെയ്തു. സ്വാഭാവികമായി ഭാരതസഭയും ഈ അധികാര കൈമാറ്റത്തിൽ അറിഞ്ഞോ അറിയാതെയോ ഭാഗമായി. ഏഴാംനൂറ്റിന് ശേഷമാണ് ഈ മാറ്റം പൂർണമായതെന്നാണ് കരുതുന്നത് , കാരണം സെലൂഷ്യ സഭയുടെ മുൻപുള്ള രേഖകളിലൊന്നും ഭാരതസഭ പരാമർശിക്കപ്പെട്ടിട്ടില്ല



# ഭാരതസഭ ഏഴാം നൂറ്റാണ്ടുവരെ

ഏഴാം നൂറ്റാണ്ടുവരെയുള്ള ഭാരതസഭയുടെ ചരിത്രം കൃത്യമായ രേഖകളിലൂടെ നമുക്ക് വരച്ചു കാണിക്കാൻ സാധ്യമല്ല. എല്ലാ അപ്പസ്തോലിക സഭകളിലും സംഭവിച്ചിരുന്നതുപോലെ, തോമ്മാ ശ്ലീഹാ പിൻഗാമികളെ നിയമിച്ചിരിക്കാൻ എല്ലാ സാധ്യതയുമുണ്ട്, ഇത് വാമൊഴി ഐതിഹ്യങ്ങളിലും റമ്പാൻ പാട്ടിലും വ്യക്തമായി പറയുന്നുമുണ്ട്. 2 മെത്രാൻന്മാർ, നാലു റമ്പാന്മാർ,7 സമൂഹങ്ങൾക്ക് 7 വൈദികർ, 21 ശെമ്മാശൻമാർ ഇവരെ നിയമിച്ചാക്കി, കേപ്പാ എന്നും പൗലോസ് എന്നും പേരുകാരായിരുന്നു ഈ മെത്രാൻമാർ ഇതിന് ചരിത്ര രേഖകളില്ലെങ്കിലും എല്ലാ അപ്പസ്തോലികസഭകളിലും സംഭവിച്ചത് ഇങ്ങനെയൊക്കെ തന്നെയായിരുന്നു.

ഭാരതസഭ ഒന്നുമുതൽ നാലാം നൂറ്റാണ്ടുവരെ മാർത്തോമ്മ നൽകിയ തദ്ദേശിയ അപ്പസ്തോലികപിന്തുടർച്ചയിലും പേർഷ്യൻ കുടിയേറ്റ ശേഷം ഫാർസിലെ സഭയുമായും അവർ വഴി പേർഷ്യയിൽ നിന്ന് എത്തിയിരുന്ന മെത്രാൻമാരുമായി ബന്ധത്തിലാവുകയും ക്രമേണ അവരുടെ ആത്മീയ മേലധ്യക്ഷത്വം അംഗീകരിക്കുകയും. ചെയ്തിരിക്കാനാണ് സാധ്യത.. പേർഷ്യൻ മെത്രാൻമാർ കൂടുതൽ വികസിതവും രൂപഭംഗിയുള്ളതുമായ ആരാധനാക്രമം ഇവിടെ അവതരിപ്പിച്ചപ്പോൾ ഒരേ പൈതൃകത്തിലും ഒരേ വ്യവഹാരഭാഷയിലും വർത്തിച്ചിരുന്ന ഇവിടുത്തെ സഭസമൂഹത്തിന് അത് സ്വീകാര്യമായിക്കാണും എന്തായാലും കേരള സഭയുടെ തുടർന്നുള്ള വളർച്ച പൗരസ്ത്യ സുറിയാനി സഭയുമായി ബന്ധപ്പെട്ടു തന്നെയായിരുന്നു.

തുടരും...

www.malankaralibrary.com





# വന്ദ്യനായ ധർമ്മരാജ് അച്ചൻ എന്റെ ഓർമ്മയിൽ...

ഞങ്ങളുടെ വീട്ടിലേയ്ക്കുള്ള വഴി വെട്ടുമായി ബന്ധപ്പെട്ട് അയൽക്കാരുടെ പരാതിയിൽമേൽ പോലീസ് സ്റ്റേഷനിൽ അറസ്റ്റ് ചെയ്യപ്പെട്ട നെടുമങ്ങാട് വൈദികജില്ലയിലെ രണ്ട് യുവാക്കളെ മോചിപ്പിയ്ക്കാനായിരുന്നു ആ ഞായറാഴ്ച്ച മൂന്നു പള്ളികളിലെ വിശുദ്ധ കുർബാന കഴിഞ്ഞ് ഞാൻ നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ എത്തിയത്. കരഞ്ഞു തളർന്ന അവരുടെ അമ്മയെ ആശ്വസിപ്പിച്ച് പോലീസ് സ്റ്റേഷനുള്ളിൽ കയറുമ്പോൾ ഒരു വൈദികനു ചുറ്റുമായി ഇരുചേരികളായിനിൽക്കുന്ന ആളുകളെ ശ്രദ്ധിച്ചിരുന്നു. എനിയ്ക്ക് പരിചയമുള്ള സർക്കിൾ ഇൻസ്പെക്ടർ ആയതിനാൽ (ബഥനി ITC യിൽ അദ്ദേഹത്തിന്റെ മകൻ പഠിക്കുന്നുണ്ടായിരുന്നു) ധൈര്യപൂർവ്വം സ്റ്റേഷനുള്ളിൽ കയറി യുവാക്കളുടെ വിവരമറിയുകയും, അവരുടെ ബന്ധുക്കളുടെ ജാമ്യത്തിൽ അവരെ പുറത്തിറക്കി വരുമ്പോഴും ആ വൈദീകൻ ആകെ അസ്വസ്ഥതനായി, ആരുടെയോ സഹായം തേടുന്നത് പോലെ എനിയ്ക്ക് തോന്നി. തിരിച്ച് സർക്കിൾ ഇൻസ്പെക്ടറുടെ അടുക്കലെത്തി ആ വൈദീകനെ കുറിച്ച് അന്വേഷിച്ചപ്പോഴാണ് അറിയുന്നത് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ സഭാംഗമായിരുന്ന റ്റി. ധർമ്മരാജ് അച്ചൻ നെടുമങ്ങാട് ഭാഗത്തുള്ള അവരുടെ പള്ളിയിൽ (സ്ഥലം ഓർമ്മയിലില്ല) സേവനം അനുഷ്ഠിച്ച് വരവേ പള്ളിയംഗങ്ങൾ തമ്മിലുള്ള എന്തൊപ്രശ്നമാണ് അച്ചനെ പോലീസ് സ്റ്റേഷനിൽ എത്തിച്ചതെന്ന്. ആ വൈദീകനാണ് 2024 ജനുവരി 17 നിത്യസമ്മാനത്തിനായി നമ്മിൽ നിന്നും യാത്രയായ വന്ദ്യ ഫാ. ടി. ധർമ്മരാജ്.

ധർമ്മരാജ് അച്ചന്റെ വിവരങ്ങൾ സി.ഐയോട് അന്വേഷിക്കുകയും ധർമ്മരാജ് അച്ചനെ എന്റെ കൂടെ വിടണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു തുടർന്ന് അച്ചനെ ബഥനി ആശ്രമത്തിൽ കൊണ്ട് പോകുകയും; രാവിലെ ഒരു കാലിചായ കുടിച്ചിറങ്ങിയ ആ മനുഷ്യനു ഭക്ഷണം കൊടുക്കുവാനും അല്പനേരം വിശ്രമിയ്ക്കുവാനും ബഥനിയിൽ സൗകര്യം ഒരുക്കുവാനും എനിയ്ക്ക് സാധിച്ചു. ബഥനിയിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലേയ്ക്കുള്ള പ്രവേശനത്തിന്റെ ദൈവീകപദ്ധതിയായിരുന്നവത്.

1967 മെയ് 25 ന് ചെമ്പൂർ പ്രദേശത്ത് ജനിച്ച ധർമ്മരാജ് അച്ചൻ, അടൂർ, കണ്ണമ്മൂല, മദ്രാസ് തുടങ്ങിയിടങ്ങളിലെ സെമിനാരികളിൽ ദൈവശാസ്ത്രവും ബൈബിൾ പഠനവും പൂർത്തിയാക്കി ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ (ESI) എന്ന സഭയിലെ വൈദികനായി തിരുവനന്തപുരം ജില്ലയിലെ പലയിടത്തും സേവനമനുഷ്ഠിച്ചു വരവേയാണ് മുകളിൽ സൂചിപ്പിച്ച സംഭവം നടക്കുന്നത്.

പിന്നീട് നെടുമങ്ങാട് ആശ്രമത്തിൽ ധർമ്മരാജ് അച്ചൻ പലപ്പോഴായി വരുകയും ഞങ്ങളുമായി കുറച്ച് സമയമെങ്കിലും ചിലവിടുകയും ചെയ്യുമായിരുന്നു. അങ്ങനെയിരിക്കേ ഒരു ദിവസം ധർമ്മരാജ് അച്ചൻതന്റെ മനസ്സിലെ ആഗ്രഹം ഞങ്ങളുമായി പങ്കിട്ടു; കത്തോലിക്കാ സഭയിൽ ചേരണം! അപ്രതീക്ഷിതമായ ആ ആഗ്രഹം അന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭാതലവനായിരുന്ന തിരുവനന്തപുരം



ഫാ. സ്റ്റീഫൻ പ്ലാത്തോട്ടത്തിൽ OIC

അതിഭദ്രാസനാധിപൻ ഭാഗ്യസ്മരണീയനായ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ (പ്രഥമ കാതോലിക്ക ബാവ) മുൻപാകെ ഞാൻ അറിയിച്ചു. പിറ്റേദിവസം തന്നെ വന്നുകാണുവാനുള്ള അനുമതി തിരുമേനി നൽകുകയും ചെയ്തു. കൂടിക്കാഴ്ചയിൽ തന്നെ ദീർഘദർശിയായ സിറിൽ പിതാവിനു ധർമ്മരാജ് അച്ചനിൽ താത്പര്യമുണ്ടാകുകയും മലങ്കര സഭയിലെയ്ക്കുള്ള പ്രവേശനാനുമതിയ്ക്കായി വത്തിക്കാനുമായി എഴുത്തുകുത്തുകൾ നടത്തുകയുമുണ്ടായി.

1997 സെപ്തംബറിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവനന്തപുരം അതിഭദ്രാസനാധിപൻ ആയിരുന്ന ഭാഗ്യസ്മരണീയനായ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ (പ്രഥമ കാതോലിക്ക ബാവ) മുമ്പാകെ സത്യവിശ്വാസം ഏറ്റു പറഞ്ഞ് കുടുംബ സമേധം കത്തോലിക്കാ സഭയിലേയ്ക്ക് ധർമ്മരാജ് അച്ചൻ ചേരുകയും പിന്നീട് കത്തോലിക്കാ സഭയുടെ ദൈവശാസ്ത്രത്തിലും, മരിയോളജിയിലും, മലങ്കര ആരാധനാക്രമത്തിലും വേണ്ട പരിശീലനം നാലാഞ്ചിറ മലങ്കര മേജർ സെമിനാരിയിൽ നിന്ന് കരസ്ഥമാക്കിയ ബഹു. അച്ചൻ, വി. ജോൺ പോൾ മാർപാപ്പയുടെ പ്രത്യേക അംഗീകാരത്തോടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ വൈദികപട്ടം സ്വീകരിച്ചു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെയും (അന്ന് തിരുവനന്തപുരം സഹായ മെത്രാൻ) ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹത്തിന്റെയും നെടുമങ്ങാട് ബഥനി ആശ്രമത്തിൽ അന്നുണ്ടായിരുന്ന ഫാ. മത്തായി തുരുത്തേൽ OIC, ഫാ. പ്രേമാനന്ദ് OIC, അന്ന് റീജൻസിയിൽ ആയിരുന്ന ഫാ. തോമസ് പ്രശോഭ് OIC, ഫാ. സിറിൽ ആനന്ദ് OIC എന്നിവരുടെയും സഹായ സഹകരണങ്ങൾ വിസ്മരിയ്ക്കാനാകില്ല.

ആദ്യസമയങ്ങളിൽ വിശ്വാസികൾ വിവാഹിതനായ ഒരു പുരോഹിതനെന്ന നിലയിൽ പലപ്പോഴും അച്ചന്റെ രീതികളെയും ശൈലികളെയും മനസ്സിലാക്കാനും അംഗീകരിക്കാനും വൈമനസ്യം കാട്ടിയെങ്കിലും സഭാകൂട്ടായ്മകൾ ആരംഭിക്കാനും ക്ഷയിച്ചുപോയ കൂട്ടായ്മകളെ ബലപ്പെടുത്താനുമുള്ള ധർമ്മരാജ് അച്ചന്റെ സവിശേഷമായ കഴിവിലും, സ്വയംപ്രേരിത പ്രാർത്ഥനകളിലും പ്രഭാഷണങ്ങളിലും എല്ലാവരും പെട്ടെന്ന് ആകൃഷ്ടരായി തീർന്നു. കാട്ടാക്കടയിലെ സ്വഭവനത്തിൽ താമസിച്ചുകൊണ്ട്. നെടുമങ്ങാട്, കാട്ടാക്കട വൈദീക ജില്ലകളിൽ പത്തോളം പുതിയ കൂട്ടായ്മകൾ രൂപീകരിയ്ക്കുവാനും ധർമ്മരാജ് അച്ചനെ ദൈവം ഒരുക്കി.

ഞാൻ അന്ന് ശുശ്രൂഷ ചെയ്തിരുന്ന ആര്യനാട്, മീനാങ്കൽ, കുറ്റിച്ചൽ, കള്ളിയൽ ഇടവകകളിൽ എനിയ്ക്കൊപ്പം സഹായിയായി തേജസുറ്റ മിഷനറിയായി കൂടെയുണ്ടായിരുന്ന ധർമ്മരാജ് അച്ചന്റെ പ്രവർത്തനഫലമായി ധാരാളം വിശ്വാസികൾ സഭയിലെയ്ക്ക് വരുകയുണ്ടായി. പതിനെട്ടോളം കുടുംബങ്ങൾ മാത്രമുണ്ടായിരുന്ന കുറ്റിച്ചൽ ഇടവകയിൽ ഏകദേശം നാല്പതോളം കുടുംബസംഖ്യയിലേയ്ക്ക് വന്നത് ഒരുദാഹരണം മാത്രം. അനേകരെ കത്തോലിക്കാ സഭയിലേയ്ക്ക് വഴിയൊരുക്കിയ ധർമ്മരാജ് അച്ചന്റെ 1997ൽ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേയ്ക്ക് നെടുമങ്ങാട് നിന്നുള്ള ആദ്യ പദയാത്രയ്ക്കുള്ള നേതൃത്വനിരയിൽ നിന്നിരുന്ന മുഖമിപ്പോഴും ഓർമ്മയിലുണ്ട്.

സാമ്പത്തിക ലക്ഷ്യത്തോടെയാണ് ധർമ്മരാജ് അച്ചൻ കത്തോലിക്കാ സഭയിലെയ്ക്ക് കടന്നുവന്നതെന്ന തെറ്റിദ്ധാരണയും കുപ്രചരണവും അന്നുണ്ടായിരുന്നെങ്കിലും അതിലൊന്നും യാതൊരു കഴമ്പുമില്ല എന്നതാണ് വാസ്തവം. ഓലമേഞ്ഞ പള്ളികളിൽ നിന്നും, പാവപ്പെട്ടവരായ വിശ്വാസികളിൽ നിന്നും ലഭിച്ചിരുന്നതിനെക്കാൾ വരുമാനം ധർമ്മരാജ് അച്ചന്റെ വസ്തുവിൽ നിന്നും വിറ്റിരുന്ന മണലിൽ നിന്നും ലഭിയ്ക്കുമായിരുന്നു. വലത് കരം ചെയ്യുന്നത് ഇടത് കരം അറിയരുതെന്ന വേദവാക്യം അച്ചട്ടായി പാലിച്ചിരുന്ന ധർമ്മരാജ് അച്ചൻ ഒത്തിരിപേരെ ദിനവും സാമ്പത്തികമായി സഹായിച്ചിരുന്നതായി പിന്നീട് അറിയാൻ സാധിച്ചിട്ടുണ്ട്.



www.malankaralibrary.com 

ആര്യനാട് ദൈവാലത്തിനു മുന്നിലെ കുരിശടി നിർമ്മാണത്തിനു കള്ളിമുണ്ടും ബനിയനും ധരിച്ച് ഒരു സാധാരണക്കാരനെപ്പോലെ പണിക്കാരോടോപ്പം കായികാധ്വാനത്തിലേർപ്പെട്ട ധർമ്മരാജ് അച്ചന്റെ സേവനസന്നദ്ധത ഓർമ്മയിലിപ്പോഴും നിഴലിക്കുന്നുണ്ട്. കള്ളിയേൽ പള്ളിയിലെ നിർദ്ദനരായ വിശ്വാസികളോടുള്ള അച്ചന്റെ പ്രത്യേക താത്പര്യവും കരുതലും പറയാതെ വയ്യ. കള്ളിയേൽ നിത്യസഹായമാതാ പള്ളിപ്പെരുന്നാളിനു മുന്നോടിയായി ഓലമേഞ്ഞിരുന്ന പള്ളിയിലെ ഓല മാറ്റുന്നതിനും അലങ്കരിയ്ക്കുന്നതിനും സ്വന്തം കൈകാശ് ചിലവാക്കിയതും അതുമായി ബന്ധപ്പെട്ട് ബിസ്കറ്റും ചായയും ക്രമീകരിച്ചതും അന്ന് ആ ചെറിയ കൂട്ടായ്മയിൽ കടന്ന് വന്ന് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് അർപ്പിച്ച വിശുദ്ധ കുർബാനയും മറക്കാനാകില്ല.

പ്രതികൂലങ്ങൾ മുൻകൂട്ടി മനസ്സിലാക്കുവാനുള്ള ദൈവിക കൃപയും, നടത്തിപ്പും ധർമ്മരാജ് അച്ചനിലുണ്ടായിരുന്നതായി എനിയ്ക്ക് തോന്നിയിട്ടുണ്ട്. റോഡിനു കുറുകെ കയറു കെട്ടുക, ഒളിച്ചിരുന്ന് കല്ലെറിയുക, പതിയിരുന്നുള്ള മറ്റു പല ആക്രമണ രീതികളും അച്ചന്റെ നേരെ പലയാവർത്തി തത്പരകക്ഷികൾ നടത്തിയെങ്കിലും അത്ഭുതകരമായി കർത്താവ് രക്ഷിച്ചിരുന്നു. ഉഴമലയ്ക്കലിനും കുളപ്പടയ്ക്കുമിടയിൽ എനിയ്ക്ക് നേരെയുമുണ്ടായ ആക്രമണവും രക്ഷപ്പെടലുമെല്ലാം ഇപ്പോഴും ആശ്ചര്യമാണ്.

ലഭ്യമായ സാഹചര്യങ്ങളും സൗകര്യങ്ങളും മുതലാക്കി നെടുമങ്ങാട്, കാട്ടാക്കട പ്രദേശത്തിലെ അനേകരെ കത്തോലിക്കാ സഭയിലേയ്ക്ക് നയിച്ച തീഷ്ണ വാനായ മിഷണറിയെ ഏകദേശം പത്തു വർഷത്തോളമായി നേരിൽ കണ്ടിട്ട്, ആ ശബ്ദമൊന്ന് കേട്ടിട്ട്... ഒരു വീര സത്യാന്വേഷിയേയും, തീഷ്ണവാനായ മിഷണറിയേയും, പ്രഗത്ഭനായ സുവിശേഷ പ്രഘോഷകനെയുമാണ് നമ്മുക്ക് നഷ്ടമായിരിയ്ക്കുന്നത്. ആകസ്മികമായി അകാലത്തിൽ പൊലിഞ്ഞ ധർമ്മരാജ് അച്ചന്റെ ഭൗതീക ശരീരത്തിന്റെ ഫോട്ടൊ മാത്രമാണ് കാണുവാൻ സാധിച്ചത്... ഒന്ന് നേരിൽ കാണുവാൻ കഴിഞ്ഞില്ലല്ലൊ എന്നുള്ള നൊമ്പരമുണ്ടെങ്കിലും അദ്ദേഹത്തിന്റെ മക്കൾ മകൾ അനീറ്റാ എലിസബത്ത്, മകൻ ജോബിൻ ഡി. അലക്സ് നല്ല നിലയിലാണെന്ന് അറിയാൻ സാധിച്ചതിൽ കർത്താവിനെ മഹത്വപ്പെടുത്തുന്നു. കുടുംബസ്ഥനായിരിക്കേ ധന്യമായ വൈദീക ജീവിതം നയിച്ച ജീവചരിത്രമാണ് വന്ദ്യ ധർമ്മരാജ് അച്ചന്റേതെന്ന് അടിവരയിട്ട് പറയേണ്ടതാണ്. ധർമ്മരാജ് അച്ചന്റെ സഹധർമ്മിണി ശ്രീമതി എലിസബത്തിനെയും കുടുംബാംഗങ്ങളെയും എന്റെ അനുശോചനം അറിയിക്കുന്നു.

വന്ദ്യപുരോഹിതാ, സമാധാനത്താലെ പോവുക...
ഇമ്പങ്ങളുടെ സ്വർഗ്ഗിയ പറുദീസയിൽ
മാലാഖമാരോട് കൂടെ അങ്ങ്
ചേർക്കപ്പെടുമാറാകട്ടെ....

ഇമ്പങ്ങളുടെ സ്വർഗ്ഗിയ പറുദീസയിൽ
മാലാഖമാരോട് കൂടെ ചേർക്കപ്പെട്ടട്ടെ



www.malankaralibrary.com

# മലയോര ഗ്രാമത്തിലേക്ക് കാഷായ വസ്ത്രത്തിന്റെ സ്നേഹം കൊണ്ടുവന്ന സന്ന്യാസി



*ഫാ. ഷൈജു മാത്യു മേപ്പുറത്തു ഒ. ഐ.സി*
(വിയന്ന, ഓസ്ട്രിയ)

' **ഈ** ചോദ്യത്തിന് ഇരുപതു രൂപ സമ്മാനം, ചോദിക്കട്ടെ 'മാമുട്ടിലച്ചൻ അവധിക്കു വന്നാൽ കുർബാനക്ക് ശേഷം ക്വിസ് ആരംഭിക്കും. 'നയവാൻ പന പോലെ തളിർത്തിടുമേ,... ബൈബിളിൽ എവിടെ യാണത് എഴുതിയിട്ടുള്ളത്? ഏതു പുസ്തകം? ഏതു വാക്യം? ആരാധന ക്രമത്തിലെ പ്രാർത്ഥനകളും ഗാനങ്ങളും ബൈബിൾ വചനങ്ങൾ തന്നെയാണെന്ന് പഠിപ്പിച്ചു അച്ചനാണ് ആരാധനാക്രമ പഠനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. 'ആർക്കുവേണമെങ്കിലും പറയാം' ചോദ്യം പിന്നെ മുതിർന്നവരിലേക്ക് നീളും. ഇത് പള്ളികളിൽ മാത്രമല്ല കുട്ടികളെ കണ്ടു മുട്ടുമ്പോഴൊക്കെ ഇത്തരം പങ്കുവയ്കലുക്കൾ തുടരും. അതോടെ നമ്മുടെ മനസ്സിൽ ഒരാൾ പതിയും, ജെയിംസ് മാമ്മുട്ടിൽ ഒ.ഐ. സി. സഭാത്മകമായ ഒട്ടുമിക്ക അനുകാലികങ്ങളിലും ലേഖനങ്ങൾ എഴുതി യിരുന്ന ആളാണ് ജെയിംസച്ചൻ. അച്ചന്റെ രചന ശൈലിയിൽ തലകെട്ടുകൾക്കും ഉപശീർകങ്ങൾക്കും ഒരു പ്രത്യേക സ്ഥാനമുണ്ട്. അച്ചനെകുറിച്ചുള്ള ഈ ഓർമ്മകുറിപ്പിലും ഞാൻ ആ ശൈലി കടം വാങ്ങുകയാണ്...



## ബാല്യം ജീവിതത്തിന്റെ സംഗ്രഹം

ജയിംസച്ചൻ ജനിച്ചത്, പത്തനംതിട്ടയിലെ വെട്ടിപ്പുറത്താണ്. എന്നാൽ അച്ചൻ അറിയപെടുന്നത് തോക്കുംതോടുകാരൻ ആയിട്ടാണ്. അച്ചൻ മാമോദിസ സ്വീകരിച്ചത് അയിരൂർ സെന്റ്. ജോൺസ് ഓർത്തഡോസ് പള്ളിയിൽ നിന്നാണ്. ജീവിതത്തി ലുടനീളം സഭൈക്യത്തിന് അച്ചൻ വലിയ പ്രാധാന്യം കൊടുത്തിരുന്നു. സഹോദരി സഭകളുമായുള്ള സഹകരണവും പങ്കാളിത്തവും അച്ചന്റെ ഉപരി പഠനവിഷയം മാത്രമല്ല ജീവിതത്തിന്റെ സംഗ്രഹം കൂടിയായിരുന്നു.

## പഠനം പാഠഭാഗം

ബഥനി ആശ്രമസ്ഥരുടെ വിദ്യാലയമായിരുന്ന കറ്റാനം പോപ്പ് പയസ് സ്കൂളിലാണ് അച്ചൻ ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയത്. പിന്നീട് അദ്ദേഹം പാരിസിലെ MAITRISE INSTITUTE ൽ നിന്നും ഉപരിപഠനം പൂർത്തിയാക്കി. ജീവിതത്തി ലെപ്പോഴും വായനക്കും പഠനത്തിനും ജയിംസ് അച്ചൻ പ്രത്യേക സ്ഥാനം നൽകി. അനുകാലിക വിഷയത്തിലും അവയെ അപഗ്രഥിക്കുന്നതിലും വേണ്ടി വന്നാൽ ഒരു Prime Time ചർച്ച സംഘടിപ്പി ക്കുന്നതിലും ജയിംസചൻ ശ്രദ്ധ പുലർത്തി. വൈദികരുടെ ജീവിതത്തിൽ, സമൂഹത്തെ ബാധി ക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതും അവയെ വിശകലനം ചെയ്യുന്നതും പ്രധാനമാണെന്നു അച്ചൻ ഓർമ്മി പ്പിച്ചിരുന്നു. അതിലേക്കുള്ള ഒരു പാഠഭാഗം കൂടിയായിരുന്നു ജയിംസച്ചൻ.

www.malankaralibrary.com


## ശുദ്ധം. സംശുദ്ധം

തികഞ്ഞ സ്വാഭാവികത അച്ചന്റെ വലിയ നന്മയായിരുന്നു. ആർക്കുവേണ്ടിയും അഭിനയിയിക്കുന്ന പ്രകൃതമായിരുന്നില്ല അദ്ദേഹം. ലാളിത്യം അച്ചൻ ആഭരണമാക്കിയിരുന്നു. എല്ലാവരോടുമൊപ്പം നടക്കാനും എല്ലാവരെയും ഒരുപോലെ കാണാനും അച്ചൻ ശ്രമിച്ചു. ഒരു തുറന്നുപുസ്തകം പോലെ, ഒരു സ്ഫടികഭവനം പോലെ.. ജീവിതത്തിലുടനീളം ആ നൈർമല്യം അദ്ദേഹം പുലർത്തിയിരുന്നു. കാർക്കശ്യം തന്നോടുതന്നെ: കാരുണ്യം മറ്റുള്ളവരോട് അച്ചൻ പറഞ്ഞിരുന്നു സന്ന്യാസപരമായ കാർക്കശ്യം ആരിലും അടിച്ചേൽപ്പിക്കാൻ അച്ചൻ തയ്യാറായിരുന്നില്ല.

## സർവ്വദാ സന്നദ്ധൻ

ഉണർന്നിരിക്കുന്ന കാവൽക്കാരനെ പോലെയായിരുന്നു ജയിംസച്ചൻ. ഏത് ജോലിയും, ഏതു സ്ഥലവും ആദ്ദേഹം സന്തോഷത്തോടെ സ്വീകരിച്ചിരുന്നു 'എനിക്കും പറ്റില്ല എന്നന്ന് ആര് പറഞ്ഞു മാർപാപ്പയാകാൻ പറഞ്ഞാൽ പോലും ഞാൻ ആകും' അച്ചൻ ഒരിക്കൽ തമാശയായി പറഞ്ഞത് ഓർക്കുന്നു. ബഥനി ആശ്രമത്തിന്റെ ഒട്ടുമിക്ക മിഷൻ മേഖലകളിലും അച്ചൻ നിസ്വാർത്ഥ സേവനം നൽകിയിട്ടുണ്ട്. ജോലിയിലെ വലിയ വ്യത്യസമോ, പദവി വ്യത്യാസമോ ജയിംസച്ചൻ കാര്യമാക്കിയില്ല എപ്പോഴും അദ്ദേഹം സന്നദ്ധനായിരുന്നു.

## സംയമനേതൃത്വം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിവിധ ഇടവകകളിൽ വികാരിയായി നേതൃത്വം നൽകിയതിനൊപ്പം ബഥനി സന്ന്യാസസമൂഹത്തിന്റെ ജനറൽ കൗൺസിലറായി രണ്ട് പ്രവശ്യവും ബഥനി നവജീവൻ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലറായും ജയിംസച്ചൻ സമൂഹത്തിനു നേതൃത്വം നൽകി.

എല്ലാ കാര്യങ്ങളിലും ജയിംസ് അച്ചന്, സ്വന്തമായ അഭിപ്രായം ഉണ്ടാ യിരുന്നു. എന്നാൽ 'ശരി, നിങ്ങൾ പറയുന്നതുപോലെ,... ഞാൻ എന്റെ അഭിപ്രായം പറഞ്ഞെന്നേ ഉള്ളൂ എന്ന് പറഞ്ഞ് സംയമനത്തോടെ ഒരു സംയുക്ത തീരുമാനത്തിലേക്ക് അച്ചൻ നമ്മെ നയിക്കും. അഹംബോധത്തിൽ നിന്നും മുളയ്ക്കുന്ന ശാഠ്യങ്ങളെ മറന്നു കളയാൻ അദ്ദേഹത്തിന് കഴിഞ്ഞു.

## സമഗ്രം സന്തോഷം

വിശുദ്ധ കുർബാനയ്ക്കു മുൻപ് അദ്ദേഹം എന്നും ഒരു ചെറിയ ആമുഖം പറയും. അതിൽ ആ ദിവസത്തെ പ്രധാനനിയോഗവും ഉണ്ടാകും. മിക്കവാറും അതിനെ തുടർന്ന് 'നമ്മുക്ക് ലോകത്തിന് മുഴുവനും വേണ്ടി പ്രാത്ഥിക്കാം. 'പിന്നീടത് ചുരുക്കും. ജക്കാർത്തയിൽ ഭൂകമ്പം ഉണ്ടായി അവരെ ഓർക്കാം, കേരളത്തെ ഓർക്കാം, നമ്മുടെ ജില്ലയെ ഓർക്കാം... ലോകത്തെ അതിന്റെ സമഗ്രതയിൽ കാണുമ്പോഴും കൂടുതൽ പരിഗണിക്കപ്പെടേണ്ട ചെറുതുകളെ മറക്കാതിരിക്കാൻ ജയിംസച്ചന് എന്നും സാധിച്ചു.

സന്തോഷം ജയിംസച്ചന്റെ പര്യായമായ പദമാണ്. എല്ലാവരോടുമൊത്ത് അദ്ദേഹം പങ്കുവച്ചു. എല്ലാവരെയും പരിഗണിച്ചു.

## സഭ സഭ സഭ...

അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയിൽ നിന്നാണ് അച്ചൻ വൈദീക പട്ടം 1978 ഡിസംബർ 31 ന് സ്വീകരിച്ചത്. സഭ ജയിംസച്ചന്റെ വലിയ മുൻഗണന ആയിരുന്നു. സഭയുടെ ദർശനത്തെ പഠിക്കുന്നതിനും അത് വ്യാഖ്യാനിക്കുന്നതിനും പങ്കുവക്കുന്നതിനും അതിനനുസാരം ജീവിക്കുന്നതിനും ജെയിംസ് അച്ചൻ എപ്പോഴും ശ്രദ്ധിച്ചു.

www.malankaralibrary.com


## കണക്ക് എന്ന കണിശമില്ലായ്മ

ജയിംസ് അച്ചനെ കുറിച്ച് ഒരു പരാതി ആരെങ്കിലും ഉന്നയിച്ചിട്ടുണ്ടെങ്കിൽ അത് ആശ്രമത്തിലെ കണക്കിന്റെ ചുമതലയുള്ള അച്ചനായിരിക്കും. 'അയ്യോ ആരാണ് മിനിഞ്ഞാന്നത്തെ ന്യൂസ് പേപ്പർ എടുത്ത് മാറ്റിയത് അതിന്റ സൈഡിൽ ആണ് ജയിംസച്ചൻ കണക്കു എഴുതിവച്ചിരിക്കുന്നത് 'അച്ചനെ കുറിച്ച് ഞങ്ങൾ തമാശ പറയാറുണ്ട് സാങ്കേതികതകളേക്കാളും നിയമകണിശതയേക്കളും മനുഷ്യരും അവരുടെ ആവശ്യങ്ങൾക്കും ആയിരുന്നു അച്ചന് പ്രധാനം. സകലതിനും കണക്ക് കൊടുക്കേണ്ടുന്ന തമ്പുരാന്റെ മുന്നിൽ അച്ചന്റെ കണക്കായിരിക്കും കൂടുതൽ ശരി.

## പ്രിയപ്പെട്ട ജയിംസ് മാമൂട്ടിൽ അച്ചൻ,

എന്റെ മാതൃ ഇടവകയായ, കാരിമാൻതോട്തേക്കുതോട് ഇടവക അംഗമായ ആദ്യ വൈദികനാണു. ഞങ്ങളുടെ മലയോര ഗ്രാമത്തിലേക്ക് കഷായ വസ്ത്രത്തിന്റെ സ്നേഹം കൊണ്ടുവന്ന ആദ്യ സന്യാസി.

'ലോകത്തിനു മുഴുവനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം' അച്ചന്റെ വാക്കാണ്, ഇനി അതു കൂടുതൽ കരുത്തുള്ളതും ഫലദായകവുമാവും.

## ജ്യേഷ്ഠ സഹോദര, സമാധാനത്താലേ പോവുക.



www.malankaralibrary.com

# ഓർമ്മയിൽ ശ്രേഷ്ഠാചാര്യന്മാർ

## പുണ്യശ്ലോകനായ തോമസ് മാർ ദിയസ്കോറോസ് തിരുമേനിയുടെ ദുക്റോനോ പെരുന്നാൾ ഫെബ്രുവരി 22



**ചി**ങ്ങവനത്തെ പ്രശസ്തമായ തേർവ്വാലടി കുടുംബത്തിൽ കുരുവിളയുടെയും നൈത്തിയമ്മയുടെയും രണ്ടാമത്തെ മകനായി ടി. കെ തോമസ് (തോമസ് മോർ ദിയസ്കോറസ് മെത്രാപ്പോലീത്ത) ജനിച്ചു. പള്ളം CMS സ്കൂളിലും കോട്ടയം CMS കോളേജിലും പഠനം പൂർത്തിയാക്കിയ അദ്ദേഹം പതിനെട്ടാം വയസ്സിൽ പരിശുദ്ധ പരുമല തിരുമേനിയിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. ഇടവഴിക്കൽ മാർ സേവേറിയോസ് മെത്രാപ്പോലീത്തയാണ് കശ്ശീശാ പട്ടം നൽകിയത്.

1926ൽ ജറുസലേമിൽ വെച്ച് യാക്കോബായ സഭയുടെ പരമാധ്യക്ഷൻ ഇഗ്നാത്തിയോസ് ഏലീയാസ് പാത്രീയർക്കീസ് മെത്രാഭിഷേകം നടത്തി. സഭയുടെ നേതൃനിരയിൽ അതിശ്രേഷ്ഠമായ ശുശ്രൂഷ തിരുമനസ്സ് നടത്തി. റാന്നി MS ഹൈസ്കൂളും മാർ അപ്രേം സെമിനാരിയും കുറിച്ചിയിലെ വനിതാ മന്ദിരവുമെല്ലാം പിതാവിന്റെ പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ നേട്ടങ്ങളാണ്. കാതോലികവും ശ്ലൈഹീകവും ഏകവും വിശുദ്ധമായ സത്യ സഭ കത്തോലിക്കാ സഭയാണെന്ന് തന്റെ പഠനങ്ങളിലൂടെ തിരിച്ചറിഞ്ഞ തിരുമേനി 1939 നവംബർ 12 ന് തിരുവനന്തപുരം ആർച്ച് ബിഷപ് ഗീവർഗീസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ സാന്നിദ്ധ്യത്തിൽ സത്യപ്രതിജ്ഞ ചെയ്ത് വീണ്ടും കത്തോലിക്കാ സഭയിൽ പ്രവേശിച്ചു.

1 943 ഫെബ്രുവരി 21, കൊഹനെ ഞായർ ദിവസം പിതാവ് സ്വർഗ്ഗീയ സമ്മാനത്തിനായി യാത്രയായി. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ നിന്ന് സ്വർഗ്ഗീയ സമ്മാനത്തിന്നായി യാത്രയായ ആദ്യ ഇടയശ്രേഷ്ഠനെ ഫെബ്രുവരി 22 നു തിരുമൂലപുരം ബഥനി ചാപ്പലിൽ സംസ്കരിച്ചു.


**പുണ്യശ്ലോകനായ തോമസ് മാർ ദിയസ്കോറോസ് തിരുമേനി**

ܕܘܟܪܢܐ ܕܪܝܫ ܟܗܢܐ

www.malankaralibrary.com

# ഓർമ്മയിൽ ആചാര്യന്മാർ

ܕܘܟܪܢܐ ܕܟܗ̈ܢܐ



ആചാര്യേശാ നിൻരഹസ്യങ്ങൾ
പരികർമ്മിച്ചൊരു ആചാര്യന്മേകുക
പുണ്യം നാഥാ സ്തോത്രം!

## Pathanamthitta

Rev. Fr. Geevarhese Chediyathu Malpan : 21-02-2021

## Thiruvananthapuram

| | | |
|---|---|---|
| Rt. Rev. Geevarghese Mannikarottu Corepiscopo | : | 29-02-2020 |
| Rev. Fr. Thomas Muthalaly Parakoottom | : | 16-02-1982 |
| Rev. Fr. Thomas Ambasseril Puthenpeedika | : | 07-02-1965 |
| Rt. Rev. Mathew Kompanal | : | 25-02-2002 |
| Rev. Fr. Koshy Attuvarath Kummalloor | : | 10-02-1962 |
| Rev. Fr. Geevarghese Chuttivattom | : | 18-02-2010 |
| Rt. Rev. Geevarghese Chenkileth | : | 27-02-2004 |
| Rev. Fr. Mathew Ezhanikatt | : | 25-02-1987 |

## വന്ദ്യ സിസ്റ്റേഴ്സ്

### മേരി മക്കൾ സന്യാസിനീ സമൂഹം (DM)

| | | |
|---|---|---|
| Sr. Mettilda DM | : | 23/02/1994 |
| Sr. Agnes DM | : | 04/02/2000 |
| Sr. Getrude DM | : | 27/02/2003 |
| Sr. Annie DM | : | 26/02/2007 |
| Sr. Josephine DM | : | 11/02/2009 |
| Sr. Bernadit DM | : | 22/02/2016 |
| Sr. Damian DM | : | 27/02/2018 |
| Sr. Grace Mathew DM | : | 05/02/2022 |
| Sr.Denis DM | : | 10/02/2023 |

## Tiruvalla

| | | |
|---|---|---|
| Rev. Fr. Thomas Pathiparmpil | : | 10-02-2009 |
| Rev. Fr. Abraham Konat Makil | : | 22-01-1943 |
| Rev. Fr. Thomas Kottayil | : | 07-02-2017 |
| Rev. Fr. Stanislaus Kackanatt | : | 16-02-2014 |
| Rev. Fr. N. G. Kuriakose | : | 02-02-1953 |
| Rev. Fr. Mathews Pulikottil | : | 27-02-1987 |
| Rev. Fr. Andrew Cheriamadom | : | 23-02-1946 |
| Rev. Fr. Abraham Azhakath | : | 05-02-1981 |

## Bethany (OIC)

| | | |
|---|---|---|
| Rev. Fr. Pachomios Chempothinal OIC | : | 03-02-2005 |
| Rev. Fr. Basil Nalluthanath OIC | : | 04-02-2019 |
| Bro. Aloysius Mankavil OIC | : | 06-02-1985 |
| Bro. Githin Jacob Puthuparambil OIC | : | 13-02-2020 |
| Rev. Fr. Stephanos Moolamannil OIC | : | 14-02-1931 |
| Rev. Fr. Ambrose Mootheril OIC | : | 18-02-2016 |
| Rev. Fr. Job Thengumthara OIC | : | 19-02-1959 |

www.malankaralibrary.com



സ്പർശനം കൊണ്ടു മാത്രം പകരുന്നതും സ്പർശന ശക്തി നശിപ്പിച്ചുകളയുന്നതുമായ വൃത്തികെട്ട ഒരു രോഗമാണ് കുഷ്ഠം. അതി മനോഹരമായി ദൈവം സൃഷ്ടിച്ച് നൽകിയിരിക്കുന്ന മനുഷ്യശരീരത്തെ വികൃതവും ബീഭത്സവുമാക്കിത്തീർക്കുന്ന ഈ വ്യാധിയ്ക്ക് ഫലപ്രദമായ ഔഷധം കണ്ടെത്തിയിട്ട് വളരെ കുറച്ചു കാലമേ ആയിട്ടുള്ളു. ഈ രോഗം മറ്റുള്ളവരിലേക്ക് പകരാതിരിക്കാൻ വേണ്ടിയാണ് സമൂഹത്തിൽ നിന്ന് വേറിട്ടു ജീവിക്കാൻ നിർബന്ധിച്ചിരുന്നത്. കുഷ്ഠരോഗം ശരീരത്തെ മാത്രമേ ബാധിക്കുന്നുള്ളു എന്ന് സാങ്കേതികമായി പറയാമെങ്കിലും അതുളവാക്കുന്ന വേർതിരിവും ഒറ്റപ്പെടലും നിരാശയിലേക്കും നിസഹായതയിലേക്കും നിപതിക്കുന്നതിന് കാരണമാകും. ഒരു വ്യക്തിയുടെ ആത്മാഭിമാനം നഷ്ടപ്പെട്ടാൽ പിന്നെ നന്മയുടെ ശ്രോതസ് വറ്റി വരണ്ടുപോകാൻ ഇടയാകും. ചുരുക്കത്തിൽ ശരീരം മാത്രമല്ല മനസ്സും മരവിച്ചു പോകുന്നതിനാൽ ജീവിച്ചിരിക്കുമ്പോൾ തന്നെ മരണം അനുഭവിച്ചറിയുന്ന ദുരവസ്ഥയാണത്. കുഷ്ഠരോഗികളെ ജീവനോടെ കുഴിച്ചുമൂടുന്ന രീതിയും ചില നാടുകളിൽ നിലവിലുണ്ടായിരുന്നു എന്നു കേട്ടിട്ടുണ്ട്. പാപത്തിന്റെ ശമ്പളം മരണമത്രേ എന്ന യുക്തി പ്രകാരം കുഷ്ഠരോഗം പാപം മൂലം ഉണ്ടാകുന്നതാണെന്ന ധാരണയും സമൂഹത്തിൽ വ്യാപിച്ചിരുന്നു.

പാപം മോചിക്കാനും കുഷ്ഠരോഗിയേ സൗഖ്യമാക്കാനും ദൈവത്തിനു മാത്രമേ കഴിയൂ എന്ന് യഹൂദർ വിശ്വസിച്ചിരുന്നതിനാൽ യേശു തന്റെ ദൈവികത വെളിപ്പെടുത്തുന്ന സംഭവമായി ഇതിനെ കരുതിയെങ്കിൽ അത് സ്വഭാവികം മാത്രമാണല്ലോ.

തന്നിൽ വിളങ്ങിയിരുന്ന ദൈവത്വം മനസ്സിലാക്കി പൂർണ്ണമായ വിശ്വാസത്തോടെ തന്നെ സമീപിച്ച ഒരു കുഷ്ഠരോഗി സൗഖ്യം പ്രാപിച്ചെങ്കിലും ഭൂമുഖത്തുനിന്ന് കുഷ്ഠരോഗം അപ്രത്യക്ഷമായിട്ടില്ല. ദൈവം തന്റെ ദിവ്യശക്തിയാൽ ആ രോഗത്തെ തന്നെ ഇല്ലാതാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന് ഒരു നിമിഷം നാം ആശിച്ചുപോകും. പക്ഷേ അതത്ര നല്ലതല്ല എന്ന് ദൈവം കരുതുന്നു എങ്കിൽ ആ തീരുമാനമായിരിക്കുമല്ലോ ശരി. നമ്മുടെ രോഗങ്ങൾക്കും വേദനകൾക്കും ദൈവത്തെ പഴിചാരണമോ അതോ മനുഷ്യന്റെ കർമ്മദോഷം എന്നു കാണണമോ എന്നാണ് നാം ആലോചിക്കേണ്ടത്.

രോഗവും ദുഃഖവും ദാരിദ്ര്യവുമൊക്കെ ഉണ്ടായാൽ അത് അനുഭവിക്കുന്നവന്റെ മാത്രം പാപഫലമാണെന്നാണ് യഹൂദർ വിശ്വസിച്ചിരുന്നത്. ലോകത്തിന്റെ പാപത്തെക്കുറിച്ചോ, സാമൂഹ്യ തിന്മകളെക്കുറിച്ചോ അവർ പരിഗണിച്ചില്ലെന്നുവേണം കരുതുവാൻ. "ഒരുവൻ ചെയ്യുന്ന പാപകർമ്മത്തിൻ ഫലം പരക്കെയുള്ള ജനങ്ങൾക്കൊക്കെ പറ്റും" എന്നും കൂടെ നാം ഓർക്കണം. ദൈവം നമ്മെ ശിക്ഷിക്കുകയാണെന്ന് ആരും പറയാതിരിക്കട്ടെ.

തിന്മ പ്രവർത്തിച്ചിട്ട് അതിന്റെ ദോഷ ഫലങ്ങൾ അനുഭവിക്കാതിരിക്കുന്നതെങ്ങിനെ? "തിന വിതച്ചാൽ തിന കൊയ്യും, വിന വിതച്ചാൽ വിന കൊയ്യും" (ജോബ് 4/8). നന്മപ്രവർത്തികളുടെ കാര്യത്തിലും ഇതു പോലൊരു സാമാന്യ പ്രസ്താവന ചെയ്യാൻ കഴിയും. എന്നാൽ വാസസ്ഥിതി അതിലും എത്രയോ സങ്കീർണ്ണമാണ് പലപ്പോഴും. കുഷ്ഠരോഗികളെ ആശ്വസിപ്പിക്കാനും ശുശ്രൂഷിക്കാനുമായി മൊളൊക്കോ ദ്വീപിൽ എത്തിയ ഫാ. ഡാമിയൻ രോഗിയായിത്തീർന്നത് തിന്മ പ്രവർത്തിച്ചപ്പോഴല്ല എന്നുകൂടി നാം ഓർക്കേണ്ടതുണ്ട്. ലോകത്തിന്റെ പാപം നീക്കാൻ വന്ന ദൈവ കുഞ്ഞാടിന് പീഢകളും മരണവും സഹിക്കേണ്ടി വന്നുവല്ലോ. അതിനാൽ സഹിക്കുന്നവനെ പഴിക്കാനല്ല പ്രശ്നങ്ങളെ പരിഹരിക്കാനാണ് നാം യത്നിക്കേണ്ടത്. വിശ്വാസത്തോടെ തന്നെ സമീപിച്ച ഒരു കുഷ്ഠരോഗിയോട് മനസ്സലിവു തോന്നിയ യേശു തന്റെ ദിവ്യ മഹത്വം പ്രകടിപ്പിച്ചുകൊണ്ട്

www.malankaralibrary.com



അത്ഭുതകരമായ രീതിയിൽ സൗഖ്യം പ്രദാനം ചെയ്തെങ്കിലും അത് വെറുമൊരു ശാരീരിക സൗഖ്യത്തിന്റെ മാത്രം കഥയായിട്ടല്ല സുവിശേഷകൻ അവതരിപ്പിച്ചിരിക്കുന്നത്. പാപത്തിൽ പതിച്ചുപോയ മനുഷ്യ രാശിയുടെ ദുരവസ്ഥ ചിത്രീകരിക്കാൻ ഒരു കുഷ്ഠരോഗിയുടെ ദയനീയ രൂപം തന്നെയാണ് നല്ലതെന്ന് സുവിശേഷകൻ കണ്ടു. അതുപോലതന്നെ ഈശോയുടെ രക്ഷണ്യ വേലകൊണ്ടു വ്യക്തികളിലും സമൂഹത്തിലുമുണ്ടാകുന്ന നന്മയും പരിശുദ്ധിയും എപ്രകാരമുള്ളതാണെന്നും ഈ സംഭവം വ്യക്തമാക്കിത്തരുന്നു.

സകല മനുഷ്യരുടെയും പാപം ഏറ്റെടുത്തുകൊണ്ട് യേശു ബലിയായിത്തീർന്നത് കൊണ്ട് ലോകത്തിൽനിന്ന് പാപം അപ്രത്യക്ഷമായി എന്നു പറയാവതല്ല. യേശു തന്നെ പറഞ്ഞതായ ഒരു ഉദാഹരണമുണ്ട്. "ഏലിശാ പ്രവാചകന്റെ കാലത്ത് ഇസ്രായേലിൽ അനേകം കുഷ്ഠരോഗികളുണ്ടായിരുന്നു. എന്നാൽ അവരിൽ സിറിയക്കാരനായ നാമാൻ അല്ലാതെ മറ്റാരും സുഖമാക്കപ്പെട്ടില്ല" (ലൂക്കാ 4/27) യേശു ചെയ്തത് രോഗശാന്തിയും അത്ഭുതവുമായി മാത്രം കണ്ടാൽപോരാ. അത് ഒരു അടയാളവും ഉപമയും കൂടിയാണ്. മനുഷ്യന്റെ പാപവസ്ഥയേ കുഷ്ഠരോഗത്തോട് ഉപമിക്കുമ്പോൾ ഒരുപാട് സമാനതകൾ കാണാൻ കഴിയും. നിർമ്മലമായ ശരീരത്തെ വികൃതമാക്കുന്ന കുഷ്ഠരോഗം പോലെ നിർമ്മലമായ ഹൃദയത്തെയും മനസ്സിനെയും ആത്മാവിനേയും വിരൂപമാക്കുന്ന പാപത്തിന്റെ ജഗുപ്താവസ്ഥയേക്കുറിച്ച് ബോധമുള്ളവർ അതിൽനിന്നും ഓടിയകലുകതന്നെ ചെയ്യും.



മറ്റു രോഗികളുടെ സമ്പർക്കത്താൽ രോഗം പകരുന്നതുപോലെ പാപികളുടെ സംസർഗ്ഗത്താൽ അനേകർ പാപികളായിത്തീരുന്നുണ്ടല്ലോ. ശരീരത്തെ രോഗാണുക്കൾ കാർന്നുതിന്നുന്നതു പോലെ പാപം ആത്മാവിനെ നശിപ്പിക്കുന്നു. തുടക്കത്തിൽ രണ്ടും നിശബ്ദവും അദൃശ്യവുമാണെങ്കിലും ക്രമേണ അവയുടെ ദുർമുഖം പുറത്തേക്ക് കാണിച്ചു തുടങ്ങുന്നു.

പാപിയുടെ മോചനമായാലും രോഗിയുടെ സൗഖ്യമായാലും ഏതുതരം ബന്ധനമായാലും അതിൽനിന്ന് വിടുതൽ പ്രാപിക്കണമെങ്കിൽ ഒന്നാമതായി വേണ്ടത് രക്ഷപ്രാപിക്കാനുള്ള മനസ്സാണ്. തിളപ്പിക്കാൻ അടുപ്പത്തുവച്ച പാൽ പാത്രത്തിലേക്ക് ചാടിപ്പോയ രണ്ടു തവളകളുടെ കഥ വായിച്ചതോർക്കുന്നു. ആദ്യം സുഖകരമായ ഒരു ഊഷ്മ ളതയാണനുഭവപ്പെട്ടത്. പോഷക പ്രധാനമായ പാൽ കുടിച്ചപ്പോൾ കുറേ ഏറെ ഉന്മേഷവും തോന്നി. പക്ഷേ പാലിന്റെ ചൂട് വർദ്ധിച്ചുവന്നതോടെ തങ്ങൾ അകപ്പെട്ടിരിക്കുന്നത് വലിയ ആപത്തിലാണെന്ന് മനസ്സിലായി പക്ഷേ എങ്ങനെ രക്ഷപെടുമെന്ന് ആലോചിച്ചിട്ട് യാതൊരെത്തും പിടിയും കിട്ടുന്നുമില്ല. വിധിക്കു കീഴടങ്ങുകയേ നിവൃത്തിയുള്ളു എന്നു കരുതി ഒരു തവള പുറത്തു ചാടാനുള്ള പരിശ്രമം ഉപേക്ഷിച്ചു. എന്നാൽ മറ്റേ തവളയാകട്ടെ അവസാന നിമിഷം വരെ കീഴടങ്ങാതെ പൊരുതുവാൻ നിശ്ചയിച്ചു. ചൂടു വർദ്ധിച്ചുവരുന്നതറിഞ്ഞ് പുറത്തുചാടാനുള്ള പരിശ്രമം പരാക്രമമായി മാറി. ആ നിർത്താതെയുള്ള ചലനത്താൽ പാലിൽനിന്ന് വെണ്ണ തെളിഞ്ഞുവന്നു. കാലുറപ്പിക്കാൻ ദൃഢതയുള്ള ഒരു പ്രതലം രൂപപ്പെട്ടതോടെ ആ പരിശ്രമശാലി ചാടി രക്ഷപ്പെടുകയും ചെയ്തു. രക്ഷപെടാനുള്ള ആഗ്രഹമില്ലാത്തതു കൊണ്ട് രോഗത്തിലോ പാപത്തിലൊ ദുഃഖങ്ങളിലോ ദുരാലോചനയിലോ പെട്ടുപോകുന്നവർ ഒന്നും രണ്ടുമല്ല. ആ കുഷ്ഠരോഗി സൗഖ്യം എത്രമാത്രം ആഗ്രഹിച്ചിരുന്നു എന്നു നോക്കുക. തന്റെ ദുർവ്വിധിക്ക് കീഴടങ്ങാൻ അയാൾ തയ്യാറായിരുന്നില്ല. മറ്റു മനുഷ്യരേ കണ്ടാൽ സ്വയം അശുദ്ധൻ എന്നു വിളിച്ചു പറഞ്ഞുകൊണ്ട് അകന്നു പോകണമെന്നാണ് നിയമം അനുശാസിക്കുന്നതെങ്കിലും എല്ലാ വിലക്കുകളെയും അതിജീവിച്ചുകൊണ്ട് ഈശോയുടെ സന്നിധിയിൽ സ്വയം അടിയറവ് വയ്ക്കാൻ തീരുമാനിച്ചതിൽ പ്രകടമായ വിശ്വാസവും പ്രത്യാശയും ഈശോയുടെ കരുണയേ ഉദ്ധീപിപ്പിക്കാൻ പര്യാപ്തമായിരുന്നു.

www.malankaralibrary.com

പാപം മോചിക്കാനാണെങ്കിലും കുഷ്ഠരോഗം സൗഖ്യമാക്കാനാണെങ്കിലും ദൈവത്തിനു മാത്രമേ കഴിയൂ എന്ന് സകലരും വിശ്വസിച്ചിരുന്ന അക്കാലത്ത് തന്നെ സൗഖ്യമാക്കണമെന്ന് യേശുവിനോട് അപേക്ഷിച്ച് ആ കുഷ്ഠരോഗി യേശു ദൈവം തന്നെയാണെന്ന് പറയാതെ പറയുകയായിരുന്നു. ഈ സന്ദർഭത്തിൽ ഈശോയുടെ പ്രതികരണം കൂടി നാം ധ്യാനവിഷയമാക്കണം. "അവൻ കരുണതോന്നി, കൈനീട്ടി അവനെ സ്പർശിച്ചുകൊണ്ടു പറഞ്ഞു: എനിക്കു മനസ്സുണ്ട്, നിനക്കു ശുദ്ധിയുണ്ടാകട്ടെ" (1/41) ഹസ്തദാനംകൊണ്ടും ആശ്ലേഷം കൊണ്ടും പരസ്പരം അഭിവാദനം ചെയ്യുന്ന രീതിയാണ് പാശ്ചാത്യസംസ്കാരം. നമ്മുടെ പൗരസ്ത്യ രീതിയിൽ സ്പർശനവും തലോടലും കുറേക്കൂടി ആഴത്തിലുള്ള അനുഗ്രഹവും പ്രണയവും വാത്സല്യവും പ്രകടിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. ബന്ധങ്ങൾ ഉറപ്പിക്കുന്നതിനും, അനുഗ്രഹങ്ങൾ പകർന്നുകൊടുക്കുന്നതിനും, പൗരോഹിത്യം നൽകുന്നതിനും രോഗികൾക്ക് സൗഖ്യം നൽകുന്നതിനും യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനും ശിശുക്കളെ ഓമനിക്കുന്നതിനുമെല്ലാം നാം കരസ്പർശനം പ്രയോജനപ്പെടുത്തുന്നു.



സ്പർശനം കൊണ്ടു പകരുന്ന രോഗമാണ് കുഷ്ഠമെങ്കിലും ഈശോ കൈനീട്ടി ആ രോഗിയേ തൊടാൻ കാണിച്ച കാരുണ്യം അപാരം തന്നെ. നമ്മുടെ സ്ഥിതി നിന്ദ്യമാണെങ്കിലും സ്വന്തക്കാരും സ്നേഹിതരും ഭാര്യയും മക്കളും മാതാപിതാക്കളും പോലും അറപ്പോടും വെറുപ്പോടും അകന്നു മാറിപ്പോകുമ്പോൾ പോലും വാത്സല്യത്തോടെ നമ്മെ ചേർത്തുനിർത്തുന്ന കാരുണ്യവാനാണ് നമ്മുടെ ദൈവം എന്ന ബോദ്ധ്യം തരാൻ യേശുവിന്റെ ആ സ്പർശനം ഹേതുവായി. ദൈവം എത്ര ഹൃദയാലുവാണെന്നും സ്നേഹവാനാണെന്നും നമ്മുടെ വേദനകളിൽ സ്വയം വേദനിക്കുന്നവനാണെന്നും, നാം ഉറങ്ങുമ്പോഴും ഉറങ്ങാതെ നമ്മെ കാത്തു പരിപാലിക്കുന്നവനുമാണെന്നും നമുക്ക് വെളിപ്പെടുത്തി തന്നത് മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ തന്നെയാണ്. യേശുവിന്റെ ആ സൗഖ്യദായകമായ സ്പർശനം ഇന്നും ആവർത്തിക്കപ്പെട്ടു കൊണ്ടിരിക്കുന്നു രോഗീ ശുശ്രൂഷസ്തുത്യർഹമാം വിധം ചെയ്തു കൊണ്ടിരിക്കുന്നു. തന്റെ അനുയായികളിലൂടെ തൊട്ടുകൂടാത്തവരായി ഈ ലോകത്തിൽ ഒരാൾ പോലുമില്ലെന്ന് യേശു നമ്മെ പഠിപ്പിക്കുകയായിരുന്നു. യേശു രണ്ട് കാര്യങ്ങൾ ആ മനുഷ്യനോട് കർശനമായി പറഞ്ഞു. ഈ സംഭവത്തേക്കുറിച്ച് ആരോടും പറയരുത്. നിയമം അനുസരിച്ച് പുരോഹിതന്മാരേ ബോദ്ധ്യപ്പെടുത്തുക. ഈ നിർദ്ദേശങ്ങൾ അനുസരിക്കാതെ സംഭവം പരസ്യമാക്കിയതിനാൽ ഈശോക്ക് വിജന പ്രദേശത്തേക്ക് പോകേണ്ടിവന്നു. സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ മനുഷ്യരിൽ കുടിയേറിയ അനുസരണക്കേട് എന്ന പാപം മനുഷ്യ സ്വഭാവത്തിൽ നിന്ന് പറിച്ചു മാറ്റാതെ സ്വർഗ്ഗരാജ്യം ഇവിടെ സ്ഥാപിക്കാൻ ആർക്കും കഴിയുകയില്ല. നമ്മുടെ രോഗാവസ്ഥകളെ യേശുവിലുള്ള വിശ്വാസത്തിൽ ആഴപ്പെടുവാനുള്ള അവസരമാക്കാം. രോഗികളോടും ബലഹീനരോടും വാർദ്ധക്യത്തിലുള്ളവരോടുമുള്ള നമ്മുടെ ഇടപെടൽ യേശുവിന്റെ സ്പർശനം പോലെ സഹതാപപൂർണ്ണമായിരിക്കണം. ഓരോ രോഗസൗഖ്യവും ദൈവനാമ മഹത്വത്തിനും ദൈവരാജ്യ നിർമ്മിതിക്കും ഉതകുന്നവയായി തീരട്ടെ.

www.malankaralibrary.com



സാർവത്രിക സുറിയാനി ഓർത്തഡോക്സ് സഭയുടെ 123-ാമത് പരമാധ്യക്ഷൻ പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് ക്ലീമ്മീസ് കാതോലിക്ക ബാവായും ഒരുമിച്ചുള്ള ചിത്രം.

ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമന്റെ മഹാപൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ സമാപന സമ്മേളനത്തിൽ നിന്ന് (4 February 2024)



# മദ്റോശോ

2024 ഫെബ്രുവരി 25

## മ്ശരിയോ ഞായർ

(തളർവാത രോഗിയ്ക്ക് സൗഖ്യം)

(മർക്കോ. 2: 1 - 12)

**കു**ഷ്ഠരോഗി നടക്കുന്ന മരണാവസ്ഥയാണെങ്കിൽ തളർവാതരോഗി കിടക്കുന്ന മരണാവസ്ഥയാണെന്നു പറയാം. എല്ലാരോഗങ്ങളും, പൂർണ്ണമായിട്ടല്ലെങ്കിൽ പോലും മരണത്തിന്റെ സ്വാദ് അറിയാൻ നമ്മെ സഹായിക്കുന്നവയാണ്. നമ്മുടെ ദൈവിക ജീവൻ നഷ്ടമായാൽ പിന്നെ ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന് പറയേണ്ടി വരും. പൗലോസ് അപ്പസ്തോലൻ റോമ. 6/23 ൽ പറഞ്ഞിരിക്കുന്നതു പോലെ "പാപത്തിന്റെ വേതനം മരണമാണ്. ദൈവത്തിന്റെ ദാനമാകട്ടെ നമ്മുടെ കർത്താവായ യേശു ക്രിസ്തുവഴിയുള്ള നിത്യജീവനും'. പാപത്തിന്റെയും തിന്മപ്രവർത്തനങ്ങളുടെയും അടിമത്വത്തിലായാൽ നമുക്ക് ലഭിക്കുന്നത് മരണമാണ്. ആദ്യം ദൈവിക ജീവനും പിന്നെ ഭൗതിക ജീവനും നഷ്ടപ്പെടുന്നു. എന്നാൽ വഴിയും സത്യവും ജീവനുമായ ക്രിസ്തുവിന് നാം അടിമപ്പെട്ടാൽ നമുക്ക് ലഭിക്കുന്നത് നമ്മുടെ വിശുദ്ധീകരണവും ജീവന്റെ സമൃദ്ധിയുമാണ്. ഇക്കാര്യം യോഹ. 10/10 ൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. "ഞാൻ വന്നിരിക്കുന്നത് നിങ്ങൾകക്ക് ജീവനുണ്ടാകാനും അത് സമൃദ്ധിയായി ഉണ്ടാകുവാനുമാണ്". ആ തളർവാത രോഗിക്ക് സംഭവിച്ചത് ഈ വചനത്തിന്റെ പൂർത്തീകരണമായിരുന്നല്ലോ. എല്ലാ രോഗങ്ങളുടെയും കാരണം പാപമാണെന്നുള്ള തെറ്റായ ധാരണ പരത്താനല്ല, പാപം ചെയ്താൽ രോഗവും മരണവും സംഭവിക്കുമെന്നു


www.malankaralibrary.com



പറയാനും പാപമോചനം വഴി രോഗ സൗഖ്യം ലഭിക്കുമെന്ന് ബോദ്ധ്യപ്പെടു ത്താനും ഈ സംഭവം ഉപകരിക്കും. മാത്രമല്ല വ്യക്തികളുടെ ദുഷ്പ്രവ ർത്തികൾ സമൂഹത്തെ ദോഷമായി ബോധിക്കുന്നതു പോലെ അവരുടെ സൽപ്രവർത്തികൾ സമൂഹത്തിനാകമാനം ഗുണകരമാകാറുമുണ്ട്. ഈ സംഭവ ത്തിൽ അയാളെ ചുമന്നുകൊണ്ട് യേശുവിന്റെ സമീപത്തെത്തിയ വ്യക്തി കളുടെ വിശ്വാസം ഒന്നുകൊണ്ടു മാത്രമാണ് പാപിയായ ആ മനുഷ്യന്റെ ബലഹീനത മാറിക്കിട്ടിയത്. യേശുവിന്റെ ശിഷ്യത്വം സ്വീകരിക്കുന്നതോടെ നാം നമ്മുടെ സഹോദരങ്ങളുടെ കാവൽ ക്കാരും രക്ഷകരും ആയിത്തീരുകയാണ്. സമൂഹത്തിലെ ഓരോ വ്യക്തികളെയും, ആവശ്യം വന്നാൽ തോളിലേറ്റിയോ കട്ടിലിൽ ചുമന്നുകൊണ്ടോ യേശുവിന്റെ പക്കൽ എത്തിക്കാൻ നാം ബാദ്ധ്യ സ്ഥരാണ്. യേശു ആരെന്നും, യേശു നമുക്ക് ആരെന്നും, യേശുവിന്റെ ശിഷ്യത്വം സ്വീകരിക്കുന്നതുകൊണ്ട് നമുക്കുള്ള നേട്ടങ്ങൾ എന്തെന്നും തിരിച്ചറിയാൻ സഹായിക്കുന്ന അടയാ ളങ്ങളാണ് രോഗസൗഖ്യങ്ങളും ക്ഷോഭിച്ച സമുദ്രത്തെ ശാന്തമാക്കു ന്നതുമെല്ലാം. പ്രകൃതിയുടെ ക്ഷോഭ മായാലും മനുഷ്യരുടെ പാപമായാലും വരുതിയിൽ വരുത്താൻ മനുഷ്യരുടെ ബലഹീനമായ പരിശ്രമം മാത്രം പോരെന്നും അതിന് ദൈവികമായൊരു ശാക്തീകരണം അത്യാവശ്യമാണെന്ന് കണ്ടിട്ടാണ് പിതാവായ ദൈവം തന്റെ ഏക ജാതനെ ഭൂമിയിലേക്കയച്ചത്. മുൾപ്പടർപ്പിൽ കുടുങ്ങിപ്പോയ കുഞ്ഞാ ടുപോലെ പാപബന്ധനത്തിൽ പെട്ടു പോയ മനുഷ്യവംശത്തെ വീണ്ടെടുക്കാൻ കരുണക്കടലായ കർത്താവ് തന്നെ വരേണ്ടിവന്നു. ദൈവത്തിന്റെ ശക്തി യേക്കുറിച്ചും അധികാരത്തെ കുറിച്ചു മെല്ലാം പറയാനും മനസ്സിലാക്കാനും എളുപ്പമാണ്. എന്നാൽ ദൈവം സ്വയം പരിചയപ്പെടുത്താൻ ഇഷ്ടപ്പെടുന്നത് 'കാരുണ്യവാനും കൃപാനിധിയും കോപി ക്കുന്നതിൽ വിമുഖനും സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരനും തെറ്റുകുറ്റങ്ങളും പാപങ്ങളും ക്ഷമി ക്കുന്നവനും ആകുന്നു" എന്നാണ് (പുറ. 34/67) എല്ലാം കാണുകയും കേൾക്കുകയും ചെയ്യാമെങ്കിലും പരസ ഹായമില്ലാതെ ഒരിച്ചയെ ഓടിക്കാൻ പോലും കഴിയാതെ ശരീരം മുഴുവൻ തളർന്നു കിടക്കുന്ന ഈ മനുഷ്യ രൂപത്തോട് എത്ര അലിവോടും വാത്സല്യത്തോടുമാണ് രക്ഷകൻ തന്റെ തിരുമൊഴികൾ അരുളിച്ചെയ്യുന്ന തെന്നു നോക്കുക. "മകനേ ധൈര്യമാ യിരിക്കുക. നിന്റെ പാപങ്ങൾ ക്ഷമിക്ക പ്പെട്ടിരിക്കുന്നു" (മത്താ 9/2). എല്ലാ രോഗാവസ്ഥയ്ക്കും കാരണം പാപ മല്ലായിരിക്കാ. പക്ഷേ ഈ പ്രത്യേക വ്യക്തിയുടെ കാര്യത്തിലെങ്കിലും അത് വാസ്തവമാണെന്ന് യേശുവിന്റെ വാക്കുകൾ വെളിപ്പെടുത്തുന്നുല്ലോ. കഴികാലത്ത് ചെയ്യരുതാത്ത പലകാ ര്യങ്ങളും അയാൾ ചെയ്തിരിക്കാം. അതല്ലെങ്കിൽ താൻ ചെയ്യാൻ കടപ്പെട്ട പലതും ചെയ്യാതെ വിട്ടുകളഞ്ഞിരിക്കാം. വീരശൂര പരാക്രമിയായി നടന്നിരുന്ന കാലത്ത് തന്റെ കഴിവും സ്വാധീനവും ബലവും ദൈവഹിതത്തിനു എതിരായി ഉപയോഗിച്ചിരിക്കാം. ആ പൂർവ്വകാല ചെയ്തികളെല്ലാം ഇന്ന് ആ മനസ്സിനെ കഠിനമായി ഭാരപ്പെടുത്തുന്നുണ്ടാകാം. കൂനിന്മേൽ കുരു എന്നപോലെ ആ ഓർമ്മകളൊക്കെ അദ്ദേഹത്തിന്റെ രോഗം മൂർച്ഛിക്കാൻ കാരണമാകാം. കാരണം കുറ്റ ബോധം മനുഷ്യന്റെ ആനന്ദം കെടുത്തിക്കളയാൻ പര്യാപ്തമാണ്. ഡച്ചു മിഷനറിയായിരുന്ന ബ്രദർ ലോറൻസിന്റെ ജീവിത കഥയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവം ഇവിടെ പ്രസക്തമായി തോന്നുന്നു. അദ്ദേഹം ഇൻഡോനേ ഷ്യയിൽ ജോലിചെയ്യുന്ന കാലത്ത് ഇണക്കമുള്ള ഒരു കുരങ്ങനെ ലാളിച്ചു വളർത്തിയിരുന്നു. സാധാരണയായി കുരങ്ങന്മാർക്ക് അരക്കെട്ടിൽ ഒരു ചരടോ ബൽറ്റോ കെട്ടിയിടുകയാണല്ലോ പതിവ്. എന്നാൽ ഈ പ്രത്യേക കുരങ്ങന്

www.malankaralibrary.com

ഇടഭാഗത്ത് അതിയായ വേദന അനുഭവപ്പെട്ടിരുന്നു. മൃദുവായി സ്പർശിക്കുമ്പോൾ പോലും അതിന്റെ കണ്ണുകളിൽനിന്ന് കണ്ണുനീർ നിർത്താതെ ഒഴുകുന്നതുകണ്ട്, ആ ഭാഗത്തുള്ള രോമങ്ങൾ ഒതുക്കി പരിശോധിച്ചപ്പോൾ ത്വക്കിനടിയിൽ ഒരു തടിപ്പുള്ളതായി കണ്ടു. നന്നേ ചെറുപ്പത്തിൽ ആരോ കെട്ടിയ ഒരു ചരട് അഴിച്ചുകളയാതിരുന്നതിനാൽ മാംസത്തിനുള്ളിൽ മുറുകിക്കിടക്കുന്നതാണ് വേദനക്ക് കാരണമെന്നു മനസ്സിലാക്കി. ഒരു ബ്ലെയ്ഡുകൊണ്ട് ആ ഭാഗത്തെ രോമം മുഴുവൻ നീക്കം ചെയ്തതിനു ശേഷം തൊലിപൊട്ടിച്ച് ആ ചരട് സാവകാശം പുറത്തെടുത്തു. ഈ പ്രക്രിയ നടക്കുമ്പോൾ ആ സാധുമൃഗം കഠിനമായ വേദന സഹിച്ചുകൊണ്ടു തന്നെ അനങ്ങാതെ അടങ്ങിക്കിടന്നു. എത്രയോ കാലമായി തന്നെ നിരന്തരം വേദനിപ്പിച്ചുകൊണ്ടിരുന്ന ആ ബന്ധനം അഴിച്ചു മാറ്റിക്കഴിഞ്ഞപ്പോൾ അനിതരസാധാരണമായ ആശ്വാസവും ആനന്ദവും പ്രകടിപ്പിച്ചുകൊണ്ട് അത് ബ്രദർ ലോറൻസിനു ചുറ്റും വട്ടമിട്ട് ഓടാനും കുതിച്ചുചാടാനും തുടങ്ങി. ഇതിലുമേറെ പെരുത്ത സന്തോഷമായിരിക്കുമല്ലോ ആ തളർവാതരോഗിക്ക് പാപത്തിൽ നിന്നും രോഗത്തിൽ നിന്നും വിടുതൽ ലഭിച്ചപ്പോൾ അനുഭവപ്പെട്ടത്. പാപവും കുറ്റബോധവും നിരന്തരം കുത്തിമുറിവേല്പിച്ചുകൊിരിക്കുന്ന ഒരാത്മാവിന് ജീവിതം നൽകുന്ന ആനന്ദം അനുഭവിക്കാൻ സാധ്യമല്ല. അങ്ങനെയുള്ളവർ സ്വന്ത ജീവിതവും മറ്റുള്ളവരുടെ ജീവിതവും നരകതുല്യമാക്കുന്നു. അവർക്കു പാർക്കാനുള്ള നരകം അവർ തന്നെ നിർമ്മിച്ചെടുക്കുന്നു. “നമുക്കു നാമേ പണിവതു നാകം, നരകവുമതുപോലെ എന്ന് കവി പാടിയത് എത്ര ശരി! നല്ല പശ്ചാത്താപത്തോടുകൂടിയ പാപസങ്കീർത്തനം വഴി ലഭിക്കുന്ന ആശ്വാസത്തിന്റെ അനുഭവം ആ തളർവാത രോഗിക്കുണ്ടായത് പോലെയുള്ള വിമോചനവും ആശ്വാസവും തന്നെയാണല്ലോ. “മകനേ ധൈര്യമായിരിക്കുക, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നു പറയാൻ ദൈവത്തിനു മാത്രമേ കഴിയൂ എങ്കിൽ ആ ദൈവം തന്നെയാണ് യേശു. മാത്രമല്ല അപ്രകാരം പാപം മോചിക്കപ്പെട്ടിരിക്കുന്നു എന്നു പ്രഖ്യാപിക്കാനുള്ള അധികാരം മനുഷ്യർക്കു നൽകപ്പെട്ടതിൽ അത്യധികമായ ആഹ്ലാദം അനുഭവിച്ചുകൊണ്ടാണ് ജനക്കൂട്ടം ദൈവത്തെ മഹത്വപ്പെടുത്തിയത്. (മത്താ. 9/8)



www.malankaralibrary.com

# അറിഞ്ഞിരിക്കാം...

## ശുബ്ക്കോനോ ശുശ്രൂഷ

**സുറിയാനി സഭകളിൽ വലിയ നോമ്പ് ആരംഭിയ്ക്കുന്നത് ശുബ്ക്കോനോ ശുശ്രൂഷയോട് കൂടിയാണ്.**

വലിയനോമ്പ് ആരംഭിക്കുന്ന തിങ്കളാഴ്ച ഉച്ചനമസ്കാരത്തോടുകൂടി ശുബ്ക്കോനോ (അനുരഞ്ജനം) ശുശ്രൂഷ നടത്താവുന്നതാണ്. ഉച്ചനമസ്കാരത്തിന്റെ അവസാനത്തെ കൗമായ്ക്കുശേഷം ഈ ശുശ്രൂഷ നടത്തുകയും അതിനുശേഷം വിശ്വാസപ്രമാണവും നാല്പത് കുമ്പിടീൽ നടത്തുകയും ചെയ്യുന്നു. അല്ലെങ്കിൽ രാവിലെ മൂന്നാംമണിയുടെ പ്രാർത്ഥനയ്ക്കുശേഷം ഈ ക്രമം നടത്തുകയും അതിനുശേഷം വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്യുന്നു.

പുരോഹിതർ തങ്ങളോട് ക്ഷമിയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് വിനയത്തോട് കൂടി മുട്ട്കുത്തുന്നു. ജനങ്ങൾ അവരോട് ക്ഷമിയ്ക്കുന്നതായി പ്രഖ്യാപിയ്ക്കുന്നു. സ്നേഹവും ക്ഷമയും കരുണയുമൊക്കെ പ്രതിവർത്തിയ്ക്കുന്ന ഈ ശുശ്രൂഷയിൽ പരസ്പരം അനുരഞ്ജനപ്പെട്ടുകൊണ്ട് കൈകസ്തൂരി നൽകുന്നതൊടെ ശുബ്ക്കോനോ ശുശ്രൂഷ അവസാനിയ്ക്കുന്നു. എല്ലാ തെറ്റുകളും ഏറ്റുപറഞ്ഞ് പരസ്പരം ക്ഷമിയ്ക്കുന്ന അനുരഞ്ജനത്തിന്റെ മാർഗമാണ് ശുബ്ക്കോനോ. നിരപ്പിന്റെയും അനുരഞ്ജ നത്തിന്റെയും ശുശ്രൂഷയാണ് ശുബ്ക്കോനോ. സാധാരണ നാം നടത്താറുള്ള കുമ്പിടീൽ, വർജ്ജന, ഉപവാസം എന്നിവ ഭക്തിയോടും അതിന്റേതായ പ്രാധാന്യത്തോടും നിറവേറ്റേണ്ടതാണ്. ഉച്ച നമസ്ക്കാരത്തോടൊപ്പമുള്ള നാല്പത് കുമ്പിടീൽ, നമ്മുടെ പശ്ചാത്താപത്തിന്റെയും ത്യാഗത്തിന്റെയും അടയാളമെന്ന നിലയിൽ നിർവഹിക്കാം അനുഗ്രഹം പ്രാപിയ്ക്കാം.

"തിന്മവെടിഞ്ഞു വെടിപ്പായൊരു
നൽഹൃദയമോടെ
നോമ്പതു പാലിപ്പവനെന്നും ഭാഗ്യം
ചേർന്നീടും
രഹസ്യാപരസ്യത്തിലുമൊരുപോൽ
ദൈവത്തിന്നായ്
ശുശ്രൂഷിക്കുന്നാലയമായ്
തീർന്നീടുന്നവനും
കർത്താവേ ഞങ്ങടെ നോമ്പതുപോൽ
അർത്ഥനയും നിൻ സംതൃപ്തിക്കായ്
തീർന്നീടട്ടെ തുഷ്ടിയോടെയിവരിൽ
കൃപചെയ്ക"

## ശ്രദ്ധിക്കാം...

**മദ്ബഹായിൽ നിന്ന്, ദൈവാലയത്തിൽ വിശ്വാസ സമൂഹം ആയിരിക്കുന്ന ഹൈക്കലായിലേക്കും തിരിച്ചും ധൂപം വീശുന്നതിന്റെ പ്രതീകാർത്ഥം എന്താണ്?**

സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് ഇറങ്ങിവന്ന ദൈവം ലോകം മുഴുവനും വേണ്ടി പാപപരിഹാരമായി തീർന്ന ശേഷം ദൈവത്വം നഷ്ടപ്പെടാതെ തിരിച്ചു പോയതിനെ സൂചിപ്പിക്കുന്നു.

## 37-ാം ഓർമ്മ



**ബഹു. മാത്യൂസ് പുലിക്കോട്ടിൽ കശ്ശീശ്ശോ**

**Born : 13 - 08 - 1916**

**Died : 27 - 02 - 1987**

www.malankaralibrary.com

# അറിവിനേക്കാളും അനുഭവമാകുന്ന മന്ന





Sr.Annet Parokkaran SABS
Thrissur province, Italy

'ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു'. (1Jn4/16). യോഹന്നാൻ തന്റെ ലേഖനത്തിൽ പറഞ്ഞു വച്ച ദൈവം സ്നേഹമാകുന്നു എന്ന ഈ അറിവിന്റെ അനുഭവമാണ് ഓരോ വിശുദ്ധ കുർബാനയും. കാരണം, വിശുദ്ധ കുർബാന ദൈവം മനുഷ്യ മക്കളോട് കാണിച്ച വലിയ സ്നേഹമാണ്. അത് സ്നേഹത്തിന്റെ പൂർത്തികരണമാണ്. ദൈവത്തിന്റെ സ്നേഹം ഭൂമിയിലേക്ക് നൽകപെടാൻ സ്വർഗ്ഗം കണ്ടത്തിയ ഒരേ ഒരു മാർഗ്ഗമാണ് അപ്പമായ, ദിവ്യകാരുണ്യമായ വിശുദ്ധ കുർബാന.

ജോഷ്വയുടെ പുസ്തകത്തിൽ ഏറെ നാളുകൾ മരുഭൂമിയിൽ അലഞ്ഞ ഇസ്രായേൽ ജനത്തിന് മന്ന നൽകിയ ദൈവത്തെ നാം കാണുന്നു. ഈ മന്ന അന്ന് അവരുടെ ജീവന്റെ അപ്പമായിരുന്നു. ഈ അപ്പം അവരുടെ യാത്രയിൻ ശക്തിയായിരുന്നു. ഈ അപ്പത്തെ ചെറിയവർ തുടങ്ങി വലിയവർ വരെ എല്ലാവരും ഒരു പോലെ സ്വീകരിച്ചു. എല്ലാവരെയും ഈ അപ്പം സംതൃപ്തരാക്കി. യഹൂദരുടെ ഇടയിൽ അധികം ആരും പറയപ്പെടാത്ത ഒരു പാരമ്പര്യ ചൊല്ലുണ്ട്. അത് ഇപ്രകാരമാണ് വാഗ്ദാന നാട്ടിൽ എത്തി ചേർന്ന ഇസ്രയേൽ ജനം അവിടെ വച്ച് പെസഹാ ആചരിച്ചു. ' പിറ്റേന്നു മുതൽ മന്ന വർഷിക്കാതായി' (ജോഷ്വാ 5/12). നേരം പുലർന്ന് ഉറക്കം ഉണർന്ന കുട്ടികൾ ഓരോരുത്തരായി മന്ന അന്വേഷിക്കാൻ തുടങ്ങി, മന്നയ്ക്കു വേണ്ടി കുട്ടികൾ കരയാൻ തുടങ്ങി കുട്ടികളുടെ കരച്ചിൽ കണ്ട അമ്മമാർ കുട്ടികളോട് പറഞ്ഞു ദൈവം സ്വർഗം അടച്ചു ഇനി സ്വർഗ്ഗം തുറക്കണമെങ്കിൽ മിശിഹാ വരണം. പിന്നിട് മിശിഹായെ നാം കാണുന്നത് പുതിയ നിയമത്തിലാണ്. പുതിയ നിയമത്തിൽ 5 അപ്പം കൊണ്ട് അയ്യായിരങ്ങളെ, ചെറിയവരും വലിയവരുമാകുന്ന ഒരു ഗണത്തെ സംതൃപ്തരാക്കിയ മ്ശിഹാ വചനം മാംസം ധരിച്ച നിമിഷം മുതൽ എമ്മാവൂസിലെ ശിഷ്യന്മാർക്ക് അപ്പം വാഴ്ത്തി നൽകിയ നിമിഷം വരെ സ്വർഗ്ഗത്തിന്റെ സ്നേഹം പകുത്തുനൽകിയ മിശിഹാ, എന്നിട്ടും മതി വരാതെ ഓരോ മനുഷ്യമക്കൾക്കും വേണ്ടി സ്വന്തം ജീവൻ നൽകി ഓരോ മദ്ബഹായിലും വിശുദ്ധ കുർബാനയാകുന്ന സ്നേഹം .

ഈ സ്നേഹം അനുഭവിച്ചവരും അനുഭവിക്കുന്നവരുമാണ് നാം ഓരോരുത്തരും.

www.malankaralibrary.com

ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ അൽഫോൺസാമ്മ പറയുന്നു എനിക്ക് ഏറ്റവും പ്രിയങ്കരമായ ഭോജനം വിശുദ്ധ കുർബാനയാണ്. വിശുദ്ധ മദർതെരേസായും പറഞ്ഞു വയക്കുന്നു ഈ ഭോജനമാണ് അനുദിന ജീവിതത്തിൽ എനിക്ക് ശക്തിയും ഊർജവും നൽകുന്നത്. ദൈവം നൽകിയ സ്വർഗ്ഗത്തിന്റെ സമ്മാനമായ വിശുദ്ധ കുർബാനയെ സ്നേഹമെന്ന അറിവിനേക്കാൾ അനുഭാവമാക്കുന്ന ആത്മീയ ഭോജനമാക്കാൻ നമ്മുക്കും പരിശ്രമിക്കാം.... പ്രാർത്ഥിക്കാം.

യേശുവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ അനുസ്മരിക്കുന്ന ഒരു നോമ്പുകാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ ഈ നോമ്പുകാലം പെസഹായുടെ ഓർമ്മ അനുസ്മരിക്കുന്ന അറിവിന്റെ നാളുകൾ മാത്രമാകാതെ ജീവിതാനുഭവമാക്കാൻ നമുക്ക് ഒരുങ്ങാം, കാരണം അറിവ് അനുഭവമാകുന്നത് സാന്നിധ്യത്തിലാണ് എല്ലാ പ്രാർത്ഥനകളിലും കൂട്ടായ്മകളിലും ദൈവീക സാന്നിധ്യം നിറയുന്നുണ്ടെങ്കിലും ദൈവീക സാന്നിധ്യത്തോടൊപ്പം ശാരീരിക സാന്നിധ്യം പങ്കുവയ്ക്കുന്ന വിശുദ്ധ കുർബാനയെന്ന മഹനീയ കൂദാശയിൽ വിശ്വാസത്തോടും സ്നേഹത്തോടും കൂടെ പങ്കു ചേർന്ന് ദൈവസ്നേഹത്തിന്റെ ജീവനുള്ള സാന്നിധ്യം അനുഭവമാക്കാൻ നമുക്ക് പരിശ്രമിക്കാം.



www.malankaralibrary.com



ശ്രേയസ്

# ഞാൻ എന്തിന് പള്ളിയിൽ പോകണം?



**ജെയ്മോൻ അയ്യനേത്ത്**

*സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി, അഞ്ചൽ*

**നാം** ആയിരിക്കുന്ന മേഖലകളിൽ നമുക്ക് പ്രശ്നങ്ങൾ നേരിടുമ്പോഴാകും നമ്മിൽ പലരും പള്ളിയിൽ പോകുന്നത്. എന്നാൽ ഈ പ്രവണത വാസ്തവത്തിൽ ശെരിയാണോ? ഇന്ന് നമ്മുടെ ഇടയിൽ ഏറ്റവും അധികം ആവർത്തിക്കപ്പെടുകയും നമ്മെ ചിന്തിപ്പിക്കുകയും ചെയ്യുന്ന ഒരു ചോദ്യമാണിത്. പഠനം, തൊഴിൽ... മുതലായ ആവശ്യങ്ങൾക്കായി ദൂരദേശത്തായിരിക്കുന്ന അവസ്ഥയിൽ നമ്മുടെ മാതാപിതാക്കളെ കാണാൻ ആഗ്രഹമുണ്ടാകുന്ന സാഹചര്യം ഓർക്കുക... നമ്മുടെ വീട്ടിലേക്ക് തിരികെ ചെന്ന് അവരുമായി സമയം പങ്കിടുമ്പോൾ നമ്മുക്ക് കിട്ടുന്ന ആ ഒരു അനുഭൂതി തികച്ചും വ്യത്യസ്തമല്ലേ..? ഇതുപോലെ തന്നെയാവണം ദൈവവും നമ്മളും തമ്മിലുള്ള ബന്ധം. കേവലം ആത്മീയതയുടെ അടിസ്ഥാനത്തതിലോ, മറ്റുള്ളവർ എന്ത് വിചാരിക്കുമെന്ന് കരുതിയോ, പള്ളിയിൽ വന്നാലേ വിവാഹവും മൃതസംസ്കാരവും ഉചിതമായയി നടക്കുകയുള്ളൂ എന്നൊക്കെയുള്ള ചിന്തയ്കൾക്കപ്പുറം നമ്മുടെ കണക്കുകുട്ടലിനുമധികം സ്നേഹിക്കാൻ മാത്രം അറിയുന്ന ഒരു അപ്പനും അവന്റെ മക്കളും തമ്മിലുള്ള അടിസ്ഥാന ബന്ധമായി ഇതിനെ കാണണം. സർവചരാചരങ്ങളിലും സന്നിഹിതമായിരിക്കുന്ന ദൈവീക സാനിധ്യം നമ്മളെ പോലെയുള്ള ഒരു സാധാരണ വ്യക്തിക്ക് മനസിലാവുന്നത് ദൈവാലയങ്ങളിലാണ് അവിടെ ആയിരിക്കുമ്പോൾ നമ്മൾ നമ്മുടെ സ്വന്തം ഭവനത്തിൽ ആയിരിക്കുന്ന പോലെ ഒരു തിരിച്ചറിവ് നമ്മുടെ മനസുകളിൽ ഉണ്ടാകുകയും ചെയ്യുന്നു.

കണക്കുകുട്ടലിനുമധികം സ്നേഹിക്കാൻ മേല്പറഞ്ഞ കാര്യങ്ങൾ മനസിലാവാതെ ഇരിക്കുകയാ മനസിലായിട്ടും മനസിലാകാത്തത് പോലെ നടിക്കുകയും അങ്ങനെ വരുന്ന അബദ്ധവും വ്യാജവുമായ ചിന്തകൾ അവിശുദ്ധ താല്പര്യ ലക്ഷ്യത്തോടെ ചിലർ സമൂഹത്തിൽ കുത്തിവക്കുമ്പോഴാണ് നാം എന്തിന് പള്ളിയിൽ പോകണം എന്ന പൊതുബോധ്യം സൃഷ്ടിക്കപെടുന്നത്.

ഏറ്റവും ലളിതമായി ദൈവത്തെ സ്വീകരിക്കാൻ കഴിയുന്ന ദൈവാലയത്തിൽ കയറില്ല എന്ന് വാശി എടുക്കുന്ന മിടുക്കർ ദൈവാലയത്തിന് പുറത്ത് ദൈവസാനിധ്യം തനിക്കും മറ്റുള്ളവർക്കും വേണ്ടി കൊണ്ടുവരും എന്ന് പറയുന്നത് എത്രത്തോളം അബദ്ധവും കച്ചവട താല്പര്യവുമാണെന്ന് നാം മനസിലാക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com





റവ. ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ
(MCYM. പത്തനംതിട്ട ഭദ്രാസന
അസ്സി.ഡയറക്ടർ)

# യുവജന സംഘടനകൾ എന്താണ്? എന്തിനാണ് ?

കാൽവരി മലയുടെ മുകളിലേക്ക്
മരകുരിശും വഹിച്ചു കൊണ്ട് 33
വയസുള്ള യഹൂദനായ ഒരു
ചെറുപ്പക്കാരൻ നടന്നു കയറുമ്പോൾ
ചുറ്റും നിന്നൊരു വലിയ ജനക്കൂട്ടം
ആർത്തുവിളിച്ചു അവനെ ക്രൂശിക്കുക...
അവനെ ക്രൂശിച്ചപ്പോഴും കല്ലറയിൽ
അടക്കം ചെയ്തപ്പോഴും എല്ലാം
അവസാനിച്ചു എന്ന് കരുതിയെങ്കിൽ തെറ്റി
അവൻ ശക്തനായി ഉത്ഥിതനായി
ഇന്നും ജീവിക്കുന്നു. ഇന്നും ജീവിക്കുന്ന
യേശുവിന്റെ കാലടികൾ പിന്തുടരുന്ന
മലങ്കര സുറിയാനി കത്തോലിക്ക
സഭയുടെ യുവജന പ്രസ്ഥാനമാണ്
ദെളഥദെ (മലങ്കര കത്തോലിക്കാ യുവജന
പ്രസ്ഥാനം). രണ്ടാം ക്രിസ്തുവെന്ന് ലോകം
വിശേഷിപ്പിക്കുന്ന അസിസ്സിയിലെ വി.
ഫ്രാൻസിസിന്റെ ജീവിത ശൈലിയെ
പിന്തുടർന്നു കൊണ്ട് ഇരുളടഞ്ഞ
കാലഘട്ടത്തിൽ പ്രത്യാശയുടെ കൈത്തിരി

## എന്താണ് ?

**ക**ർത്താവിന്റെ രക്ഷകരദൗത്യം അനുദിനം പരിശുദ്ധ സഭയിലൂടെ തുടരുന്നു. ലോക സുവിശേഷ വൽകരണം എന്നുള്ള വലിയ ദൗത്യം പേറുമ്പോൾ തിരുസഭ തന്റെ മക്കളെ സുവിശേഷവൽക്കരണത്തിനായി പ്രാപ്തമാക്കുന്നു. യുവത്വം ക്രൈസ്തവ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് യുവത്വത്തെ ആകർഷിക്കുന്നു. വിശ്വാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും മാതൃകാപരമായ ജീവിതം നയിച്ച് ഒരു യുവതയെ ആത്മീയമായി വളർത്തുന്നു. ആരാധന പാരമ്പര്യത്തിൽ അടിയുറച്ച ജീവിത ശൈലിയുള്ള ഒരു യുവതയെ വാർത്തെടുക്കുന്നു. അനുദിനം വളരുന്ന ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ അറിവു നേടുന്നതിനൊപ്പം മലങ്കര യുവത നന്മ ഉൾക്കൊണ്ട് വിശ്വാസ ജീവിതത്തിനും ക്രൈസ്തവ ജീവിതത്തിനും

www.malankaralibrary.com

ഉതകുന്ന വിധത്തിൽ ശാസ്ത്ര സാങ്കേതിക നന്മകളെ യുവതയുടെ ജീവിതത്തിന്റെ ഭാഗമാക്കുവാൻ പ്രാപ്തമാകുന്നു. നവയുഗത്തിൽ നാം ജീവിക്കുന്ന സമൂഹത്തിന്റെ നന്മ തിന്മകൾ തിരിച്ചറിഞ്ഞ് നേരിന്റെ പക്ഷം നിന്ന് തിന്മയെ ചെറുത്ത് തോൽപ്പിക്കുന്നതിനും നേരിന്റെ വക്താക്കളാക്കുന്നത്തിനും നീതിയുടെ പ്രവാചകരായി നമ്മുടെ പുതിയ ലോകം കെട്ടിപ്പെടുത്തുവാൻ സഹായിക്കുന്നു. ഭാരതീയ സാംസ്കാരവും ക്രിസ്തീയ ജീവിത ശൈലിയും ഒന്നാക്കുന്നിടത്ത് അന്തമായ അനുകരണത്തിനപ്പുറം വ്യത്യസ്തമായ ജീവിത ശൈലി രൂപപ്പെടുത്തുന്നു. യുവതയെ രാഷ്ട്രീയ മേഖലയിൽ നിന്ന് അകറ്റുവാൻ ചില ബാഹ്യ ശക്തികളുടെ സമ്മർദം ശക്തമാക്കുമ്പോൾ ക്രൈസ്തവ മൂല്യാധിഷ്ഠിതമായ രാഷ്ട്രീയ നേതൃത്വത്തെ രൂപപ്പെടുത്തുന്നതിനും ജീർണമായ രാഷ്ട്രീയ മേഖലയെ നവീകരിക്കുവാൻ പ്രാപ്തമാക്കുന്നു.



# എന്തിനാണ് ?

ഒരു യുവതയുടെ സമഗ്രമായ മാറ്റത്തിനും പുതിയൊരു ജീവിത ശൈലി രൂപപ്പെടുത്തുന്നതിനും സഹായിക്കുന്നു. ആത്മികവും, ബൗദ്ധികവും, സാമുഹികവും, സാംസ്കാരികവും, രാഷ്ട്രീയമായും ഒരു പുതിയൊരു ജീവിത ശൈലി രൂപ പെടുത്തുന്നു. എന്തിനു വേണ്ടി..? എഴുപതുകളുടെ തുടക്കത്തിൽ സഭയുടെ നേരെയുണ്ടായ വെല്ലുവിളികളെ ചെറുത്തുതോൽപ്പിക്കുവാൻ ഒരു സമര യൗവനത്തെ രൂപപ്പെടുത്തി സഭയുടെ കാവലാളായി മാറുവാൻ പ്രാപ്തമാകുന്നു. ക്രിസ്തീയ ജീവിതത്തിന്റെ വെല്ലുവിളികൾ ഉയരുമ്പോൾ മാറിനിൽകുവാനല്ല പിന്നെയോ ചെറുത്തുതോൽപ്പിക്കേണ്ടതിനും ഏതു വിധേനയും നേരിടുവാൻ തയാറാക്കുന്നു. എംസിവൈഎം പ്രസ്ഥാനം അന്നും ഇന്നും ജീസസ് യൂത്ത് പോലെയോ മറ്റേതെങ്കിലും ആത്മീയ പ്രസ്ഥാനം പോലെയോ അല്ല 24 മണിക്കൂറും പ്രാർത്ഥനയുടെ പ്രസ്ഥാനമല്ല പിന്നെയോ പ്രാർത്ഥനയും പ്രവർത്തിയും ഒന്നിച്ചു കൊണ്ടു പോകുന്ന പ്രസ്ഥാനമാണ്. പ്രതികരിക്കേണ്ടവയോട് പ്രതികരിക്കുന്ന പ്രസ്ഥാനമാണ്. ചുണകെട്ട യുവത്വത്തിന്റെ മൗനം വെടിയുവാനും നേരിന്റെ ശബ്ദമായി മാറാനും പ്രാപ്തമാക്കുന്നു. എന്തിനോടും സന്ധിചേരുന്ന പ്രസ്ഥാനമായി മാറുവാനുള്ളതല്ല മാറ്റേണ്ടവയേ മാറ്റുവാനും തിരുത്തേണ്ടവയെ തിരുത്തുവാനുമുള്ള സംഘടിത ശക്തിയായി മാറേണ്ടതാണ് എം.സി.വൈ.എം പ്രസ്ഥാനം. അല്ലാതെ സുരക്ഷിതത്വം നോക്കി എന്തിനോടും സമരസപ്പെടുന്ന യുവത്വമല്ലിത്. നാടിന്റെ നന്മയ്ക്കായി സഭയുടെ വക്താക്കളായി തിരുത്തൽ ശക്തിയായി മാറുവാൻ നമ്മുക്ക് കൈകൾ കോർക്കാം.....



www.malankaralibrary.com





**അഭിലാഷ് ലാസർ ജോർജ് തേരകത്ത്**
സെന്റ് ജോസഫ് മലങ്കര സുറിയാനി
കത്തോലിക്ക ചർച്ച്, ഇളമണ്ണൂർ

# അയോദ്ധ്യ ഒരു മുന്നറിയിപ്പ് ആണോ?

**വ**ർഷങ്ങൾ നീണ്ടുനിന്ന നിയമ പോരാട്ടത്തിനൊടുവിൽ അയോധ്യയിൽ രാമ ക്ഷേത്രം ഉയർന്നിരിക്കുകയാണ്. ക്രിസ്ത്യാനികളുടെ ജെറുസലേമിനെ പോലെ ഇസ്ലാമിന്റെ മക്കയെപ്പോലെ ഹൈന്ദവ സഹോദരങ്ങൾ അവരുടെ പുണ്യസ്ഥലമായി അയോധ്യായെ കാണപ്പെടുന്നു.

ഓരോ ഹൈന്ദവ സഹോദരനെ പോലെയും ഭാരതത്തിൽ ജനിച്ച ഓരോ വ്യക്തിക്കും അഭിമാനകരമായ നേട്ടമാണ് അയോധ്യയുടെ പുനർജന്മം. ഒരുപക്ഷേ എത്ര കൂട്ടിയാലും കുറച്ചാലും നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടായിരിക്കാം; അത് ഒരു യാഥാർത്ഥ്യത്തെ ഉൾക്കൊള്ളാൻ വേണ്ടി മാത്രമാണെന്ന് നാം ചിന്തിക്കേീയിരിക്കുന്നു.

'ഇന്നലെകളിൽ ഞാൻ ഇരുട്ടിൽ ആയിരുന്നു ഇന്നെനിക്ക് ഒരു പുനർജന്മം ലഭിച്ചിരിക്കുന്നു' എന്ന് രാമ ക്ഷേത്രം ചിന്തിക്കുന്നുണ്ടായിരിക്കാം. അത് അങ്ങനെ തന്നെ ആയിരിക്കട്ടെ .ഭാരതത്തിലെ ഓരോ നേട്ടവും സൃഷ്ടിയും ഇവിടെ ജീവിക്കുന്നവരുടെയും ജീവിച്ചു മരിച്ച വ്യക്തിത്വങ്ങളുടെയും സംഭാവനകൾ മാത്രമാണ്. മറുവശത്ത് നാം കാണേണ്ടത് ഇവിടുത്തെ ദൃഢതയുള്ള ഒരു നിയമവ്യവസ്ഥയാണ്. ഇവിടെ രാമ ക്ഷേത്രം പൂർത്തീകരിച്ചത് കൊണ്ട് ആരുടെയും സ്വാർത്ഥ താല്പര്യമല്ല ജയിക്കപ്പെടുന്നത്. മറിച്ച് നമ്മുടെ നിയമ വ്യവസ്ഥയാണ് ഉയർത്തപ്പെടുന്നത്.

ഹിന്ദു എന്നോ മുസൽമാൻ എന്നോ ക്രിസ്ത്യൻ എന്നോ വേർതിരിവ് കാണിക്കാതെ സത്യം ജയിക്കണമെന്നുള്ള ഉത്തമ ബോധ്യം ഇവിടുത്തെ നിയമ വ്യവസ്ഥയ്ക്കുണ്ട്. ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടുന്നില്ല എന്ന് ലോകത്തോട് വിളിച്ചുപറയാൻ നമ്മുടെ നിയമവ്യവസ്ഥയ്ക്ക് സാധിക്കുന്നുണ്ട്. അതു തന്നെയാണ് നമ്മുടെ മുതൽക്കൂട്ട്.

വിശുദ്ധ ബൈബിളിൽ പറയുന്നു, 'ന്യായം വിധിക്കുന്നതിൽ പക്ഷപാതം കാണിക്കാതെ ചെറിയവൻറെയും വലിയവന്റെയും വാദങ്ങൾ ഒന്നുപോലെ കേൾക്കണം. ന്യായവിധി ദൈവത്തിന്റേതാകയാൽ നിങ്ങൾ മനുഷ്യനെ ഭയപ്പെടേണ്ടാ. നിങ്ങൾക്കു തീരുമാനിക്കാൻ പ്രയാസമുള്ള തർക്കങ്ങൾ എന്റെയടുക്കൽ കൊണ്ടുവരുവിൻ. ഞാനവ തീരുമാനിച്ചുകൊള്ളാം.' (നിയമാവർത്തനം 1: 17)





www.malankaralibrary.com


# മനുഷ്യർ പണിത ഗോപുരത്തിന് എന്ത് മേന്മയുണ്ട് ?

പണിയേണ്ടത് ദൈവമല്ല ദൈവത്താൽ തകർക്കപ്പെട്ട ഗോപുരത്തെക്കുറിച്ച് ബൈബിളിൽ പ്രതിപാദിക്കുന്നുണ്ട്. ഉൽപ്പത്തി പുസ്തകം ഒമ്പതാം അധ്യായത്തിൽ സ്വന്തം ഭാഷയും സംസ്കാരവും തേടിപ്പോയ മനുഷ്യരാൽ നിർമ്മിക്കപ്പെട്ട ഗോപുരം നശിപ്പിക്കപ്പെട്ടത് നാം ഓർക്കുന്നില്ലേയോ? (ബാബേൽ ഗോപുരം) ഇവിടെ തകർക്കപ്പെടേണ്ടത് മനുഷ്യന്റെ ഭൗതിക ചിന്തകൾ ആണെന്നും ഭൗതികതയിൽ പണിയുന്ന ഒന്നിനും ശാശ്വതമായ നിലനിൽപ്പ് ഇല്ല എന്നും നമ്മെ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ദൈവത്തിന്റെ നിർദ്ദേശപ്രകാരം ആത്മീയതയിൽ പണിത എന്തും യഥാകാലം ഭൂമിയിൽ നിലനിൽക്കുന്നു എന്നതിന് ഉദാഹരണമാണ് തന്റെ പിതാവായ ദാവീദിനു കർത്താവ് പ്രത്യക്ഷനായ സ്ഥലത്ത് ആലയം പണിയുവാൻ സോളമനാൽ നിയോഗ്യതമായ ജറുസലേം ദൈവാലയം.

# ഓർക്കുന്നില്ലേ ഹഗിയ സോഫിയ? ഇവിടെ മറ്റൊരു അയോധ്യ ആകുമോ ഹഗിയ സോഫിയ?

ആയിരം വർഷത്തോളം നിലനിന്നിരുന്ന ലോകത്തെ ഏറ്റവും വലിയ ക്രിസ്ത്യൻ പള്ളി പിന്നീട് മസ്ജിദ് ആക്കപ്പെട്ടു. ക്രിസ്ത്യാനികളിൽനിന്നു വില കൊടുത്തു വാങ്ങി മസ്ജിദാക്കി വഖഫ് ചെയ്ത കെട്ടിടമാണ് ഹാഗിയാ സോഫിയ എന്ന് തുർക്കി സർക്കാർ വാദിക്കുന്നു. ഉപോദ്ബലകമായി സമർപ്പിക്കപ്പെട്ട രേഖ ഹാഗിയ മസ്ജിദ് ആണെന്നതിനു തെളിവായി കോടതി സ്വീകരിക്കുകയായിരുന്നു. എന്നാൽ ഈ രേഖ വ്യാജമാണെന്നാണ് നിയമവിദഗ്ദർ അഭിപ്രായപ്പെടുന്നത്. വില്പന പത്രം എന്ന പേരിൽ തുർക്കി സർക്കാർ പ്രദർശിപ്പിച്ചത് വില്പന രേഖ അല്ല അത് സുൽത്താൻ മെഹ്മദ് രണ്ടാമൻ ഹാഗിയ സോഫിയ വഖഫ് നൽകിയ ട്രസ്റ്റ് ഡീഡിന്റെ ഒരു പേജ് മാത്രമാണ്. അതിൽ വില്പനയുടെ കാര്യം ഒന്നും പറയുന്നില്ല എന്നാണ് ഹാർവാർഡ് യൂണിവേഴ്സിറ്റി ലോ കോളേജ് പ്രസിദ്ധീകരണം ആയ ഹാർവാർഡ് ലാറിവ്യൂ പറയുന്നത്. 1262 വരെ കത്തോലിക്ക സഭയുടെ കത്ത്രീഡ്രലായും, 1453 മുതൽ മസ്ജിദായി നിലകൊണ്ട ഈ ബൈസാന്റിയൻ നിർമ്മിതി 1935 ൽ കമാൽ അത്താത്തുർക്കിന്റെ ഭരണകാലത്ത് മ്യൂസിയമാക്കി മാറ്റപ്പെട്ടു.

കോൺസ്റ്റാന്റിനോപ്പിൾ ഭരണാധികാരിയായിരുന്ന കോൺസ്റ്റാന്റിയസ് രണ്ടാമനാണ് ആദ്യ കെട്ടിടത്തിന്റെ ശില്പി. എ.ഡി.360 ലാണ് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. പ്രാചീന ലത്തീൻ വാസ്തുകലാ ശൈലിയിൽ നിർമ്മിച്ച കെട്ടിടം അക്കാലത്തെ മികച്ച ക്രിസ്തീയ ദൈവാലയങ്ങളിൽ ഒന്നായിരുന്നു. AD 440 ലെ കലാപപരമ്പരകളിൽ ആദ്യ പള്ളിയുടെ സിംഹഭാഗവും കത്തി നശിച്ചിരുന്നു. തിയോഡോഷ്യസ് രണ്ടാമന്റെ നേതൃത്വത്തിൽ 405 ഒക്ടോബർ 10 നാണ് രണ്ടാമത്തെ കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെടുന്നത്. 532 ജനുവരിയോടെ അതും നശിപ്പിയ്ക്കപ്പെട്ടു. 532 ഫെബ്രുവരി 23 നാണ് ജസ്റ്റീനിയൻ ഒന്നാമൻ ചക്രവർത്തി മൂന്നാമതൊരു ദൈവാലയം നിർമ്മിയ്ക്കാൻ തീരുമാനിച്ചത്. ശാസ്ത്രജ്ഞനായിരുന്ന ഇസിഡോർ മിലെറ്റസും, ഗണിതജ്ഞനായിരുന്ന അന്തിമിയസുമാണ് ശില്പികളായി തിരഞ്ഞെടുക്കപ്പെട്ടത്. ഗ്രീസിൽ നിന്നും ഈജിപ്റ്റിൽ നിന്നും സിറിയയിൽ നിന്നും ഇറക്കുമതി ചെയ്ത വിവിധ വർണ്ണങ്ങളിലുള്ള മാർബിൾ പാളികളുപയോഗിച്ചായിരുന്നു നിർമ്മാണം. 537 ഡിസംബർ 27 നോട്കൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ആയിരം വർഷത്തോളം ഇത് ലോകത്തെ ഏറ്റവും വലിയ ക്രിസ്ത്യൻ പള്ളിയായി നിലനിന്നു. ബൈസാന്റിയൻ ഭരണാധികാരികളുടെ കിരീടധാരണം ഈ പള്ളിയിൽ വച്ചായിരുന്നു നടന്നിരുന്നത്. 1453 ൽ മുഹമ്മദ് ദ് കോൺക്വറർ (Muhammed the Conqueror) എന്നറിയപ്പെടുന്ന ഓട്ടമൻ സുൽത്താൻ മെഹ്മെത് രണ്ടാമൻ, കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയതോടെ, ഹഗിയ സോഫിയ അദ്ദേഹത്തിന്റെ കീഴിലായി. മക്കക്കു നേരെ തിരിഞ്ഞിരിക്കുന്ന ഒരു മിഹ്റാബും ഒരു പ്രാർത്ഥനാ മണ്ഡപവും ചേർത്ത് അദ്ദേഹം ഈ പള്ളിയെ ഒരു മസ്ജിദ് ആക്കി മാറ്റി എന്തിരുന്നാലും എത്ര മൂടിവച്ചാലും കാലം അതിന് കാത്തുവച്ച നീതി നടപ്പാക്കിയിരിക്കും. അതിനൊരു ഉദാഹരണം മാത്രമാണ് അയോധ്യയിൽ ഉയർന്നുവന്ന രാമ ക്ഷേത്രം. ഹഗിയ സോഫിയ നാളെ ഉയർത്തെഴുന്നേൽക്കും എന്നുള്ള വിശ്വാസം നമ്മളിൽ ഉണ്ടാകട്ടെ എന്ന് പ്രതീക്ഷിക്കാം...



www.malankaralibrary.com





ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 25-28

# മതസ്വാതന്ത്ര്യത്തിനുള്ള അവകാശം



Adv. Shini Mary Sanu
High Court of Kerala

## ഇന്ത്യൻ രാഷ്ട്രീയം

മതസ്വാതന്ത്ര്യത്തിനുള്ള അവകാശം എല്ലാ ഇന്ത്യക്കാർക്കും ഭരണഘടന അനുച്ഛേദം 25 മുതൽ 28 വരെ ഉറപ്പുനൽകുന്നു.

## എന്താണ് മതേതരത്വം?

മതേതരത്വം എന്ന വാക്കിന്റെ അർത്ഥം മതത്തിൽ നിന്ന് വേർപെടുത്തുക എന്നാണ്.

അത് സർക്കാരിൽ നിന്ന് മതത്തെ വേർപെടുത്തുന്നു, ജീവിതത്തിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വശങ്ങൾ. ഇവിടെ മതം തികച്ചും വ്യക്തിപരമായ കാര്യമാണ്. മതേതര രാജ്യമാണ് ഇന്ത്യ. എന്നിരുന്നാലും, ഇന്ത്യയിൽ എല്ലാ മതങ്ങൾക്കും വിശ്വാസങ്ങൾക്കും തുല്യമായ ബഹുമാനം ഉണ്ടെന്നും ഇത് അർത്ഥമാക്കുന്നു. ഈ വാക്ക് ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ ഭാഗമാണ്. ഭരണഘടനയുടെ 42-ാം ഭേദഗതിയിലൂടെയാണ് ഇത് ചേർത്തത്. ഈ ആശയത്തിന് ഇന്ത്യൻ ജനാധിപത്യത്തിൽ വലിയ പരിഗണനയുണ്ട്. നൂറ്റാണ്ടുകളായി ഈ രാജ്യത്ത് നിലനിന്നിരുന്ന അനേകം വിശ്വാസങ്ങൾ കാണുമ്പോൾ മതേതരത്വവും ഇന്ത്യൻ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമാണ്. ഇന്ത്യയിലെ എല്ലാ മതവിഭാഗങ്ങൾക്കും യാതൊരു വിവേചനവുമില്ലാതെ ഒരേ അധികാരമുണ്ട്. മതേതരത്വത്തിന്റെ ഇന്ത്യൻ, പാശ്ചാത്യ മാതൃകകൾ മുകളിൽ വിശദീകരിച്ചതുപോലെ, മതേതരത്വം എന്ന പദം, മതത്തിൽ നിന്ന് ഭരണകൂടത്തെ വേർതിരിക്കുന്നതിനെ സൂചിപ്പിക്കുന്നു എന്നിരുന്നാലും, ഈ ആശയത്തിന് ഇന്ത്യൻ രാഷ്ട്രീയത്തിലും പാശ്ചാത്യ രാഷ്ട്രീയത്തിലും അല്പം വ്യത്യസ്തമായ അർത്ഥങ്ങളുണ്ട്. ഇത് ചുവടെ ചർച്ചചെയ്യുന്നു.

www.malankaralibrary.com



പാശ്ചാത്യ മാതൃകയിൽ, മതേതരത്വം എന്നത് സഭയിൽ നിന്ന് ഭരണകൂടത്തെ പൂർണ്ണമായി വേർപെടുത്തുന്നതിനെ സൂചിപ്പിക്കുന്നു. ഇത് അതിന്റെ ഉത്ഭവം ഫ്രഞ്ച് വിപ്ലവത്തിന് കടപ്പെട്ടിരിക്കുന്നു, അവിടെ വിപ്ലവം ഒരു 'മതേതര' സർക്കാർ സ്ഥാപിക്കാൻ ശ്രമിച്ചു, അത് സഭയെയോ പുരോഹിതന്മാരെയോ സ്വാധീനിക്കില്ല. രണ്ട് സ്ഥാപനങ്ങളും (പള്ളിയും സർക്കാരും) പരസ്പരം ഡൊമെയ്നുകളിൽ ഇടപെടില്ല. എന്നിരുന്നാലും, ഇന്ത്യയിൽ, ഭരണകൂടവും മതവും വെള്ളം കയറാത്ത അറകളല്ല. ഭരണകൂടം എല്ലാ മതങ്ങളിൽ നിന്നും തുല്യ അകലം പാലിക്കേണ്ടതുണ്ടെങ്കിലും, സർക്കാരിന്റെ സ്വാധീനം പരിമിതമായ രീതിയിലാണെങ്കിലും മതപരമായ കാര്യങ്ങളിൽ വ്യാപിക്കുന്നു.



ഒരു മത സ്ഥാപനത്തിനും സംസ്ഥാനം സാമ്പത്തിക സഹായം നൽകാത്ത പാശ്ചാത്യ മാതൃകയിൽ നിന്ന് വ്യത്യസ്തമായി, ഇന്ത്യയിൽ, സംസ്ഥാനം ഒരു നല്ല ഇടപെടൽ മാതൃകയാണ് തിരഞ്ഞെടുത്തത്. മതന്യൂനപക്ഷങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള അവകാശം ഭരണകൂടം നൽകുന്നു, ചില സന്ദർഭങ്ങളിൽ ഈ സ്ഥാപനങ്ങൾക്ക് സഹായവും നൽകുന്നു. ഇന്ത്യയിൽ, സമൂഹത്തെക്കുറിച്ചും സംസാരിക്കുമ്പോൾ, മതേതരത്വം എന്ന വാക്കിനേക്കാൾ ബഹുസ്വരത എന്ന വാക്ക് അനുയോജ്യമാണ്. പാശ്ചാത്യ സമൂഹങ്ങൾ ഈ അടുത്ത കാലം വരെ ഏറ്റവും കുറഞ്ഞ മതപരമായ (മറ്റ്) ന്യൂനപക്ഷ വിഭാഗങ്ങളുമായി ഏകതാനമാണ്. ഇന്ത്യയിൽ, നൂറ്റാണ്ടുകളായി, പല മതവിഭാ ഗങ്ങളും എല്ലാ അർത്ഥത്തിലും ഇടങ്ങൾ പങ്കിടുകയും ഒരുമിച്ച് അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തിട്ടുണ്ട്.



www.malankaralibrary.com

# Poem





I live in a prison that is inescapable,
Lost in my thoughts that spins around me,
Like a tornado of worry and of doubt,
For they want me to collapse and conceal,
Waggling me into unsettling movements.
I yearn for a mind like a meadow,
And all I see is a mind like traffic,
with thoughts that hurts me,
For mind is such a terrible place,
Bound by chains of agony, misery,
and blinded by the torment of life,
It's a mess inside my head,
Will I be able to find order in this chaos?
And put an end to this uneasiness.
Is this the life I'm supposed to live?
Can I be stronger than my mind?
Decide.
Don't let them win.
Inhale confidence.
Exhale the doubt and
Decide

Adv. kalyani Mahesh.
(Kerala High Court)



www.malankaralibrary.com





# Promotion of Health Is the need of the hour



Dr. Vikram Gowda N R
Vice Principal – Administration
Prof & HOD Physiology
Pushpagiri Institute of
Medical Sciences & RC

Is age old sayingbeing promoted among all health professionals and elders in family. As a health care provider, I feel as per present condition and unpredictability of nature in form of disease outbreak or natural calamities would like to suggest that promoting and maintaining health will help in tackling health hazards we are expected to face in coming days. Prevention always focuses on avoiding specific diseases or health conditions, health promotion helps to improve overall wellbeing and lifestyle decisions we take in day today life. Promotion is health is considered to be more proactive and comprehensive when compared to prevention of health.

Few reasons why we need to promote health

www.malankaralibrary.com





## Empowerment

Unlike prevention where individuals follow blindly certain rituals to avoid risks in life. In empowerment the individual decides to take positive decision and choices he decides to follow which will promote health. It will not only make this decision responsible but also encourages to have a certain sense of control over one's habits.

## Long term results

Health promotion leads to life style adaptations or changes brought for sustainable living. Life style adaptations both in for of eating habits which promotes health and mild to moderate exercise will always yields better health benefits in long term. Dietary habits having balanced diet with intermit-tent fasting will have good benefits and boost your immunity along with healthy mind. Many of our health conditions in present generation are due to imbalance in our hormones which are primary to stress, hence a healthy gut will always maintain a healthy mind which will help in prevention of various such abnormalities

## Community Engagement

Community based interventions play a significant role in health promotion, spiritual activity and medi-tating regularly helps in getting your breathing to a synchronous fashion. A synchronous breathing has good favorable effect on heart and brain in form of better circulation and good benefits. It also recognizes the role of social determinants and encourages co-op-eration among individuals and cheerfulness among people around us. Thus, a healthy neighborhood promotes health for all.

In conclusion by promoting positive behaviors and attitudes, health promotion can lead to healthy mind and better health condition improving quality of life and better state of mind to tackle disease or abnor-malities of our body.



www.malankaralibrary.com


# കചടതപ

“കചടതപ” എന്ന ഈ പംക്തി കുട്ടികളുടെയും യുവജനങ്ങളുടെയും സർഗാത്മകമായ കഴിവുകൾ വളർത്തുന്നതിനും പുതിയ ആശയങ്ങൾ പങ്കിടാനുമുള്ള ഇടമാകട്ടെ.

## വര



*നിഖിൽ സാനു വർഗീസ്*
സെന്റ് ജോസഫ് മലങ്കര
കത്തോലിക്ക ഇടവക, വാളക്കുഴി



Bishop Thomas Mar Dioscoros

www.malankaralibrary.com



ലിബി

## പാടാൻ പാട്ടുകൾ നൽകി ആൾക്കൂട്ടത്തിൽ

# തനിയെ ഒരാൾ



**കേ**രള ക്രൈസ്തവർക്കിടയിൽ പ്രസിദ്ധിയാർജിച്ച ഇമ്പകരമായ പല ഗാനങ്ങൾ പാടുകയും രചിക്കുകയും സംഗീതം നൽകുകയും ചെയ്ത മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗമായ ശ്രീ മൊബെറ്റ് രാജൻ.

'മിന്നാമിന്നി പോലെ മിന്നിത്താരമെങ്ങും' എന്ന പാട്ട് കേട്ടാസ്വദിക്കാത്ത മലയാളികളില്ല. യൽദോ (ക്രിസ്മസ്) പെരുന്നാളിനോട് അനുബന്ധിച്ചു പല പരിപാടികളിലും ഒഴിച്ചു കൂടാനാവാത്ത ഈ ഗാനത്തിനു ഈണം നൽകിയത് ശ്രീ മൊബെറ്റ് രാജനാണെന്ന് നമ്മിൽ എത്രപേർക്ക് അറിയാം.? 2006 ൽ ജോലിസ്ഥലത്തുണ്ടായ ഒരപകടവുമായി ബന്ധപ്പെട്ട് ചികിത്സയിലിരിയ്ക്കേ ഈ ഗാനത്തിന്റെ വരികൾ എഴുതിയ ബഹുമാനപ്പെട്ട ഷാജി തുമ്പേചിറയിൽ അച്ചനുമായുണ്ടായ പരിചയമാണ് സംഭവബഹുലമായ സംഗീത ലോകത്തുള്ള തന്റെ ജീവിതം ആരംഭിച്ചത്. 'മുറിയുന്ന തിരുവോസ്തിയിൽ' എന്ന ഗാനം ആണ് ആദ്യം രചിച്ചത്.

**മൊബെറ്റ് രാജൻ**
**98463 96231**

മൊബെറ്റ് രാജന്റെ പാട്ടുകൾ കാണാൻ സ്കാൻ ചെയ്യുക

www.malankaralibrary.com


കർത്താവിനെ ഇനി എല്ലാവരും രക്ഷകനും നാഥനുമായി ഉദ്ഘോഷിക്കട്ടെ' എന്ന 'രണ്ടാം വരവിൻ അമ്മേ മേരി കന്യാമാതാവേ' എന്ന ഗാനത്തിന്റെ വരിയുടെ അർത്ഥം പോലെ, ഈ ലോകം മുഴുവനും മോറാൻ യേശുമിശിഹായെ അവരുടെ രക്ഷകനും നാഥനുമായി പ്രഘോഷിക്കട്ടെ എന്നതാണ് ശ്രീ മൊബെറ്റ് രാജന്റെ ആഗ്രഹവും അദ്ദേഹത്തിന്റെ ദൗത്യവും. ഒരു പ്രാവശ്യം പാടുന്നവർ രണ്ടു പ്രാവശ്യം പ്രാർത്ഥിക്കുന്നു എന്നാണ് പറയപ്പെടുന്നത് അപ്പോൾ തനിക്ക് ലഭിച്ചിരിക്കുന്ന ഈ കഴിവ് കൊണ്ട് ഗാനങ്ങൾ രചിച്ചും ഈണം നൽകിയും ആളുകളെ അവർ പോലും അറിയാതെ തന്നെ കർത്താവിനോട് പ്രാർത്ഥിക്കുവാൻ പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്ന വ്യക്തിയാണ് ശ്രീ. മൊബെറ്റ് രാജൻ. പ്രതിഫലം ഇച്ഛിക്കാതെ ത്രിയേക ദൈവത്തിന്റെ വലിയ തിരുനാമം മഹത്വപ്പെടുത്തുവാനായി ജീവിതം തന്നെ മാറ്റിവെച്ച ഈ അനുഗ്രഹീത കലാകാരൻ മലങ്കര സഭാംഗമാണെന്നുള്ളതിൽ മലങ്കര സഭക്ക് എന്നും അഭിമാനിയ്ക്കാം.

നിർമ്മലയാം കന്യേ
താപസ്സ ഗുരുവാം താതാ
ദൂരെ താരകം മിന്നി
ആരോരുമില്ലാതെ
ഉണ്ണി പൊന്നുണ്ണി
ക്രിസ്ത്മസ്സിൻ രാവണഞ്ഞു
അമ്മ മേരിക്കൊപ്പം
കാണുന്നു സ്ത്രീയെ
ദൂതർ പാടിയ പാട്ടുകൾ
അമ്മേ മേരി മാതേ
കരോൾ പാട്ടിൻ സംഘം
ഏലോഹി ഏലോഹി ല്മ
സബ്ക്കത്താനി
മിന്നിമായും മിന്നാലോളി പോലെ

തുടങ്ങിയ ഗാനങ്ങളും, ഫാ. ഷാജി തുമ്പേചിറയിലും മാവേലിക്കര ഭദ്രാസനത്തിലെ ഫാ. മാത്യൂസ് കുഴിവിളയും ചേർന്നൊരുക്കിയ 'ദൂതരോത്ത് വാനിടത്തിൽ' എന്നു തുടങ്ങുന്ന ദൈവദാസൻ പണിക്കരുവീട്ടിൽ ഗീവർഗീസ് മോർ ഇവാനിയോസ് വലിയ മെത്രാപോലീത്തായെ കുറിച്ചുള്ള ഗാനം ആലപിച്ചതും ശ്രീ മൊബെറ്റ് രാജനാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മാവേലിക്കര ഭദ്രാസനത്തിലെ ചെങ്ങന്നൂർ വൈദീക ജില്ലയിലെ ഇലഞ്ഞിമേൽ ഇടവക അംഗം ആയിരിക്കുന്ന ശ്രീ മൊബെറ്റ് രാജന്റെ ജനനം 1981 സെപ്റ്റംബർ 17 നാണ്. ഇപ്പോൾ മാതാപിതാക്കളോടും ഭാര്യയോടും നന്മ, അബ്രാം എന്നീ രണ്ടു മക്കളോടുമൊപ്പം സന്തോഷത്തോടെ കഴിയുന്നു. തുടർന്നുള്ള ജീവിതയാത്രയിൽ മലങ്കര മക്കളുടെ പ്രാർത്ഥനയും ഭാവുകങ്ങളും ആശംസിയ്ക്കുന്നു.



www.malankaralibrary.com

# TIMELINE

# മലങ്കര സഭ ഫെബ്രുവരിയിൽ

**1929 ഫെബ്രു 16**

യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ മെത്രാഭിഷേകം (മലങ്കര ഓർത്തഡോക്സ് സഭയിൽ) കോട്ടയത്തു വച്ചു നടന്ന ഈ മെത്രാഭിഷേകത്തിന് മൂന്നാം കാതോലിക്ക ബാവ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ബാവ മുഖ്യകാർമികനും വട്ടശ്ശേരിൽ മാർ ദിവാന്നിയോസ് മെത്രാപ്പോലീത്ത, ബഥനിയുടെ മെത്രാപ്പോലീത്ത ഗീവർഗീസ് മാർ ഇവാനിയോസ് എന്നീ തിരുമേനിമാർ സഹകാർമ്മികരും ആയിരുന്നു.

**1943 ഫെബ്രുവരി 22**

തോമസ് ദിയസ്കോറോസ് തിരുമേനി കാലം ചെയ്തു. തിരുമൂലപുരം സെന്റ്. മേരിസ് ദൈവാലയത്തിൽ കബറടക്കി..

**1965 ഫെബ്രുവരി 22**

തിരുവനന്തപുരം അതിഭദ്രാസന ദൈവാലയ പ്രതിഷ്ഠ (സെന്റ്.മേരിസ് കത്തീഡ്രൽ )

**1968 ഫെബ്രുവരി 28**

'യുവദീപം' എന്ന പേരിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ആദ്യ യുവജന പ്രസ്ഥാനം തിരുവല്ലയിൽ രൂപീകൃതമായി. പ്രഥമ പ്രസിഡണ്ടായി ശ്രീ. വർഗീസ് കരിപ്പായിൽ തിരഞ്ഞെടുക്കപ്പെട്ടു.

**1979 ഫെബ്രുവരി 2**

ബത്തേരി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായി സിറിൽ മാർ ബസേലിയോസ് തിരുമേ നിയുടെ സ്ഥാനാരോഹണം.

**1986 ഫെബ്രുവരി 8**

വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ മലങ്കര സഭ സന്ദർശനം (തിരുവനന്തപുരം സെന്റ്. മേരിസ് കത്തീഡ്രൽ).



**1996 ഫെബ്രുവരി 11-13**

പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷൻ അക്കിലെ കർദിനാൾ സിൽവെസ്ത്രീനിയുടെ മലങ്കര സുറിയാനി കത്തോലിക്കാ സഭ സന്ദർശനം.

**1996 ഫെബ്രുവരി 13-21**

സി.ബി.സി.ഐ. സമ്മേളനം തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിൽ.

**1997 ഫെബ്രുവരി 5**

ബത്തേരി ഭദ്രസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

**2003 ഫെബ്രുവരി 6**

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായി അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ സ്ഥാനാരോഹണം.

**2005 ഫെബ്രുവരി 10**

മലങ്കര സുറിയാനി കത്തോലിക്ക മേജർ ആർക്കി എപ്പിസ്കോപ്പൽ സിംഹാസന സ്ഥാപനം.

**2005 ഫെബ്രുവരി 19**

തിരുവനന്തപുരം അതിഭദ്രാസന സഹായ മെത്രാൻ, വടക്കേ അമേരിക്കയുടെയും യൂറോപ്പിന്റെയും അപ്പസ്തോലിക് വിസിറ്റേറ്റർ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ മെത്രാഭിഷേകം.

**2007 ഫെബ്രുവരി 8-10**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കാതോലിക്കാ ബാവയെ തിരഞ്ഞെടുക്കാനുള്ള പ്രഥമ സൂനഹദോസ് തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ.

**2007 ഫെബ്രുവരി 10**

മലങ്കര സുറിയാനി കാത്തോലിക്ക സഭയുടെ മേജർ കാതോലിക്കാ ബാവയായി മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് ഐസക് മാർ ക്ലീമിസ് തിരുമേനിയെ പരിശുദ്ധ സൂന്നഹദോസ് തിരഞ്ഞെടുത്തു.

**2007 ഫെബ്രുവരി 16**

മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായി അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം. തിരഞ്ഞെടുത്തു..


**2008 ഫെബ്രുവരി 9**

മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷനായി അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

**2014 ഫെബ്രുവരി 11**

മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവ സി.ബി. സി.ഐ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

www.malankaralibrary.com




# മലങ്കര സുറിയാനി കത്തോലിക്കാ സഭ

# കാതോലിക്കാ ദിനം

## 2024 ഫെബ്രുവരി 4

# ആശംസകൾ